

# മലങ്കര സഭ

The Malankara Sabha

malankarasabha.in

Rs. 15

സെപ്റ്റംബർ 2012

The Official Media of Indian Orthodox Church

MY LORD AND MY GOD



SPECIAL Catholicate Centinary

# ശതകം

വേദങ്ങൾ തംബുരു മീട്ടും
ഭാരത ഭൂവിതിലായ്
മാർത്തോമ്മാ തിലകം ചാർത്തിയ
സഭയാം തിരുസഭയേ

അകളങ്കിതമായിടുമാത്മ–
ക്കൈവഴികൾ നീട്ടി
ഇനിയും നീ സ്വർഗ്ഗസ്ഥൻ മൊഴി
സദയം പാടിടുക

അസതോമാ പാടിയുണർത്തു–
മൊരാത്മീയത്തിരയിൽ
കുരിശേറിയ രക്ഷക ചരിതം
ലയമായ് ചേർന്നൊഴുകി

വിരിമാറിൽ സ്നേഹം സേവന–
മൊന്നായ് വിരവോടെ
നസ്രാണിക്കൂട്ടം വാഴ്വൂ
രണ്ടു സഹസ്രമതായ്

ബലഹീനത നീക്കാൻ നീളേ
മിഴിനീർക്കണമോടും
ഇനിയും സ്നേഹിതരെത്തേടാൻ
ചിത്തവെടിപ്പോടും

ഗുരുമൊഴികൾ കണിയായ്
ദിനവും കണ്ണു തെളിച്ചീടും
ശരിയാം വിശ്വാസം കാക്കും
മലയാങ്കരയിതു താൻ.



എത്യോപ്യൻ പാത്രിയർക്കീസ് മാർ ആബൂനാ പൗലോസിന് വിട.

## സ്മരണം

## പ്രഥമം

രാഷ്ട്രപതി ശ്രീ. പ്രണബ് കുമാർ മുഖർജിക്ക് അഭിനന്ദനങ്ങൾ



# WEDDING



കൊല്ലം രണ്ടാംകുറ്റി പുഷ്പമംഗലത്ത് പി.ജി. ഇട്ടിപ്പണിക്കരുടെയും, ആശയുടെയും മകൻ **ഡോ. ജോർജ്ജിയും**, കായംകുളം കന്നയിൽ അഡ്വ. ജോസഫ് ജോണിന്റെയും, ലാനയുടെയും മകൾ **ഡോ. സഞ്ജനയും** 29 ജൂലൈ 2012–ന് കൊല്ലം സെന്റ്. തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ **പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ** മഹനീയ കാർമ്മികത്വത്തിൽ വിവാഹിതരായി.

കേന്ദ്രമന്ത്രി കെ.സി. വേണുഗോപാൽ, ധനകാര്യമന്ത്രി കെ.എം. മാണി, ചീഫ് വിപ്പ് പി.സി. ജോർജ്, ഹൈക്കോടതി ജഡ്ജിമാർ, എം.പി.മാർ, എം.എൽ.എമാർ, മുൻമന്ത്രിമാർ, സഭാ സെക്രട്ടറി ഡോ. ജോർജ് ജോസഫ് തുടങ്ങി ഒട്ടേറെ പ്രശസ്ത വ്യക്തികൾ സംബന്ധിച്ചു.




# മലങ്കരസഭ

ലക്കം 9,
പുസ്തകം 69
സെപ്റ്റംബർ 2012

ദേവലോകം, കോട്ടയം -04. ഫോൺ: 0481 - 2573234
Fax : +91 481 2573234



5 മഹാപുരോഹിത സന്ദേശം

6 എഡിറ്റോറിയൽ
സൈബർ ഭീകരത
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

8 ശതാബ്ദി ചിന്ത
പൊരുളും പ്രസക്തിയും
- ഡോ. യാക്കോബ് മാർ ഐറേനിയോസ്

23 ഗസ്റ്റ്
പ്രതിസന്ധികൾ അനുകൂല....
- ഡോ. ഡാർളി എസ്. മാമ്മൻ

9 ശതാബ്ദി ചിന്ത
ശതാബ്ദി കഴിഞ്ഞു. ഇനി...?
- ഡോ. എം. കുര്യൻ തോമസ്

24 നമ്മിലൊരാൾ
വെളിച്ചത്തിനായി...
- ജോസഫ് ജാക്സൺ

14 ശതാബ്ദി ചിന്ത
മാത്തോമ്മൻ പൈതൃകം
- ഡോ. അലക്സ് ഫിലിപ്പ്, ചാത്തന്നൂർ

34 ശതാബ്ദി ചിന്തകൾ
മലങ്കരയുടെ മഹർഷിവര്യൻ
- ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

22 ആഗോളം
എത്യോപ്യൻ പാത്രിയർക്കീസ്....
- വി.ജെ.റ്റി

37 കവിത
ആദം
- റ്റുബി ഇടമുറുക്

28 ഓർമ്മച്ചെപ്പ്
പഞ്ചക്ഷതങ്ങളുടെ അത്ഭുതകന്യക
- ഫാ. മുകളിൽ

44 കവിത
മാവു വെട്ടുന്നു
- ഷാജി കൂടൽ

### സ്ഥിരം പംക്തികൾ

ധ്യാനപംക്തി, വനിതാസഭ, ആയുർദർശനം, പിൻമൊഴി, സമ്യഗ് ദർശനം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.




മലങ്കരസഭ
MALANKARASABHA.IN

# CONTENTS

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മാധ്യമം

മലങ്കരസഭ

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481- 2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481- 2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

EDITORIAL BOARD

*Graphic Designing:-*
Jinto Kurichy at
Malankara Sabha, Devalokam.

*Cover:-*
F&M Innovative Concepts

**വരിസംഖ്യ**

| | |
|---|---|
| ***ഇന്ത്യയിൽ*** | |
| *ഒറ്റപ്രതി* | *: 15 രൂപ* |
| *ഒരു വർഷം* | *: 150 രൂപ* |
| *3 വർഷം* | *: 450 രൂപ* |
| ***വിദേശത്തേക്ക്*** | |
| *ഒരു വർഷം* | *: 2000 രൂപ* |



# ഗുരുമൊഴി



**മാത്യൂസ് മാർ ബർന്നബാസ്**
**(മലങ്കരസഭ മുൻ പ്രസിഡന്റ്)**

എപ്പോഴും സന്തോഷിക്കുക എന്നത് ഏവർക്കും സന്തോഷകരമാണ്. ആർക്കാണ് ദുഃഖം വേണ്ടത്. ആർക്കാണ് വെറുപ്പ് വേണ്ടത്. എല്ലാവർക്കും സന്തോഷം മതി. എല്ലാവർക്കും മറ്റുള്ളവരുടെ സ്നേഹം വേണം.

ഏവരേയും സ്നേഹിക്കുന്ന ഒരു സ്വഭാവം വളർത്തിയിട്ടുണ്ടെങ്കിൽ മാത്രമേ കർത്താവിൽ സന്തോഷിക്കുന്ന അനുഭവം ഉണ്ടാകൂ.

തോൽവികൾ വരുമ്പോൾ അതിന്റെ കാരണം കണ്ടുപിടിക്കുന്നെങ്കിൽ വിജയത്തിലേക്കുള്ള ചവിട്ടുപടിയാകും. പലരും തോൽവി വരുമ്പോൾ നിരാശപ്പെട്ടു പോകും. ഇതിന്റെ കാരണം കണ്ടുപിടിക്കുവാനുള്ള പരിശ്രമം വേണം.

കഷ്ടത വരുമ്പോൾ ദൈവം നമ്മെ തള്ളിക്കളഞ്ഞു എന്നു വിചാരിക്കരുത്. കഷ്ടതകളിൽ നിന്നും നന്മ ഉളവാക്കുവാൻ ദൈവത്തിന് സാധിക്കും എന്നുള്ള ജിജ്ഞാസ ആർക്കെല്ലാം ഉണ്ടാകുന്നുവോ അവർക്ക് കൂടുതൽ കൂടുതൽ ഉയരുവാൻ സാധിക്കും.

മറ്റുള്ളവരുമായി താദാത്മ്യം പ്രാപിക്കുമ്പോൾ നമുക്ക് നിസ്വാർത്ഥരായി തീരുവാൻ കഴിയും. നമ്മൾ പലപ്പോഴും സ്വാർത്ഥരായി ജീവിക്കും. അത് നാശത്തിലേക്ക് നയിക്കും. അന്യരുടെ സന്തോഷം നമ്മുടെ സന്തോഷമാകണം. അന്യരുടെ തോൽവി നമ്മുടെ തോൽവിയാകണം. അന്യരുടെ ഉയർച്ച നമ്മുടെ ഉയർച്ച. അതാകണം നമ്മുടെ ലക്ഷ്യം.

* * *

ജന്മദിനം
എല്ലാദിനവും ഒരുപോലെയാണ്
എല്ലാ ദിനവും പ്രധാനപ്പെട്ടതാണ്.
every day is equally important.

നമ്മെ ദൈവം തമ്പുരാൻ സൃഷ്ടിച്ചിരിക്കുന്നത് ഏത് ഉദ്ദേശത്തോടു കൂടിയാണെന്ന് മനസ്സിലാക്കണം. ദൈവം നമ്മെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്നു. ദൈവത്തെപ്പോലെ ആയിത്തീരുക എന്നതാണ് ഉത്തരവാദിത്വം. ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചിരിക്കുന്ന നമ്മുക്ക് എപ്പോഴും ഓർക്കുവാനുള്ളത്, ദൈവത്തെപ്പോല ആയിത്തീരുക എന്നുള്ളതാണ്. ലോകത്തിൽ നമുക്ക് പലതും ചെയ്യുവാനുണ്ട്. എങ്കിലും ഒരു കാര്യം പ്രധാനം. ദൈവത്തെപ്പോലെ ആയിത്തീരുക. ദൈവത്തെപ്പോലെയുള്ള സ്നേഹം, ദൈവത്തെപ്പോലെയുള്ള വിനയം, ദൈവത്തെപ്പോലെയുള്ള സർവ്വസ്വവും നേടണം. അതിൽ കവിഞ്ഞ് ഒന്നുമില്ല.

ദൈവത്തിൽ ആശ്രയിച്ച് ദൈവത്തിന്റെ സഹായത്തോടു കൂടി ദൈവത്തേപ്പോലെ ആയിത്തീരുക. അതിനായി പ്രാർത്ഥിക്കുക. അതിനായി പ്രവർത്തിക്കുക.

*(88-ാം ജന്മദിനത്തിൽ നടത്തിയ സ്വകാര്യ പ്രഭാഷണം 9 ആഗസ്റ്റ് 2012)*

# മഹാപുരോഹിത സന്ദേശം




വാത്സല്യമക്കളെ,

മലങ്കരയിൽ പ. സഭ സ്ഥാപിക്കപ്പെട്ടതിന്റെ 1960-ാം വാർഷികത്തിലേക്കും, പൗരസ്ത്യ കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിന്റെ ശതാബ്ദി വർഷത്തിലേക്കും നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പൂർവ്വ പിതാക്കന്മാരുടെ ദീർഘവീക്ഷണവും, ആത്മാർത്ഥതയും, അർപ്പണമനോഭാവവും അടിത്തറയിട്ട കാതോലിക്കേറ്റിന്റെ പൗരാണികതയും, പ്രസക്തിയും നമുക്കേവർക്കും പ്രത്യാശയുടെ ചൂടും, ചൂരും പകരട്ടെ. കാതോലികവും ശ്ലൈഹികവും, ഏകവും, വിശുദ്ധവുമായ പ. സഭയുടെ സ്വാതന്ത്ര്യത്തിന്റെയും, സ്വയംശീർഷകത്തിന്റെയും പ്രകടഭാവമായ കാതോലിക്കേറ്റിന്റെ സംരക്ഷണവും പരിപാലനവും നാമേവരുടെയും ഉത്തരവാദിത്വമായിത്തീരട്ടെ എന്ന് നാം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ സഭയുടെ അനുഗ്രഹീതഭാവി മുന്നിൽകണ്ടുകൊണ്ടുള്ള ക്രിയാത്മക കർമ്മങ്ങളിൽ നാം ഉത്സുകരാകുവാൻ ശതാബ്ദി ആചരണം നമ്മെ സഹായിക്കട്ടെ.

മലങ്കര സഭയുടെ വളർച്ചയിലെ നിർണ്ണായകമായ ഒരു നിമിഷം എന്ന് കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിക്കപ്പെട്ടതിനെ വിലയിരുത്തുവാൻ കഴിയും. അതിന് പൗരാണികതയുടെയും, സഹോദരസഭകളോടുള്ള ഉത്തമബന്ധത്തിന്റെയും സമൂഹത്തോടുള്ള അകളങ്കസ്നേഹത്തിന്റെയും വ്യക്തമായ കാഴ്ചപ്പാടുകളുള്ളത് സ്വാഭാവികം മാത്രം.


വ്യക്തിപരമായ ഒരുക്കത്തിന്റെയും ആദ്ധ്യാത്മിക പുതുക്കത്തിന്റെയും ദിവ്യാനുഭവം ഓരോ സഭാംഗത്തിലുമുണ്ടാകുവാൻ കാതോലിക്കേറ്റിന്റെ ശതാബ്ദി ആചരണം നമ്മെ സഹായിക്കട്ടെ. പ. സഭയോട് നാം പുലർത്തേണ്ട ഭക്തിയും, കൂറും ഓരോരുത്തരും ആവർത്തിച്ചുറപ്പിക്കണം. അഴിമതിയും വർഗ്ഗീയതയും ആഴത്തിൽ വേരുറപ്പിക്കുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ നിർമ്മല ഭക്തിയുടെ ലളിതവും, ശുദ്ധവുമായ ഭാവമായി നാം വർത്തിക്കേണ്ടതുണ്ട്. വെട്ടിമുറിക്കപ്പെട്ടവരുടെ മുറിവുകൾക്ക് അനുഗ്രഹത്തിന്റെയും, കരുതലിന്റെയും തുന്നലിടുവാൻ ദൈവം നമ്മെ ഉപയോഗിക്കട്ടെ. ആരാധനയ്ക്കും, ആരാധനാമൂർത്തിയായ സത്യഏകദൈവത്തിനും പ്രാധാന്യം കൽപിക്കുവാൻ നാം പരിപൂർണ്ണമായി ശ്രദ്ധിക്കണം. ഭിന്നതകളും കലഹങ്ങളും ദൈവാത്മാവിനാൽ നിശ്ശേഷം നീക്കം ചെയ്യപ്പെട്ട് കാതോലിക്കേറ്റിന്റെ പവിത്രത സംരക്ഷിക്കപ്പെടുവാനും, മതേതരത്വവും, നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയും സംരക്ഷിക്കുവാനും ദൈവം നാം ഏവരെയും ഉപയോഗപ്പെടുത്തട്ടെ. മിഷൻ രംഗത്തും, വിദ്യാഭ്യാസ മേഖലയിലും പരിസ്ഥിതി സംരക്ഷണ രംഗത്തും നാം ഇനിയും മുന്നേറുവാനുണ്ട്. സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസത്തിന്റെ തീക്ഷ്ണത ആത്മാവിൽ സ്വാംശീകരിച്ചുകൊണ്ട് സത്യവിശ്വാസ സംരക്ഷണത്തിനായി നമുക്കൊത്തുചേർന്ന് പരിശ്രമിക്കാം. മരുഭൂമിയിൽ മേഘസ്തംഭവും, അഗ്നിതൂണുമായി പൂർവ്വപിതാക്കന്മാരെ വഴിനടത്തിയ ദൈവം ജീവിതപ്രയാണത്തിൽ നമുക്കേവർക്കും നന്മ പ്രദാനം ചെയ്യട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ**

## EDITORIAL

# സൈബർ ഭീകരത:
# യുദ്ധത്തിന്റെ അഞ്ചാംമുറ




## CYBER TERRORISM:
## Fifth generation of War

യുദ്ധത്തിന്റെ രഥയാത്രകൾ തോക്കിനും വിമാനത്തിനും റഡാറിനും ന്യൂക്ലിയർ ബോംബിനും വഴിമാറിയത് ശാസ്ത്രസാങ്കേതികതയുടെ വളർച്ചയാണ്. എന്നാൽ ഇൻഫർമേഷൻ ടെക്നോളജിയുടെ കുതിപ്പ് ഡിജിറ്റൽ ആക്രമണത്തിന് വഴിതെളിയിച്ചു. ശത്രുരാജ്യങ്ങൾ, തീവ്രവാദികൾ, വിഘടന സംഘടനകൾ എന്നിവ നവീന യുദ്ധതന്ത്രങ്ങളുടെ സൂത്രധാരന്മാരായി. ഇന്റർനെറ്റ് വഴി കമ്പ്യൂട്ടർ ശൃംഖലകളിലേക്കുള്ള അനധികൃത കടന്നുകയറ്റം വഴി അതിലെ വിവര വിജ്ഞാനങ്ങൾ നശിപ്പിക്കുന്ന വൈറസ്സുകളുടെ ആക്രമണമാണ് 'സൈബർ യുദ്ധം', 'സൈബർ ഭീകരത' എന്നറിയപ്പെടുന്നത്.

അമേരിക്കയിൽ ബുഷ് ഭരണകാലത്ത് സൈബർ സെക്യൂരിറ്റി ഉപദേഷ്ടാവായ റിച്ചാർഡ് ക്ലാർക്കിന്റെ 2010-ലെ സൈബർ യുദ്ധം (Cyber War) എന്ന പുസ്തകത്തിലൂടെയാണ് യുദ്ധത്തിന്റെ അഞ്ചാംമുറയെക്കുറിച്ച് ലോകം അറിയുന്നത്. പുതിയ നൂറ്റാണ്ടിന്റെ പ്രാരംഭത്തിലുണ്ടായ സൈബർ കണ്ണുകളിലെ ചതിക്കുഴികളുടെ കാണാപ്പുറങ്ങൾ ഇതിൽ പങ്കിടുന്നു.

കമ്പ്യൂട്ടറും ഇന്റർനെറ്റും യുദ്ധമുറയിലെ പുതു പ്രവണതയായപ്പോൾ കമ്പ്യൂട്ടർ മൗസും കീബോർഡുമാണ് സൈബർ ഭീകരതയിലെ പ്രധാന ആയുധങ്ങൾ. ഇതിൽ ആക്രമണവും പ്രത്യാക്രമണവും ഒളിച്ചിരിപ്പുണ്ട്. പരമ്പരാഗതമായ കര, കടൽ, വായു, ശൂന്യാകാശ യുദ്ധ സന്നാഹങ്ങൾ ഭേദിച്ച്, 'സൈബർ സൈന്യം' യുദ്ധത്തിന്റെ അഞ്ചാംമുറയിൽ ഇടം നേടി. വിവര വിജ്ഞാന ശേഖരങ്ങളിലേക്ക് നുഴഞ്ഞുകയറി അവ ശിഥിലീകരിക്കുവാനും വക്രീകരിക്കുവാനും തകർക്കുവാനും തമസ്കരിക്കുവാനും കഴിയുന്ന സൈബർ ഭീകരതയാണ് ഏറ്റവും വലിയ ഭീഷണി. ഇവിടെ നവ സാങ്കേതികത ഒരു ഭാഗ്യവും ശാപവുമായി തീരുന്നു. സൈബർ ചാരവൃത്തി ബൗദ്ധിക ദുരന്തവും. ഇനിയുള്ള യുദ്ധം സൈബർ ഭീകരത സൃഷ്ടിക്കുന്ന ഇലക്ട്രോണിക് യുദ്ധത്തിന്റെ പോർവിളിയായിരിക്കും.

യുദ്ധമുറകളിലെ അട്ടിമറി (Sabotage), ചാരവൃത്തി (Espionage), വിധ്വംസനം (Subversion) തുടങ്ങിയവ സൈബർ ഭീകരതയിൽ നൊടിയിടയിൽ സംഭവിക്കുന്നു. വിവര വിജ്ഞാന യുദ്ധത്തിലെ ഭീകരർ 'ഹാക്കിങ്ങ് മാജിക്കിന്റെ' വിദഗ്ദ്ധരത്രേ. സംവേദന വിനിമയത്തിലെ കോഡുകൾ അതിവിദഗ്ദ്ധരുടെ കരങ്ങളിലൂടെ സ്പർശിക്കപ്പെടുമ്പോൾ നവ സാങ്കേതികതയിൽ പണിതുയർത്തിയ 'സ്വകാര്യത' നിമിഷാർത്ഥത്തിൽ ഇടിഞ്ഞു വീഴുകയാണ്. ഇൻഫർമേഷൻ ടെക്നോളജി തച്ചുടയ്ക്കുന്നത് പവിത്രമായ സ്വകാര്യതയാണ്. ആഗോളമായ പരസ്പരാശ്രിതത്വ സൈബർ തലങ്ങളിൽ (Cyber Space) ബഹിരാകാശ ഗവേഷണവും ആഗോള സംവേദനവും, സൈനിക, സാമ്പത്തിക, പ്രതിരോധ സംവിധാനങ്ങളും ഉൾക്കൊള്ളുന്നു. മനുഷ്യജീവിതത്തിന് അനിവാര്യമായത് എല്ലാം ആഗോളതലത്തിൽ യാന്ത്രികമായി ബന്ധിതമാണ്. ഈ പാരസ്പര്യതയിൽ ശിഥിലീകരിക്കപ്പെടുന്നതും അതിശീഘ്രം വികൃതമാക്കപ്പെടുന്നതും രാജ്യത്തിന്റെയും ജനങ്ങളുടെയും സ്വകാര്യതയാണ്.

വൻകിട രാജ്യങ്ങളുടെ ആധിപത്യം വിസ്തൃതമാക്കുന്നത് സൈബർ സൈന്യത്തിന്റെ സുശക്തമായ വിന്യാസമാണ്. രാജ്യസുരക്ഷയും, സംവേദനക്രമങ്ങളും, വെബ്സൈറ്റുകൾ കേന്ദ്രീകൃതമായി തന്ത്രങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ, ഭീകരതയുടെ പുതിയ ആക്രമണോപാധികൾ സൃഷ്ടിക്കപ്പെട്ടു. 'സൈബർ യുദ്ധം' മായികമെന്ന സിദ്ധാന്തം ഇപ്പോൾ പൊളിച്ചെഴുതപ്പെട്ടു. ഇന്ത്യയിലെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അരങ്ങേറിയത് സൈബർ ഭീകരതയുടെ യഥാർത്ഥ മുഖങ്ങളല്ലേ?

രാജ്യത്തെ അതീവ രഹസ്യ സ്വഭാവമുള്ള വെബ്സൈറ്റുകൾ അന്യരാജ്യത്തു നിന്നും നുഴഞ്ഞു കയറുന്ന വൈറസുകളാൽ (സ്വരാജ്യത്തു നിന്നും...?) ആക്രമിക്കപ്പെടുന്ന ദുരന്തരം അതീവ ദാരുണമത്രേ. അതി വേഗതയുള്ള സൈബർ ഭീകര തന്ത്രങ്ങളെ പ്രതിരോധിക്കുവാനുള്ള സൈബർ സൈന്യത്തിന്റെ സാന്നിധ്യം അനിവാര്യമത്രേ. സൈബർ സുരക്ഷയ്ക്കുള്ള ആസൂത്രിതമായ നയവും സംവിധാനവും ഉണ്ടെങ്കിൽ മാത്രമേ സൈബർ യുദ്ധമുഖത്തുനിന്നും രക്ഷപ്പെടുവാൻ കഴിയൂ.

സൈബർ സുരക്ഷയെ ശക്തമായി ഭേദിക്കുന്നത് സൈബർ യുദ്ധം, സൈബർ ചാരവൃത്തി, സൈബർ കുറ്റകൃത്യം, സൈബർ ഭീകരത എന്നിവയാണ്. സാമൂഹിക മാധ്യമങ്ങൾ കേന്ദ്രീകരിച്ച് വ്യാജവിലാസങ്ങൾ വഴിയുള്ള വ്യാജചിത്രങ്ങളും സന്ദേശങ്ങളും പ്രാദേശിക ജാതിവികാരങ്ങൾ ആളിക്കത്തിച്ച് കലാപങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. വികസ്വര രാജ്യങ്ങൾക്ക് സുശക്തമായ സൈബർ സംവിധാനങ്ങൾ ഇല്ലാതെ വന്നാൽ അതിരുകളില്ലാത്ത സൈബർ ഭീകരതയുടെ അദൃശ്യ ശക്തിയിൽ മനുഷ്യജീവിതം ദുഃസഹമാകും. സുനാമിപോലെ കുതിച്ചുയരുന്ന സൈബർ ഭീകരത പ്രതിരോധിക്കുവാൻ ഊർജ്ജസ്വലമായ നയവും നടപടിയും ഗവേഷണവും അനിവാര്യമാണ്.

ഇന്റർനെറ്റ് കേന്ദ്രീകരിച്ചുള്ള സൈബർ ഭീകരത രാജ്യത്തിന് ഇപ്പോൾ ഭീഷണിയാകുന്നതുപോലെ സഭകൾക്കും വ്യക്തികൾക്കും ഭീതിജനകമാകും.

> "കമ്പ്യൂട്ടറും ഇന്റർനെറ്റും യുദ്ധമുറയിലെ പുതു പ്രവണതയായപ്പോൾ കമ്പ്യൂട്ടർ മൗസും കീബോർഡുമാണ് സൈബർ ഭീകരതയിലെ പ്രധാന ആയുധങ്ങൾ."

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com

ശതാബ്ദിചിന്ത

ഡോ. യാക്കോബ് മാർ ഐറേനിയോസ്

# പൊരുളും പ്രസക്തിയും



മലങ്കരസഭാചരിത്രത്തിലെ നിർവചീയ മുഹൂർത്തമായിരുന്നു 1912 സെപ്തംബർ 15-നു നിരണം പള്ളിയിൽ നടന്ന പ്രഥമ കാതോലിക്കാവാഴ്ച. അത് ഒരു ശപഥനിറവേറലിന്റെയും, ദർശനസാക്ഷാത്ക്കാരത്തിന്റെയും അതിരില്ലാത്തൊരാഹ്ലാദത്തിന്റെയും ദിനം തന്നെയായിരുന്നു. ദുർഘടങ്ങളും, അടിമനുകവും, അധിനിവേശത്തിന്റെ ഡംഭുള്ള ആക്രോശങ്ങൾക്കും പരിസമാപ്തിയാകും എന്ന് ഈ സംഭവത്തിന്റെ പ്രായോജകരും, സഹകാരികളും ചിന്തിച്ചു എന്നത് കേവലം പരമാർത്ഥം. പരദേശികളുടെയും, അവർക്കു ചവിട്ടുപടികളാകുന്നതിൽ കൂസലില്ലാതിരുന്ന ഉപജാപകരുടെയും ഉപദ്രവങ്ങൾക്ക് അറുതിയുണ്ടാകുമെന്നുതന്നെ അവർ കരുതി. ആയത് അസ്ഥാനത്തെന്നോ അർത്ഥശൂന്യമെന്നോ കരുതാനാവില്ല. എങ്കിലും പൗരസ്ത്യകാതോലിക്ക എന്ന സ്ഥാനത്തിന്റെ സാരവ്യാപ്തിയോ സമഗ്രതയോ പൂർണ്ണമായി അന്ന് വെളിവായിരുന്നുവോ എന്നു പറയാനാവില്ല. അന്യൂനമായ മഹാപുരോഹിത നൽവരമുള്ള മറ്റൊരു സഭാദ്ധ്യക്ഷൻ ഈ ആദിരൂപത്തിന്റെ ജന്മത്തിനു ശുശ്രൂഷകനായി നിൽക്കാനിടയായത് ദൈവനിയോഗമെന്നല്ലാതെ വിചാരിക്കാനാവില്ല. എങ്കിലും പരസഹായം കൂടാതെ ഭാവിയിലും പ്രധാനമേലദ്ധ്യക്ഷന്മാരെ സ്ഥാനാരോഹണം ചെയ്യിക്കുന്നതിനുള്ള സ്വാതന്ത്ര്യം സഭയ്ക്കുണ്ടെന്ന് അന്നേ വ്യക്തമായിരുന്നു.

ശതാബ്ദിയാഘോഷങ്ങൾ കാതലായതും, പുരോഗമനപരവും ദൈവോന്മുഖവുമായി ഏതാനും പദ്ധതികൾക്ക് ചവിട്ടുപടിയാകേണ്ടിയിരിക്കുന്നു.

1. കേരളത്തിൽത്തന്നെ ഇതേ സ്ഥാനനാമം എടുത്തണിഞ്ഞിട്ടുള്ള മറ്റുചിലരും ഉണ്ടെങ്കിലും മലങ്കരസഭയിലെ കാതോലിക്കോസേറ്റ് തനിമയുള്ളതും, ഭരണഘടനപ്രകാരവും കാനോൻ വ്യവസ്ഥകളിൻപ്രകാരവും പൂർണ്ണമാണ്. അതിന്റെ പൂർണ്ണതയും, ഗുരുത്വവും തനിമയും ജനഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടതാണ്. അതിന്റെ സ്ഥാനമാന്യതയും മഹാത്മ്യവും, സ്ഥാനാർഹമായ വേഷവിതാനങ്ങളിൽപോലും നിഴലിക്കേണ്ടതാണ്. അതതുസന്ദർഭങ്ങളിൽ, ചിന്താപരമായും, ദിശാബോധപരമായും, വിവേചനപരമായുള്ള നിർദ്ദേശങ്ങൾ അടങ്ങുന്ന പ്രധാന ഇടയലേഖനങ്ങൾ, ഈ സ്ഥാനസ്രോതസ്സിൽനിന്നും പുറപ്പെടണം. അത്തരം രേഖകൾ സഭയാകമാനം പഠനവിധേയമാക്കുകയും വേണം. മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തിന്റെ ചരിത്രപരവും കാനോനികവും സഭാപരവുമായ നിലയെപ്പറ്റി അവബോധവും അഭിമാനവും സഭയാകമാനം വ്യാപിക്കുക എന്നത് പരമപ്രധാനമാണ്. ഇക്കാര്യനിർവഹണത്തിൽ ഗണ്യമായ പങ്കുവഹിക്കേണ്ടത് സഭയിലെ ആത്മികപ്രസ്ഥാനങ്ങളാണ്. ചെറുപ്പം മുതൽതന്നെ സഭാംഗങ്ങൾക്ക് ഈ സ്ഥാനത്തോട് ഒരു മമതയും ആദരവുമുണ്ടാകാൻ അതുവഴി സാദ്ധ്യമാകും. അതോടൊപ്പം, സഭയിൽ കുറെയേറെ ആളുകളുടെ പ്രാർത്ഥനയും, വിയർപ്പും, കണ്ണുനീരും ആത്മധൈര്യവും കാതോ

ലിക്കോസേറ്റിന്റെ സ്ഥാപനത്തിന്റെ പിന്നിലുണ്ടെന്ന കാര്യവും വിസമ്മതിക്കത്തക്കതല്ല. ഈ സ്ഥാപനത്തിന്റെ അനിവാര്യതയെപ്പറ്റി ദൃഢമായ ബോദ്ധ്യമുണ്ടായിരുന്ന ഒരു തലമുറയിലാണ് ഇതിന്റെ "ജനനം". സാഹചര്യപരമായ കാരണങ്ങളാൽ ഈ പ്രധാനമേലദ്ധ്യക്ഷസ്ഥാനം സ്വന്തമായി ഇല്ലാതിരുന്ന സ്ഥിതിവരുത്തിയ അനർത്ഥങ്ങളെപ്പറ്റി അവർക്കു നല്ല ബോദ്ധ്യമുണ്ടായിരുന്നു.

2. കാതോലികവും, ഏകവും വിശുദ്ധവുമായി സഭ വിവക്ഷിക്കപ്പെട്ടിരിക്കുന്നു. ആദിമസഭയിൽ സഭ ഒട്ടാകെ വിശുദ്ധമാണെന്ന ശക്തമായ ധാരണയുമുണ്ടായിരുന്നു. കാലഗതിയിൽ വന്ന പരിണാമങ്ങളിൽ വിനാശകരവും ദയനീയവുമായ ഒന്ന്, 'വിശുദ്ധി'യില്ലെങ്കിലും സഭയുണ്ട് എന്ന മൂഢചിന്തയാണ്. നൈയാമികമായി സഭയിലെ 'അംഗത്വം' നിർത്താൻ കഴിഞ്ഞാൽപ്പിന്നെ കൂടുതലൊന്നും ആവശ്യമില്ല എന്ന ചിന്തയാണതിന്റെ കാതൽ. 'വിശുദ്ധി'' എന്ന സംജ്ഞയും ആശയവും വേദപാരംഗതരുടെ ഇടയിൽപോലും ഉന്മേഷം നൽകുന്ന ഒന്നല്ലാതായിരിക്കുന്നു. "പ്രാർത്ഥിക്കുന്നവനാണ് വേദപണ്ഡിതൻ" എന്ന പുരാതന സങ്കല്പം അവഹേളിക്കപ്പെടുന്നില്ലെങ്കിലും, അവഗണിക്കപ്പെട്ടിരിക്കുന്നു എന്നു സമ്മതിക്കേണ്ടിവരും. "വിശുദ്ധി" എന്ന അനിവാര്യതയെ പാതവക്കിലോ ചാലിലോ മാറ്റിയിട്ടിട്ട്, സൂര്യനു താഴെയും മുകളിലുമുള്ള സമസ്തസമസ്യകളെയും തലനാരിഴ കീറി വിചിന്തനം നടത്തുവാൻ "കാര്യവിവര"മുണ്ടെന്നു കരുതപ്പെടുന്ന വേദപണ്ഡിതരും, സഭാനേതാക്കൾ പോലും മടിക്കാതിരിക്കുന്ന സാഹചര്യം ഉരുത്തിരിഞ്ഞിരിക്കുന്നത് അങ്ങനെയാണ്.

3. മിഷൻ, സന്യാസപ്രസ്ഥാനം, രക്തസാക്ഷിത്വം എന്നിവയിലൂടെയാണ് ക്രിസ്തീയ സഭയ്ക്ക് വളർച്ചയും പരപ്പും അഭ്യുന്നതിയും വിശ്വാസ്യതയും ഉണ്ടായിട്ടുള്ളത്.

"മിഷൻ" എന്ന ബഹുസങ്കേതത്തിന് ഒരു നിർവ്വചനവും പുനർവായനയും പരക്കെ ഉണ്ടാവട്ടെ. ഭാരതത്തിലേക്ക് സഭാനാഥൻ ഒരു അപ്പോസ്തോലനെ മിഷനറിയും, രക്തസാക്ഷിയുമാകാൻ അയച്ചത് വ്യക്തമായ ഉദ്ദേശ്യങ്ങളോടെ തന്നെയായിരിക്കണം. കാലാകാലങ്ങളിൽ അധിനിവേശ ശക്തികളോട് പടവെട്ടുന്നതിൽമാത്രം സഭാചരിത്രം ബന്ധിത

*ശേഷം 13-ാം പേജിൽ*

## ശതാബ്ദിചിന്ത

**ഡോ. എം. കുര്യൻ തോമസ്**

# ശതാബ്ദി കഴിഞ്ഞു; ഇനി... ?

രണ്ടു സഹസ്രാബ്ധക്കാലം നസ്രാണികളെ ക്രിസ്ത്യാനികളായി നിലനിർത്തിയ രണ്ടു താത്വിക അടിത്തറകളുണ്ട്. തങ്ങളുടെ ആത്മീയ പിതാവായ പ. മാർത്തോമ്മാശ്ലീഹായോടുള്ള അമിതമായ ഭക്തിയിൽനിന്ന് ഉടലെടുത്ത *തോമാവബോധം* (Thomas conciseness) അവയിൽ പ്രഥമം. *മിരബാല്യ ഡിസ്ക്രിപ്ത്തായു*ടെ കർത്താവായ ഫ്രയോർ ജോർഡാനസിനേക്കൊണ്ട് ...*അവർ മാർത്തോമ്മായെ ദൈവതുല്യമായി കണക്കാക്കുന്നു*... എന്നു പതിനാലാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ പറയിക്കത്തക്കവിധം അഗാധമായിരുന്നു നസ്രാണികളുടെ *തോമാവബോധം.*


*തോമാവബോധ*ത്തിന്റെ ഈ ശക്തമായ താത്വിക അടിത്തറയാണ് പിന്നീട് പോർട്ടുഗീസ് റോമൻ കത്തോലിക്കരുടെ അധിനിവേശത്തെ ചെറുക്കുന്ന *മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും* എന്ന തങ്ങളുടെ വ്യക്തിത്വ പ്രഖ്യാപനത്തിന് രൂപം കൊടുത്തത്. റോമൻ കത്തോലിക്കരെ ഏറെ വിയർപ്പിച്ച ഈ വ്യക്തിത്വ സംജ്ഞയുടെ ഉപയോഗം, മഹറോൻ ശിക്ഷയിൽ ഉൾപ്പെടുത്താൻ അവർ നിർബന്ധിതരായി എന്നതുതന്നെ അതിന്റെ ശക്തിയുടെ പ്രകടമായ തെളിവാണ്.

നൂറുവർഷത്തെ റോമൻ കത്തോലിക്കാ സഹവാസവും, തുടർന്ന് അരനൂറ്റാണ്ടു കാലത്തെ അടിമത്വവും നസ്രാണിയുടെ *തോമാവബോധത്തെ* തേച്ചുമാച്ചു കളഞ്ഞില്ല. അതിനാലാണ് 1653-ൽ സ്വന്തമായി ഒരു തദ്ദേശീയ മേല്പട്ട ശ്രേണിക്ക് നസ്രാണികൾ രൂപം കൊടുത്തപ്പോൾ അവർക്ക് *മാർത്തോമ്മാ* എന്ന സ്ഥാന നാമം നൽകിയതും ഒൻപതാം മാർത്തോമ്മാവരെ ഒന്നര നൂറ്റാണ്ടിലധികം അതു തുടർന്നതും. തുടർന്നുള്ള നൂറുവർഷം മാർ ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താമാർ, പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ അമർന്നിരുന്നു ഭരിച്ചതും, 1912-ൽ മലങ്കരയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചപ്പോൾ പൗരസ്ത്യ കാതോലിക്കാ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനാരൂഢനാണന്നു പ്രഖ്യാപിച്ചതും ഇതേ *തോമാവബോധം* മൂലമാണ്.

നസ്രാണികളുടെ രണ്ടാമത്തെ താത്വിക അടിത്തറ *കാതോലിക്കാ* എന്ന സ്ഥാനത്തോടുള്ള ഭക്തിയും അഭിനിവേശവുമാണ്. നൂറ്റാണ്ടുകളോളം ഒരിക്കലും കാണാത്ത ബാഗ്ദാദിലെ കാതോലിക്കായെ വേദതലവനായി അംഗീകരിച്ച് അദ്ദേഹത്തിനുവേണ്ടി നസ്രാണികൾ പ്രാർത്ഥിച്ചു വന്നിരുന്നു. ക്രിസ്തുവർഷം നാലാം ശതകത്തിൽ ക്നായിത്തൊമ്മനോടൊപ്പം വന്ന ഉറഹായിലെ യൗസേപ്പ് മെത്രാനെ കാതോലിക്കാ അയച്ചതാണന്ന പാരമ്പര്യവും, ഒൻപതാം ശതകത്തിൽ കൊല്ലത്ത് തരിസാപ്പള്ളി സ്ഥാപിച്ച മാർ ശാബോർ, മാർ അഫ്രോത്ത് എന്നിവരെ ...*നെസ്തോര്യർക്ക് അച്ചനായിരിക്കുന്ന തീമോത്തിയാൻ*.... (മഹാനായ തീമോത്തി രണ്ടാമൻ കാതോലിക്ക) അയച്ചതാണന്ന ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ പരാമർശനവും വായ്മൊഴിവഴക്കങ്ങൾ മാത്രമാണന്ന് വാദിച്ച് തള്ളിക്കളയുമായിരിക്കാം. എന്നാൽ ക്രിസ്തുവർഷം 1301-ൽ കൊടുങ്ങല്ലൂരിൽ വെച്ച് ഒരു സഖറിയാ ശെമ്മാശൻ പകർത്തി എഴുതിയ സുറിയാനി ഗ്രന്ഥത്തിന്റെ (Vat Syr. 22) പകർപ്പെഴുത്തു വിവരണത്തിലെ മാർ യവ്വാലാഹാ കാതോലിക്കായെപ്പറ്റിയുള്ള അനുസ്മരണം അപ്രകാരം നിരാകരിക്കാവുന്ന ഒന്നല്ല. കാതോലിക്കാമാരാൽ ഇന്ത്യയിലേയ്ക്കു നിയോഗിക്കപ്പെടുന്ന പേർഷ്യൻ മെത്രാന്, *സ്ഥാനിക പാത്രിയർക്കീസ്* എന്ന ബഹുമതി ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നുണ്ട്.

1599-ലെ ഉദയംപേരുർ സുന്നഹദോസിന്റെ കാനോനാകളിലെ ...*ഇത്രയും കാലം നിങ്ങൾ നിത്യനമസ്ക്കാരത്തിലും കുർബാനകളിലും ബാഗ്ദാദിലെ പാത്രിയർക്കീസിനെ കാതോലിക്കാ എന്നു കരുതി പ്രാർത്ഥിച്ചുവരുന്നു. കാതോലിക്കാ എന്നതിന്റെ അർത്ഥം സാർവത്രിക പിതാവ് എന്നാണ്. ആ വിശേഷണം ഈ ഭൂമിയിൽ റോമാപാ*

## 25th Death Anniversary



**എം.സി. ചെറിയാൻ**

**മാപ്പിള വീട്ടിൽ**
**അങ്ങാടിക്കൽ, പുത്തൻകാവ് പി.ഒ.**
**ചെങ്ങന്നൂർ**

സെപ്റ്റം. 7-ന് രാവിലെ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബ്ബാന.

WEDDING

## വിവാഹിതരായി



ചെങ്ങന്നൂർ മാപ്പിള വീട്ടിൽ ശ്രീ ജോർജ് എം. ചെറിയാന്റെയും (കൊച്ചുമോൻ MD, AL-WIN Services Mumbai) സാലി ജോർജ്ജിന്റെയും മകൾ **അഞ്ജുവും,** ചന്ദനപ്പള്ളി വടക്കേതിൽ ബാബു ദാനിയേലിന്റെയും (ന്യൂഡൽഹി) ലീലയുടെയും മകൻ **ജാക്സനും** തമ്മിലുള്ള വിവാഹം 19-8-2012-ന് ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ വച്ച് അഭി. തോമസ് മാർ അത്താനാസിയോസ്, അഭി. ഗീവർഗീസ് മാർ ഈവാനിയോസ്, അഭി. കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിമാരുടെ കാർമ്മികത്വത്തിൽ നടന്നു.

*പ്പായ്ക്കു മാത്രം ഉള്ളതാണ്. ഇനി അദ്ദേഹത്തെയല്ലാതെ മറ്റാരെയെങ്കിലും കാതോലിക്കാ എന്നു വിളിച്ചാൽ മുടക്കപ്പെടും...* എന്ന അർത്ഥത്തിലുള്ള പരാമർശനം അതീവ പ്രാധാന്യത്തോടെ വേണം കാണാൻ. ഒന്നാമതായി നസ്രാണിയുടെ വേദതലവൻ ആരായിരുന്നു എന്ന് ഇതു വ്യക്തമാക്കുന്നു. രണ്ടാമതായി, കാതോലിക്കാ എന്ന സ്ഥാനത്തിന്റെ ഔന്നത്യത്തെപ്പറ്റി റോമൻ കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടും ഈ കാനോനാ വിശദീകരിക്കുന്നു.

1665-ലെ കൂനൻകുരിശു സത്യത്തിനു ശേഷം 1665-ൽ നസ്രാണികൾ പാശ്ചാത്യ സുറിയാനി (അന്ത്യോഖ്യൻ) സഭയുമായി ബന്ധപ്പെട്ടു. തുടർന്ന് ആ നൂറ്റാണ്ടിന്റെ അന്ത്യത്തിലെ ചില സംഭവവികാസങ്ങൾ അന്ത്യോഖ്യ പാത്രിയർക്കീസിനെ വേദതലവനായി ഉയർത്തിക്കാട്ടേണ്ട സാഹചര്യം ഉളവാക്കി. പക്ഷേ അവിടേയും *കാതോലിക്കാ*യെ ഉപേക്ഷിക്കാൻ നസ്രാണികൾ തയാറായില്ല. ഉദയംപേരൂർ പൂർവകാലത്തെ *കാതോലിക്കാ - പാത്രിയർക്കീസ് - അർക്കദയോക്കൻ* എന്ന സ്ഥാന ക്രമം, അർക്കദയോക്കോൻ മെത്രാനായി ഉയർത്തപ്പെട്ട സാഹചര്യവുംകൂടി കണക്കിലെടുത്ത് *പാത്രിയർക്കീസ് - കാതോലിക്കാ - മാർത്തോമ്മാ മെത്രാൻ* എന്നു പുനർക്രമീകരിച്ചു. ആരാണ് പാത്രിയർക്കീസ്, ആരാണ് കാതോലിക്കാ എന്നറിയാൻ പാടില്ലായിരുന്നു എന്ന വസ്തുത നസ്രാണിക്ക് പ്രശ്നമായിരുന്നില്ല. കാര്യങ്ങൾ നടത്താൻ മാർത്തോമ്മാ മെത്രാൻ ഉണ്ടായിരുന്നു. കാതോലിക്കായും പാത്രിയർക്കീസും പ്രാർത്ഥനകളിൽ മാത്രമൊതുങ്ങി.

എന്നാൽ നസ്രാണിക്കു കാതോലിക്കായോടുള്ള പ്രതിപത്തി ഇവിടെ അവസാനിച്ചില്ല. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിലുള്ള മഫ്രിയാനമാരായി കേരളത്തിലെത്തിയ പ. മാർ ബസേലിയോസ് യൽദോ, മാർ ബസേലിയോസ് ശക്രള്ള എന്നിവരെ നസ്രാണികൾ *കാതോലിക്കാ* എന്നു സംബോധന ചെയ്തു. അവരെ മാത്രമല്ല, പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയിൽ കേരളത്തിലെത്തിയ കേവലം ഒരു എപ്പിസ്ക്കോപ്പാ മാത്രമായ, *വിഗ്രഹ ഭജ്ഞകൻ* എന്നു വിശേഷിപ്പിക്കപ്പെട്ട, മാർ ഈവാനിയോസ് അരക്ചാഞ്ചിയേയും അവർ കാതോലിക്കാ എന്നു വിളിച്ചു. തുടർന്നുവന്ന ദീയസ്ക്കോറോസ് എന്ന മെത്രാനാകട്ടെ, സ്വയം *കാതോലിക്കാ* എന്നു വിശേഷിപ്പിച്ച് ഒരു സ്ഥാത്തിക്കോൻ എഴുതിയുണ്ടാക്കി നസ്രാണിയുടെ കണ്ണിൽ പൊടിയിടാൻ നോക്കി. നസ്രാണിയുടെ *കാതോലിക്കാ പ്രേമത്തിന്റെ* വ്യക്തമായ തെളിവാണിത്.

യഥാർത്ഥത്തിൽ കാതോലിക്കായെ മലങ്കരയിലെത്തിച്ചതിന്റെ കാരണഭൂതൻ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസാണ്. മലങ്കര പള്ളിയോഗത്തിന്റെ തിരഞ്ഞെടുപ്പുകൂടാതെ അദ്ദേഹം മെസപ്പട്ടോമ്യയിലെത്തി മെത്രാപ്പോലീത്താ സ്ഥാനം സ്വീകരിച്ചു. അന്ത്യോഖ്യാ പാത്രിയർക്കീസിൽനിന്നും മേല്പട്ടം സ്വീകരിച്ച ആദ്യ നസ്രാണിയായിരുന്നു മാർ മാത്യൂസ് അത്താനാസ്യോസ്. മടങ്ങിയെത്തിയ അദ്ദേഹം മലങ്കര സിംഹാസനത്തിനു അവകാശവാദം ഉന്നയിച്ചു. ഈ വാദത്തെ സാധുകരിക്കാൻ പിൻബലമൊന്നും ഇല്ലാതിരുന്നതിനാൽ തനിക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കൈവെപ്പുണ്ടെന്നും, മലങ്കര മെത്രാൻ സ്ഥാനത്തിന് അത് അത്യന്താപേക്ഷിതമാണന്നും വാദിച്ചു. ചില പ്രത്യേക സാഹചര്യങ്ങളാൽ അദ്ദേഹം മലങ്കര മെത്രാനായി അംഗീകരിക്കപ്പെട്ടതോടെ ഈ വാദവും നിയമമായി. താൽക്കാലിക ലാഭത്തിനായി വലിച്ചു കയറ്റിയ ഈ ഊരാക്കുടുക്കിൽനിന്നും തലയൂരുവാൻ പിന്നീട് മാർ മാത്യൂസ് അത്താനാസ്യോസ് കിണഞ്ഞു ശ്രമിച്ചിട്ടും നടന്നില്ല. അദ്ദേഹത്തിന് ബദലായി ഉയർന്നുവന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമനും പാത്രിയർക്കീസിൽനിന്നും മെത്രാൻസ്ഥാനം ഏൽക്കേണ്ടി വന്നതെടെ ഇതൊരു നിയമമായി മാറി.

പാത്രിയർക്കീസിന്റെ പ്രതിനിധി എന്ന നിലയിൽ മലങ്കരയിൽ എത്തി മാർ മാത്യൂസ് അത്താനാസ്യോസിനോട് പരാജയപ്പെട്ടു എങ്കിലും, *മുക്കാൽ പാത്രിക്കീസെന്ന* ഭാവേന വിരാജിച്ച മാർ യൂയാക്കീം കൂറിലോസ് ഒരൊറ്റ നസ്രാണിയും മെത്രാനാകാതിരിപ്പാൻ നടത്തിയ കളികളും, 1876-ൽ ഇവിടെ എത്തിയ പത്രോസ് തൃതീയൻ പാത്രിയർക്കീസിന്റെ *ഏകനായകത്വ* ത്വരയും മേല്പട്ടസ്ഥാനാഭിഷേകത്തിനുള്ള അധികാരം മലങ്കരയിലേയ്ക്കു തിരികെ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത നസ്രാണികളെ ബോദ്ധ്യപ്പെടുത്തി. പക്ഷേ അപ്പോഴേയ്ക്കും വേരുറച്ചുപോയ പത്തൊമ്പതാം നൂറ്റാണ്ടിലെ ജീർണ്ണിച്ച പാശ്ചാത്യ സുറിയാനി സഭാ വിജ്ഞാനീയം ഈ അധികാരം പാത്രിയർക്കീസിൽ മാത്രം പരിമിതപ്പെടുത്തിയിരുന്നു. നിലവിലിരിക്കുന്ന നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ടുമാത്രമേ സാധുവായ ഒരു സ്ഥാനമോ നിയമമോ സൃഷ്ടിക്കാൻ സാദ്ധ്യമാവു. അതിനാൽ പാശ്ചാത്യ സുറിയാനി സഭാ വിജ്ഞാനീയത്തെ തള്ളിപ്പറയുക അസാദ്ധ്യമായിരുന്നു. അന്നു നടപ്പിലിരുന്ന പാശ്ചാത്യ സുറിയാനി സഭാ വിജ്ഞാനിയമനുസരിച്ച് ആ അധികാരമുള്ള ഏക ഇതര സ്ഥാനി എന്നോ അസ്തമിച്ചുപോയ *മഫ്രിയാനാ* മാത്രമായിരുന്നു.

ഈ സാഹചര്യത്തിലാണ് 1890-കളിൽ മഫിയാനാ സ്ഥാനം മലങ്കരയിലേയ്ക്കു കൊണ്ടുവരുവാൻ ശ്രമം ആരംഭിച്ചത്. രണ്ട് ദശാബ്ദത്തോളം ഫലപ്രാപ്തിയിലെത്താതിരുന്ന ഈ കഠിന ശ്രമമാണ് 1912-ൽ വിജയിച്ചത്. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സഹകരണത്തോടെ നസ്രാണികൾ മേല്പട്ടം നൽകുവാനും, വി. മൂറോൻ കൂദാശ ചെയ്യുവാനും പിന്തുടർച്ചാവകാശത്തോടെ ഒരു പ്രധാന മഹാപുരോഹിത സ്ഥാനത്തിന് രൂപം നൽകി. ശ്രദ്ധേയമായ വസ്തുത, പാശ്ചാത്യ സുറിയാനി സഭാ വിജ്ഞാനീയത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയ ഈ സ്ഥാനം *മഫ്രിയാന* അല്ലായിരുന്നു എന്നതും, *കാതോലിക്കാ* ആയിരുന്നു എന്നതുമാണ്. ഇവിടെ വിജയിച്ചത് നസ്രാണിയുടെ കാതോലിക്കാ പ്രേമമാണ്. ഈ പുതിയ കാതോലിക്കാ മലങ്കരയുടെയോ ഇന്ത്യയുടെയോ കാതോലിക്കാ മാത്രം ആയിരുന്നില്ല, മറിച്ച് കൂടുതൽ വിശാലമായ അർത്ഥമുള്ള പൗരസ്ത്യ കാതോലിക്കാ ആയിരുന്നു എന്ന വസ്തുതയും പരിഗണിക്കണം. അതിലും പ്രധാനമായി, ഈ പൗരസ്ത്യ കാതോലിക്കാ, പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനാണന്നു വ്യക്തമാക്കിയപ്പോൾ പുറത്തുവന്നത് നസ്രാണിയുടെ തോമാവബോധമാണ്.

അപരിമിതമായ അധികാരങ്ങളോടെയല്ല മലങ്കരയിൽ കാതോലിക്കേറ്റിനു രൂപം കൊടുത്തത്. മറിച്ച് മലങ്കര പള്ളിയോഗത്തിനു വിധേയമായിട്ടായിരുന്നു. മലങ്കര മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ സുന്നഹദോസ് - മലങ്കര അസോസിയേഷൻ - ആവശ്യപ്പെടുമ്പോൾ മാത്രം പ്രധാന മഹാപുരോഹിതനടുത്ത കർമ്മങ്ങൾ നിർവഹിക്കുവാനാണ് സ്ഥാനാരോഹണത്തിലെ മുഖ്യ കാർമ്മികനായ അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അബ്ദൽ മ്ശീഹാ പാത്രിയർക്കീസ് നൽകിയ സ്ഥാത്തിക്കോൻ കാതോലിക്കായെ അധികാരപ്പെടുത്തിയിരുന്നത്.

കാതോലിക്കേറ്റിന്റെ നിയമപരമായ നിർവചനം 1934- ഭരണഘടനയോടുകൂടി വ്യക്തതയിലെത്തി എങ്കിലും അതിന്റെ ഭൗതിക ഭാവത്തിന്റെ വളർച്ച അതിനുമുമ്പുതന്നെ അസ്തമിച്ചു എന്നതാണ് ഖേദകരം. ഈ രംഗത്ത് ശ്രദ്ധേയമായ സംഭാ

**_മറ്റു മെത്രാന്മാർ പൗരസ്ത്യ കാതോലിക്കായുടെ കൈമുത്തുന്ന പതിവും അദ്ദേഹത്തോടെ അവസാനിച്ചു. എല്ലാ അപ്പോസ്തോലിക സഭകളും പിന്തുടരുന്ന ഈ പാരമ്പര്യം - സഭാ തലവന്റെ കൈമുത്തുക - പ. പൗലൂസ് ദ്വിതീയൻ ബാവാ മെത്രാനായിരുന്നപ്പോൾ പിന്തുടർന്നിരുന്നു എന്നത് വിസ്മരിക്കുന്നില്ല._**

വന നൽകിയ ഏക വ്യക്തി മലങ്കരയിലെ രണ്ടാം കാതോലിക്കാ പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ മാത്രമാണ്. കാതോലിക്കായ്ക്ക് തനതായ അംശവസ്ത്രം, കല്പന തലക്കെട്ട്, ചുവന്ന മുദ്ര, അംശവടി എന്നിവ അദ്ദേഹം രൂപകല്പന ചെയത് ഉപയോഗിച്ചു. മാത്രമല്ല, ഭരിക്കുന്ന മെത്രാനോ പാത്രിയർക്കീസിനോ അവകാശപ്പെട്ടത് എന്നു 1889-ലെ റോയൽ കോർട്ടുവിധിയിൽ നിശ്ചയിക്കാൻ വിസമ്മതിച്ച റിശീസ കാതോലിക്കായ്ക്ക് അവകാശപ്പെട്ടതാണന്ന് അദ്ദേഹം പ്രഖ്യാപിക്കുകയും, തന്റെ ആസ്ഥാനത്തിനു *കാതോലിക്കേറ്റ് സിംഹാസനപ്പള്ളി* എന്നു നാമകരണം ചെയ്യുകയും ചെയ്തു.

പ. വാകത്താനത്തു ബാവാ കാതോലിക്കേറ്റിനു നൽകിയ വ്യക്തിത്വ നിർവചനങ്ങൾ അദ്ദേഹം സൃഷ്ടിച്ച സ്ഥാനചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചാൽ ലഭിക്കുന്ന ഫലങ്ങൾ താഴെപ്പറയുന്നവയാണ്.

1. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി തികച്ചും ദേശീയമായ ഒരു വ്യക്തിത്വം പൗരസ്ത്യ കാതോലിക്കേറ്റിനുണ്ട്.

2. പൗരസ്ത്യ കാതോലിക്കാ സിംഹാസനം ശ്ലൈഹീക സിംഹാസനമാണ്.

3. പൗരസ്ത്യ കാതോലിക്കാ മഹാപുരോഹിതന്മാരിൽ തലവനാണ്.

4. His Holiness എന്നും Moran Mar എന്നും സംബോധന ചെയ്യപ്പെടാനും ചുവന്ന മഷിയിൽ മുദ്ര കുത്തുവാനും അധികാരമുള്ള അത്യുന്നത മേലധികാരിയാണ്.

5. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിനു സ്വന്തമായ വരുമാന മാർഗ്ഗമുണ്ട്.

6. പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിനു സ്വന്തമായ ആസ്ഥാനമുണ്ട്.

രണ്ടാം കാതോലിക്കാ കാലം ചെയ്തതോടെ കാതോലിക്കേറ്റിന്റെ വ്യക്തിത്വ നിർദ്ധാരണ പ്രക്രിയയും അവസാനിച്ചു. ഒരു പക്ഷേ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ കാതോലിക്കേറ്റിന് സ്ഥിരം ആസ്ഥാനമായി ദേവലോകം അരമന നിർമ്മിച്ചതും, കിഴക്കിന്റെ മഹാനായ കാതോലിക്കാ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ, *മാർത്തോമ്മാ* എന്ന പുരാതന സ്ഥാനനാമം പുനർജീവിപ്പിച്ചതും ഗണത്തിൽ പെടുത്താം.

എന്നാൽ കഴിഞ്ഞ നൂറു വർഷങ്ങൾക്കുള്ളിൽ ഭൗതിക ഭാവത്തിന്റെ അനേകം അംശങ്ങൾ ചോർന്നുപോയിട്ടുണ്ട്. പ. കല്ലാശ്ശേരി ബാവ മലങ്കര മെത്രാനാകുന്നതിനു മുമ്പുതന്നെ കാതോലിക്കാ എന്ന നിലയിൽ പ. വാകത്താനത്തു ബാവ രൂപംകൊടുത്ത അംശവസ്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. അദ്ദേഹത്തോടെ അത് അവസാനിച്ചു. ഇന്ന് കാതോലിക്കാമാർ സമാനമായ അംശവസ്ത്രം ധരിക്കുന്നത് *മലങ്കര മെത്രാൻ* എന്ന ഔദ്യോഗിക സ്ഥാനത്തിരുന്നു അസോസിയേഷൻ നടത്തുമ്പോളാണ്. മറ്റു സഭകളിലുള്ളതുപോലെ പൗരസ്ത്യ കാതോലിക്കായ്ക്കും വ്യത്യസ്തമായ ഒരംശവസ്ത്രം വേണ്ടതാണ്.

മറ്റു മെത്രാന്മാർ പൗരസ്ത്യ കാതോലിക്കായുടെ കൈമുത്തുന്ന പതിവും അദ്ദേഹത്തോടെ അവസാനിച്ചു. എല്ലാ അപ്പോസ്തോലിക സഭകളും പിന്തുടരുന്ന ഈ പാരമ്പര്യം - സഭാ തലവന്റെ കൈമുത്തുക - പ. പൗലൂസ് ദ്വിതീയൻ ബാവാ മെത്രാനായിരുന്നപ്പോൾ പിന്തുടർന്നിരുന്നു എന്നത് വിസ്മരിക്കുന്നില്ല.

പ. വട്ടക്കുന്നേൽ ബാവായുടെ കാലം കഴിഞ്ഞതോടെ രണ്ട് വ്യക്തിത്വ ചിഹ്നങ്ങൾകൂടി അസ്തമിച്ചു. അവ ആർച്ച് മാൻഡ്രിയേറ്റ് വടിയും, *സാക്രോ* എന്നും അറിയപ്പെടുന്ന *ഏഫോദ്* എന്ന പാത്രിയർക്കീസും കാതോലിക്കായും മാത്രം ധരിക്കുന്ന പ്രത്യേക അംശവസ്ത്രവുമാണ്. ഇവയൊക്കെ പുനഃസ്ഥാപിക്കേണ്ടവയാണ്.

കാതോലിക്കേറ്റ് ശതാബ്ദി കടന്നിട്ടും, എട്ടു കാതോലിക്കാമാരെ വാഴിക്കുകയും, അവരിൽ ആറുപേരെ കബറടക്കുകയും ചെയ്തിട്ടും ഇവയ്ക്ക് ലിഖിതമായ ഒരു ചട്ടക്കൂട് ഇതുവരെ ഉണ്ടായിട്ടില്ല. കീഴ്വഴക്കങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ നടക്കുന്ന ഈ ചടങ്ങുകളിൽ വെള്ളം ചേർക്കപ്പെടുന്നത് സാധാരണമായതിനാൽ അവയെ ക്രോഡീകരിച്ച് ഒരു നിയമാവലി (Order of procedings) ഉടൻ ഉണ്ടാകേണ്ടിയിരിക്കുന്നു.

ഇന്ത്യയിലെ കാതോലിക്കേറ്റ് അതിന്റെ ശതാബ്ദി ആഘോഷിക്കുമ്പോൾ, ദേശീയതയുടെ പ്രതീകമായ ഈ സ്ഥാനത്തിന് കൂടുതൽ മിഴിവ് നൽകണമെന്ന് അനേകർ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ അതിനു വ്യക്തമായ ഒരു രൂപരേഖ നൽകാൻ ആർക്കും സാധിച്ചിട്ടില്ല. ഇതിനായി 2012-ൽ പൗരസ്ത്യ കാതോലിക്കായെ ഇന്ത്യൻ പാത്രിയർക്കീസായി പ്രഖ്യാപിക്കണം എന്ന് ചിലർ നിർദ്ദേശിച്ചിരുന്നു. ഇത് *ഭാരത രത്നം* ലഭിച്ചവർ പിന്നീട് *പത്മശ്രീക്ക്* അപേക്ഷിക്കുന്നതുപോലുള്ള ഒരു നടപടിയാണ്.

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ നസ്രാണികളുടെ ദേശവും ഭാഷയും ജാതിയും വംശവും സംസ്കാരവുമെല്ലാം വിഭിന്നമായി. വിവിധ ഭൂഖണ്ഡങ്ങളിലേയ്ക്കു നടക്കുന്ന കുടിയേറ്റങ്ങളാണ് ഇതിനു കാരണം. ഇനിയുള്ള കാലം നസ്രാണികളെ ഒരുമിച്ചു നിർത്തുന്ന ഏക ഘടകം *തോമാവബോധം* എന്ന നസ്രാണിത്വം മാത്രമായിരിക്കും. അതു കേന്ദ്രീകരിച്ചിരിക്കുന്നത് പൗരസ്ത്യ കാതോലിക്കായിലാണ്. ഈയൊരു കാഴ്ചപ്പാടോടെവേണം ശതാബ്ദി വർഷത്തിൽ കാതോലിക്കേറ്റിന്റെ വ്യക്തിത്വത്തെ പുനർനിർണ്ണയം നടത്താൻ.

2012-ൽ *പൗരസ്ത്യ കാതോലിക്കാ* എന്നത് *ഇന്ത്യൻ പാത്രിയർക്കീസ്* എന്നു നാമമാറ്റം നടത്തണമെന്ന് അപൂർവം ചിലർ പ്രസംഗിക്കുന്നുണ്ട്. ഇവർ കാതോലിക്കാ - പാത്രിയർക്കീസ് ഇവയുടെ ചരിത്ര പശ്ചാത്തലത്തെപ്പറ്റി അജ്ഞരാണ്. 16-ാം നൂറ്റാണ്ടിൽ റോമൻ കത്തോലിക്കർ ഭയപ്പെട്ട *കാതോലിക്കാ* എന്ന സ്ഥാനം ഇവരുടെ വാക്കുകേട്ട് മാറ്റണമെന്നു പറയുന്നവരെപ്പറ്റി നമുക്ക് പരിതപിക്കാം. അവർക്കുള്ള മറുപടി 1599-ലെ *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാ*കളിൽ തന്നെയുണ്ട്. *...കതൊലിക്കാ എന്ന മൊഴിയുടെ അർത്ഥം ആകുന്നത നസ്രാണികൾക്ക ഒക്കക്കും തലവൻ എന്ന...* ഈയൊരു വാചകത്തിന്റെ അർത്ഥമറിഞ്ഞാൽ ആരും ഈ സ്ഥാനമാറ്റത്തിനു ശ്രമിക്കില്ല.

പക്ഷേ മാറ്റേണ്ടുന്ന ഒന്നുണ്ട്. അത് *ബാവാ* എന്നുള്ള സംബോധനയാണ്.

1912-ൽ മലങ്കരയിൽ സ്ഥാപിച്ചതോടുകൂടി *ബാവാ* എന്ന സംബോധന കാതോലിക്കാമാർക്കും ലഭിച്ചു. സമീപകാലം വരെ അന്ത്യോഖ്യ പാത്രിയർക്കീസ്, പൗരസ്ത്യ കാതോലിക്കാ എന്നിവരെ മാത്രമാണ് സഭാതലവന്മാർ എന്ന പരമാവധി ബഹുമാനം നൽകി *ബാവ* എന്നു മലങ്കരയിൽ സംബോധന ചെയ്യപ്പെട്ടിരുന്നത്. എന്നാൽ സമീപകാലത്ത് *ബാവ* എന്ന പദത്തിൽ ഈ ബഹുമതിക്ക് ഇടിവുതട്ടി. കാതോലിക്കായുടെ ബദലും ഡ്യൂപ്ലിക്കേറ്റുമെല്ലാം *ബാവ* എന്ന പരസ്യമായി ഉപയോഗിച്ചു തുടങ്ങിയതോടെ മലങ്കര സഭാദ്ധ്യക്ഷനെയും അന്ത്യോഖ്യാ പാത്രിയർക്കീസിനെയും അപ്രകാരം സംബോധനചെയ്യുന്നത് അവരെ അപമാനിക്കുന്നതിനു തുല്യമായി മാറിയിട്ടുണ്ട്. പകരം *പരിശുദ്ധ പിതാവ്* (Holy Father) എന്നാക്കണം സഭാദ്ധ്യക്ഷന്മാരല്ലാത്ത, വെറും കീഴ്സ്ഥാനികൾ മാത്രമായ, ബദലിനും ഡ്യൂപ്ലിക്കേറ്റിനും ഇത് ഉപയോഗിക്കാനാവില്ല എന്നൊരു മെച്ചവും ഉണ്ട്.

എന്നെങ്കിലും ഒരിക്കൽ സഭകൾ തമ്മിൽ യോജിക്കും. അതൊരു യാഥാർത്ഥ്യമാണ്. നൂറ്റാണ്ടുകളിലെന്നൊക്കയോ സംഭവിച്ച തെറ്റുകളും തെറ്റിദ്ധാരണകളും മാറുമ്പോഴാണ് അതു അതു സംഭവിക്കുക. അല്ലാത്തപക്ഷം വേദശാസ്ത്ര സംവാദങ്ങളും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും വ്യർത്ഥമാണ്. ആത്മീയ കൊളോണിയലിസവും അധികം താമസിയാതെ ലോകത്തിൽനിന്ന് അപ്രത്യക്ഷമാകും. അപ്രകാരം രൂപമെടുക്കുന്ന ഏകീകൃത ഇന്ത്യൻ സഭയുടെ അദ്ധ്യക്ഷൻ പ. മാർത്തോമ്മ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം വാഴുന്ന കാതോലിക്കാ ആയിരിക്കും എന്നതും ഒരു യാഥാർത്ഥ്യമാണ്. അതിനായി പല വിട്ടുവീഴ്ചകളും ചെയ്യേണ്ടി വന്നേക്കാം. ഈയൊരു കാഴ്ചപ്പാടോടെ വേണം ഇന്ത്യയിലെ കാതോലിക്കേറ്റിന്റെ രണ്ടാം ശതാബ്ദത്തിലേയ്ക്കു കടക്കാൻ.

ഏകീകൃത ഇന്ത്യൻ സഭ എന്ന കാഴ്ച്ചപ്പാടോടെ ശതാബ്ദി വർഷത്തിൽ ചെയ്യേണ്ട ഒന്നുണ്ട്. നെസ്തോറിയൻ കാതോലിക്കാമാർ മലങ്കരയിലേയ്ക്കയച്ചിരുന്ന പേർഷ്യൻ മെത്രാന്മാരും, തുടർന്ന് കുറഞ്ഞത് നാലാം മാർത്തോമ്മാ വരെയെങ്കിലും ഉപയോഗിച്ചിരുന്ന സ്ഥാനനാമം - *തറവോദ് കോൽ ഹിന്ദോ* - പുനർജീവിപ്പിക്കണം. മലങ്കര സഭാദ്ധ്യക്ഷന് പരമ്പരാഗതമായി അവകാശപ്പെട്ട *ഇന്ത്യയൊക്കയുടേയും വാതിൽ* എന്നർത്ഥമുള്ള ഈ സ്ഥാനനാമത്തെ *ഏകീകൃത ഇന്ത്യൻ സഭയി*ലേയ്ക്കുള്ള ആദ്യ ചവിട്ടുപടിയായി വേണം കാണാൻ. ■

## പൊരുളും പ്രസക്തിയും

*9-ാം പേജിൽ നിന്നു തുടർച്ച...*

മാകണമെന്നില്ല. വലിയ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് സഭകളുടെ അത്ഭുതപൂർവ്വമായ വളർച്ചയും വികാസവും ഉണ്ടായിട്ടുള്ളത്. ഓരോ ഭദ്രാസനത്തിലും ഒരു മിഷൻ കേന്ദ്രം, ഓരോ സംസ്ഥാനത്തും ഒരു മിഷൻ പദ്ധതി എന്ന ബൃഹത്തായ പദ്ധതിക്ക് ഒരു രൂപരേഖ ഉണ്ടാക്കി പ്രവർത്തിച്ചു തുടങ്ങാൻ ദൈവം കനിഞ്ഞുനൽകിയ ഒരവസരമാണ് ഈ ശതാബ്ദി. മലങ്കരസഭയുടെ നാളിതുവരെയുള്ള ചരിത്രരേഖയിൽ 'മിഷൻ'പരമായ കാൽവെപ്പുകളും നീക്കങ്ങളും തുലോം പരിമിതമാണ്. ആഭ്യന്തരവും ബാഹ്യവുമായ മിഷൻ എന്നതിന് കാലികമായ ഒരു നിർവചനം ഉണ്ടായേതീരൂ. പ. പരുമല പുണ്യവാളൻ, ഒരു തീപ്പന്തംപോലെ നീങ്ങിയ പത്രോസ് മാർ ഒസ്താത്തിയോസ് എന്ന ചരിത്രപുരുഷൻ, 'മിഷൻ' എന്നതിന് ഒരളവുവരെ ഒരാധുനികമുഖം നൽകാൻ പാടുപെട്ട ഗീവറുഗീസ് മാർ ഒസ്താത്തിയോസ് പിതാവ് മുതലായവരുടെ നീക്കങ്ങളോട് തുടർഗതി ഉണ്ടായേതീരൂ. മിഷൻ എന്നാൽ മതം മാറ്റലല്ല; സ്നേഹത്തിന്റെ സുവിശേഷമറിയിക്കലാണ് എന്ന ബോദ്ധ്യവും ലക്ഷ്യവും ഇന്ന് അകലത്തല്ല. ഭദ്രാസന-ഇടവക തലങ്ങളിലെ റിപ്പോർട്ടിൽ "സംഖ്യ"കളുടെ കിലുക്കം മാത്രമല്ല, സ്നേഹസേവനസുവിശേഷത്തിന്റെ പരിമളവും ഉയരണം. ഇതിലേയ്ക്ക് കുറെ മനുഷ്യജീവിതങ്ങൾ പ്രതിഷ്ഠിക്കപ്പെടണം. തന്റെ ദൈവവിളി എന്ത് എന്ന് ഓരോരുവരും ചിന്തിക്കട്ടെ. അങ്ങനെയായാൽ മുമ്പുണ്ടായിട്ടില്ലാത്തവണ്ണം നവനവങ്ങളായ മിഷൻ "വയലുകളും" കാണാം.

ത്യാഗമില്ലാതെ ജീവിതവുമില്ല; സഭയുമില്ല. ഇക്കാലത്ത് ദാരിദ്ര്യം, ത്യാഗബുദ്ധി കേവലം വാക്ധോരണിയിൽ ഒതുങ്ങുന്നു. സ്ഥാനമാനങ്ങൾക്കുപുറകെ പായുന്നതും, സ്വയം നീതിമത്ക്കരിക്കുകയും, 'I am better than you' എന്ന നിശ്ശബ്ദപ്രമാണവും എല്ലാം ഇന്നു മലപോലെ ഉയർന്നുനിൽക്കുന്നത് കാണാതെ പോകരുത്. ആത്മികമായ നവോത്ഥാനവും ഉന്നതിയും കൃത്രിമമായി സൃഷ്ടിക്കാവുന്നതല്ല. പകരം വയ്ക്കാനാകാത്ത ഏതാനും ആത്മിക രത്നങ്ങൾ കൈമോശം വന്നിട്ടും അറിയാതിരിക്കുന്നതിനെ അനാസ്ഥ എന്നല്ലാതെ വിശേഷിപ്പിക്കാനാകുമോ?

സന്യാസചര്യ സഭയിലെ ഏതെങ്കിലും സ്ഥാനമാനങ്ങൾ അനായാസേന എത്തിപ്പിടിക്കാനുള്ള ചവിട്ടുപടിയായി കണക്കാക്കിയാൽ സന്യാസമുണ്ടാവില്ല; സഭയ്ക്ക് ഗുണവും ഉണ്ടാവില്ല. യഥാർത്ഥ ആത്മികചൈതന്യം പ്രസരിക്കുന്ന സന്യാസ സംഘങ്ങൾ വളർത്തിയെടുക്കാൻ കാര്യമായ ശ്രമങ്ങൾ ഉണ്ടാകണം. എല്ലാ രംഗങ്ങളിലും, അവയെ പ്രോത്സാഹിപ്പിക്കുകയല്ലാതെ, ഇകഴ്ത്തിക്കാണിക്കാൻ പാടുപെടുന്നത് സഭാസ്നേഹം കൊണ്ടാവാൻ വഴിയില്ല.

4. പുതിയ 'സെക്രട്ടറിയേറ്റ്' സമുച്ചയം യാഥാർത്ഥ്യമാകുന്നതോടെ, സഭയുടെ ഭരണകേന്ദ്രത്തിനും സംവിധാനങ്ങൾക്കും ഒരു ക്രമീകരണമുണ്ടാവണം. മലങ്കരമെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിൽ, സെക്രട്ടറിയേറ്റിന്റെ ചുമതലക്കാരനായി അതിനു യോഗ്യനായ ഒരാളെ (ബിഷപ്പ്/വൈദികൻ/അത്മായക്കാരൻ) കണ്ടെത്തി ചുമതലപ്പെടുത്തണം.

5. സഭയിൽ പ്രവർത്തിക്കുന്നതിന് യോഗ്യരായേക്കാവുന്നവരെ ചെറുപ്പത്തിൽതന്നെ കണ്ടെത്തി പരിശീലിപ്പിക്കുന്ന രീതി മുമ്പ് ഒരു ഘട്ടത്തിൽ നിലവിലുണ്ടായിരുന്നു. അത് പുനർജീവിപ്പിക്കാൻ കഴിഞ്ഞാൽ, മറ്റൊരു രംഗത്തും ശോഭിക്കാൻ സാദ്ധ്യതയില്ലാത്തവരുടെ തൊഴുത്തായി സഭ മാറുകയില്ല!

6. മലങ്കരസഭ 'കേരളസഭ'യല്ല; ഇന്ന് ഒരു ആഗോളസഭയാണ്. അങ്ങനെ ആ വിശാലമാനത്തിന്റെ നാനാർത്ഥങ്ങൾ തിരിച്ചറിഞ്ഞ്, ഭരണം, ആരാധനാസംവിധാനങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പ്രതികരണങ്ങൾ ഇവയെല്ലാം ചിട്ടപ്പെടുത്തിയില്ലെങ്കിൽ 'നാളെ' എന്ത് അഭിമാനിക്കാൻ കാര്യമായി ഒന്നുമുണ്ടാവില്ല.

7. ആഗോളമാനത്തിനനുസരിച്ച് ആരാധനാഗ്രന്ഥങ്ങൾ, വിശ്വാസസംബന്ധമായ പ്രസിദ്ധീകരണങ്ങൾ, പുതിയ ആരാധനാക്രമങ്ങൾ, യുവജനങ്ങൾക്ക് ഉത്സാഹമായി പങ്കെടുക്കാവുന്ന പരിപാടികൾ ഇവയിലേക്ക് ശ്രദ്ധതിരിക്കാൻ ഇനി അമാന്തിക്കാനാവില്ല. പ്രത്യേകിച്ചും പുതിയ "സഭകൾ" ഉയർത്തുന്ന വെല്ലുവിളി വെറുതെ ചിരിച്ചുതള്ളാവുന്നവയല്ല. ഒരു തലമുറയിൽ ഒരാളെയെങ്കിലും സഭയ്ക്ക് പുത്തനുണർവ്വേകാൻ ദൈവം നൽകും. ഈ തലമുറയ്ക്ക് അങ്ങനെയൊരു ഭാഗ്യം ഉണ്ടാകട്ടെ! അതിന് ഇനിയും കാത്തിരിക്കണമോ? ബർണഡ് ഷായുടെ ഒരു നാടകത്തിലെ അവസാനഭാഗങ്ങളിൽ രക്തസാക്ഷിയായി മരിച്ച Joau പ്രത്യക്ഷപ്പെട്ട് ചോദിക്കുന്നു: "How long, O, Lod! how long?" ■

ശതാബ്ദിചിന്ത

ഡോ. അലക്സ് ഫിലിപ്പ്, ചാത്തന്നൂർ

# മാർത്തോമ്മൻ പൈതൃകം



സഭ അതിന്റെ നിലനിൽപ്പിനായി ഉറ്റ് നോക്കുന്ന യുവാക്കൾക്ക് ഈ വർഷം യുവജനവേദികളിൽ ചർച്ചയ്ക്കായി നൽകിയിരിക്കുന്ന മുഖ്യ ചിന്താവിഷയം 'മാർത്തോമ്മൻ പൈതൃകവും സാമൂഹിക പ്രതിബദ്ധതയും' എന്നതാണ്. കാതോലിക്കേറ്റിന്റെ ശതാബ്ദി വർഷത്തിൽ ഈ വിഷയത്തിന് കാലിക പ്രസക്തിയുണ്ടെങ്കിലും യുവാക്കളുടെ ചർച്ചാവേദിയിൽ ഈ വിഷയം വേണ്ടരീതിയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്.

ആദ്യഭാഗം 'മാർത്തോമ്മൻ പൈതൃകമാണ് 'സഭാചരിത്രം' എന്ന വിഷയം ഭൂരിപക്ഷത്തിനും വലിയ താൽപര്യം ജനിപ്പിക്കാറില്ല. കാരണം നാം 'സഭാചരിത്രം' പഠിപ്പിക്കുന്നത് സ്ക്കൂളുകളിലും മറ്റും ഇതരചരിത്രങ്ങൾ പഠിപ്പിക്കുന്നത് പോലെയാണ്. വ്യക്തമായ മാർഗ്ഗരേഖയോ രീതിയോ ഇല്ലാതെ കേവലം ചരിത്രാവലോകനം പോലെ നാം സഭാചരിത്രത്തെ ഏറ്റ് പാടുന്നു. ഇതിനിടയിൽ പൂർവ്വികർ തുടങ്ങിവെച്ച തർക്കത്തെ അതുപോലെ ഏറ്റ് പഠിക്കുകയും ചെയ്യുന്നു.

ആദ്യകാലത്ത് തർക്കം 'തോമാശ്ലീഹാ' കേരളത്തിൽ വന്നെന്നും ഇല്ലെന്നും ആയിരുന്നു. ക്രമേണ ഏവരും ആ സത്യം അംഗീകരിച്ചു. തുടർന്ന് ഏത് വർഷം വന്നു എന്നതായി തർക്കം AD 52, 54, 72 തുടങ്ങി വിവിധ വർഷങ്ങൾ പൊന്തിവന്നു. ഇനിയും ഈ തീയതി സ്ഥിരീകരിച്ചിട്ടില്ല. ആദ്യകാല ചരിത്രകാരന്മാർ ബ്രാഹ്മണരാണ് ക്രിസ്ത്യാനികളായത് എന്ന് വ്യാപകമായി പ്രചരിപ്പിച്ചു. അത് ചരിത്രപരമായി നിലനിൽക്കുന്നതാണോ എന്ന് പോലും നോക്കാതെ അത് നമ്മൾ ഏറ്റുപിടിച്ചു. വൈകിയെങ്കിലും ഇന്ന് നാം അംഗീകരിക്കുന്നു ആദ്യനൂറ്റാണ്ടിൽ കേരളത്തിൽ ബ്രാഹ്മണമതം പ്രചരിപ്പിച്ചിരുന്നില്ല എന്ന്. ഇപ്പോൾ ചരിത്രകാരന്മാർ 'യഹൂദ പാരമ്പര്യത്തിന് പുറകിലാണ്. എ.ഡി. 80-ന് ശേഷം (യറുശലേം ദേവാലയം തകർക്കപ്പെട്ടതിന് ശേഷം) മാത്രമാണ് യഹൂദ കുടിയേറ്റം ആരംഭിച്ചത് എന്നാരെങ്കിലും സമർത്ഥിച്ചാൽ അന്ന് ഈ 'യഹൂദപാരമ്പര്യത്തിന്റേയും' ആയുസ്സ് തീരും.

എവിടെയാണ് നമ്മുടെ ചരിത്രകാരന്മാർക്ക് പിഴച്ചത്? സഭാചരിത്രത്തെ അതിന്റെ ആത്മീയകണ്ണോടെ കാണാതെ കേവലം ലൗകികമായി ദർശിച്ചാൽ ഇത്തരം അബദ്ധങ്ങളിൽ നാം ചെന്ന് ചാടും. സഭാചരിത്രങ്ങൾ വിശദമാക്കാൻ നൂറ്റാണ്ടുകൾ മുൻപ് തന്നെ പൗരസ്ത്യ സഭകൾ സ്വന്തമായ ചല ആഖ്യാനശൈലികൾ പിന്തുടരുന്നുണ്ട്. (ഉദാ. 5-ാം തുബ്ദേൻ സുറിയാനി സഭയുടെ ആദ്യകാല ചരിത്രം വിശദമാക്കുന്നു). ഈ ആഖ്യാന ശൈലി ചരിത്രവസ്തുതകളെ അപഗ്രഥിച്ച് പോകുകയില്ല മറിച്ച് ചരിത്രത്തിൽ ഇടപെട്ട ദൈവത്തെ നന്ദിപൂർവ്വം സ്മരിക്കുകയാണ്. നിർഭാഗ്യവശാൽ നമ്മുടെ ചരിത്രകാരന്മാർ ആരും തന്നെ ഈ മാർഗ്ഗം പിന്തുടർന്നില്ല. അതിനാൽ തന്നെ അവരുടെ വാദങ്ങൾ കാലത്തെ അതിജീവിക്കുന്നില്ല. അതുകൊണ്ട് നമുക്ക് ഒരു പുതിയ ചരിത്ര ആഖ്യാന ശൈലി ആവശ്യമാണ്.

**മാർത്തോമ്മൻ പൈതൃക ത്തിന്റെ രണ്ടാമത്തെ പ്രസക്തി ഇവിടെ ആദ്യനൂറ്റാ ണ്ടിൽ തന്നെ സഭ പ്രചരിച്ചു എന്നതാണ്. ക്രിസ്തീയസ ഭയെ 'നിർമ്മല സഭ' 'പരിശുദ്ധ സഭ' എന്ന് ഇപ്പോഴും സംബോ ധന ചെയ്യുന്നുവെങ്കിലും സഭ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അപ്രകാരം നിലനിന്നത് ആദ്യനൂറ്റാണ്ടിലാണ്**

എ.ഡി. 52-ൽ തോമാശ്ലീഹാ മലങ്കരയിൽ വന്നു. ഇതിൽ നാം പ്രാധാന്യം കൊടുക്കേണ്ടത് തോമാശ്ലീഹായ്ക്കും അദ്ദേഹം വന്ന കാലഘട്ടത്തിനുമാണ്. സുവിശേഷകന്മാർ ഒന്നിലധികം തവണ പരാമർശിച്ച ഒരു നാമമാണ് തോമാശ്ലീഹായുടേത്. അദ്ദേഹത്തെ തന്നെ കിലോമീറ്ററുകൾക്കപ്പുറം ഈ കൊച്ചുകേരളത്തിൽ നമ്മുടെ പൂർവ്വികരുടെ അടുത്തേക്ക് കർത്താവ് അയച്ചുവെങ്കിൽ കർത്താവിന് നമ്മോടുള്ള കരുതൽ എന്ത് മാത്രം വലുതാണ് എന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ആദ്യനൂറ്റാണ്ടിൽ യറുശലേമിൽ നിന്ന് ഏറ്റവുമധികം ദൂരത്ത് നിലനിന്ന ഏകസഭ നമ്മുടേതാണ്. ഒരു പക്ഷേ ഇതിനേക്കാൾ ദൂരത്തിൽ മറ്റേതെങ്കിലും സഭ സ്ഥാപിക്കപ്പെട്ടിരിക്കാം. പക്ഷേ ചരിത്രം പറയാൻ പോലും അവർ ഇന്ന് അവശേഷിക്കുന്നില്ല. ചരിത്രത്തിൽ ഇടപെട്ട് ഇത്രയും കരുതലോടെ നമ്മെ കാത്തുസൂക്ഷിച്ച കർത്താവിന്റെ കരുതലിനെ നാം വിസ്മരിക്കരുത്. ഈ കരുതലാണ് മാർത്തോമ്മൻ പൈതൃകത്തിന്റെ ആദ്യ പ്രസക്തി.

മാർത്തോമ്മൻ പൈതൃകത്തിന്റെ രണ്ടാമത്തെ പ്രസക്തി ഇവിടെ ആദ്യനൂറ്റാണ്ടിൽ തന്നെ സഭ പ്രചരിച്ചു എന്നതാണ്. ക്രിസ്തീയസഭയെ 'നിർമ്മല സഭ' 'പരിശുദ്ധസഭ' എന്ന് ഇപ്പോഴും സംബോധന ചെയ്യുന്നുവെങ്കിലും സഭ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അപ്രകാരം നിലനിന്നത് ആദ്യനൂറ്റാണ്ടിലാണ്. അതുകൊണ്ടാണ് നാം ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ നമ്മെ മടക്കിക്കൊണ്ടു പോകണമേ എന്ന് പ്രാർത്ഥിക്കുന്നത്. അതായത് ആദ്യനൂറ്റാണ്ടിലെ നിർമ്മല സഭയുടെ ഒരു ഭാഗം ഇവിടെ മലങ്കരയിലും സ്ഥിതിചെയ്തിരുന്നു എന്ന് നാം മനസ്സിലാക്കണം. ഇതാണ് മാർത്തോമ്മൻ പൈതൃകത്തിന്റെ രണ്ടാമത്തെ പ്രസക്തി.

മാർത്തോമ്മൻ പൈതൃകത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒഴിവാക്കാനാവാത്തത് അദ്ദേഹം ഇവിടെ ഏഴര പള്ളികൾ സ്ഥാപിച്ചു എന്ന പാരമ്പര്യമാണ്. എന്നാൽ ഈ പാരമ്പര്യത്തെ വളരെ ലാഘവത്തോടെയാണ് നാം കാണുന്നത്. ഈ പാരമ്പര്യത്തെ ഗൗരവത്തോടെ വീക്ഷിച്ച് അതിന് പുതിയ ഒരു മാനം നൽകിയത് ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തിരുമേനിയാണ്. അദ്ദേഹം ഇതിന് നൽകിയ വിശദീകരണം ഇനിയും നാം വേണ്ടത്ര ഗൗരവത്തിലെടുത്തിട്ടില്ല. പള്ളി എന്ന് പറയുമ്പോൾ നമ്മുടെ മനസ്സിലേക്കോടിയെത്തുന്ന ചിത്രം തികച്ചും ഭൗതികമാണ്. എന്നാൽ ലോകത്തൊരിടത്തും ആരാധനാ സമൂഹത്തിന് വേദിയല്ലാതെ ദേവാലയം ക്രിസ്ത്യാനികൾ നിർമ്മിച്ചിട്ടില്ല. കേരളത്തിൽ ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടെയും ദേവാലയങ്ങളെ മാത്രമേ 'പള്ളി' എന്ന് വിളിക്കുന്നുള്ളു. ഇരുവരും ആരാധനാ സമൂഹത്തിന് വേണ്ടി മാത്രമാണ് ദേവാലയങ്ങൾ നിർമ്മിക്കുന്നത്. അതായത് തോമാശ്ലീഹാ ഏഴര പള്ളികൾ സ്ഥാപിച്ചു എന്ന് പറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് അദ്ദേഹം 7 ആരാധനാ സമൂഹത്തെ സ്ഥാപിച്ചു എന്നതാണ്.

ഒന്നാം നൂറ്റാണ്ടിൽ ഓരോ ആരാധനാ സമൂഹവും ഓരോ പ്രാദേശിക സഭകളായിരുന്നു ഓരോ സഭയ്ക്കും ഓരോ തലവന്മാരുമുണ്ടായിരുന്നു. 3-ാം നൂറ്റാണ്ട് മുതൽക്കാണ് ഈ തലവന്മാർക്ക് 'മെത്രാപ്പോലീത്താ' എന്ന സ്ഥാനനാമം ലഭിച്ചത്. അതിനർത്ഥം അതിനു മുൻപ് 'മെത്രാപ്പോലീത്താമാരില്ലായിരുന്നുവെന്നല്ല. അങ്ങനെയെങ്കിൽ ആദ്യനൂറ്റാണ്ടിൽ തോമാശ്ലീഹാ ഇവിടെ 7 പ്രാദേശികസഭകൾ സ്ഥാപിച്ചു. ആ സഭകൾക്കായി 7 മെത്രാപ്പോലീത്താമാരടങ്ങുന്ന ഒരു സുന്നഹദോസും അന്ന് ഉണ്ടായിരുന്നു. (ഭാരത സഭ ആദിമുതലേ സ്വാതന്ത്ര്യം പേജ്-553, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് സമ്പൂർണ്ണ മലയാള രചനകൾ: വാല്യം 1).

അതായത് ഭാരതസഭ ആദ്യനൂറ്റാണ്ടിൽ സ്വതന്ത്രസഭയായിരുന്നു 3-ാം നൂറ്റാണ്ടിൽ പേർഷ്യക്കാരും 16-ാംനൂറ്റാണ്ടിൽ കത്തോലിക്കരും പിന്നീട് അന്ത്യോഖ്യരും അതിന്റെ സ്വാതന്ത്ര്യം തട്ടിയെടുത്തു. 1600 വർഷം നാം സമരം ചെയ്തു. 1912-ൽ കാതോലിക്കേറ്റ് പുനഃസ്ഥാപിച്ചതോടെ നമുക്ക് ആ സ്വാതന്ത്ര്യം തിരികെകിട്ടി. ഇതാണ് കാതോലിക്കേറ്റിന്റെ പ്രസക്തി. കാതോലിക്കേറ്റ് സ്ഥാപനം നമ്മെ മടക്കിക്കൊണ്ട് പോകുന്നത് ആദ്യനൂറ്റാണ്ടിന്റെ മലങ്കരസഭയുടെ അവസ്ഥയിലേക്ക് തന്നെയാണ്. അതിലാണ് നാം അഭിമാനം കൊള്ളേണ്ടത്. അല്ലാതെ തെഗ്രീസിലെ കാതോലിക്കാ സ്ഥാനത്തിലല്ല. ഈ സത്യം വിസ്മരിക്കുന്നത് നമ്മുടെ തന്നെ സ്വത്വത്തെ നിഷേധിക്കലാണ്. ഇതാണ് മാർത്തോമ്മൻ പൈതൃകത്തിന്റെ മൂന്നാമത്തെ പ്രസക്തി.

മേൽവിവരിച്ച മാർത്തോമ്മൻ പൈതൃകത്തിന്റെ യഥാർത്ഥമായ തെളിവുകൾ എന്തെന്ന് കൂടി പരിശോധിക്കാം. കൂനൻ കുരിശ് സത്യം വരെ മലങ്കരസഭ ഒന്നായിരുന്നു. അതിനു ശേഷം ഒരു കൂട്ടർ വിഭജിച്ച് മാറി അവരാണ് ഇന്നത്തെ സീറോ മലബാർ സഭ. മാവേലിക്കര പടിയോലയ്ക്ക് ശേഷം ബ്രിട്ടീഷ് മിഷനറിമാരോടു ആഭിമുഖ്യം പ്രകടിപ്പിച്ച് ഒരു ന്യൂനപക്ഷം പുറത്തുപോയി. ഇന്നത്തെ സി.എസ്.ഐ. സഭയിലെ മധ്യകേരളയിടവക അതാണ്. പിൽക്കാലത്ത് മാർത്തോമ്മസഭയും മാർത്തോമ്മ സഭയിൽ നിന്ന് ഇവാഞ്ചലിക്കൽ സഭയും രൂപപ്പെട്ടു. തുടർന്ന് മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ വീണ്ടും ഒരു കൂട്ടർ പിളർന്ന് ഇന്നത്തെ മലങ്കര റീത്ത് സ്ഥാപിച്ചു. ഏറ്റവുമൊടുവിൽ ഔഗേൻ ബാവായുടെ ഭരണകാലത്ത് ഒരു വിഭാഗം അന്ത്യോഖ്യൻ ആഭിമുഖ്യം പ്രകടിപ്പിച്ച് പാത്രിയർക്കീസ് വിഭാഗം രൂപപ്പെടുത്തി.

എന്നാൽ നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്ന വിഷയം ഇവരാരും തന്നെ-തങ്ങൾ-ആഭിമുഖ്യം പ്രകടിപ്പിച്ച സഭയിൽ ഇന്നും ലയിച്ചിട്ടില്ല എന്നതാണ്. സീറോ മലബാർ സഭയും, മലങ്കര റീത്തും സ്വന്തമായ ആരാധനാ സംവിധാനവുമായി ഉൾഭരണ സ്വാതന്ത്ര്യമുള്ള സഭയായി കത്തോലിക്കാസഭയിൽ നിലകൊള്ളുന്നു. കത്തോലിക്കാ സഭയിൽ ലയിക്കുക എന്ന അജൻഡ അവർ ഒരിക്കലും സ്വീകരിച്ചിട്ടില്ല. സ്വീകരിക്കുകയും ഇല്ല. മാർത്തോമ്മാ, ഇവാഞ്ചലിക്കൻ സഭ സ്വതന്ത്ര സഭയായി തന്നെ നിലനിൽക്കുന്നു. ഏറ്റവും രസകരമായ സംഗതി സി.എസ്.ഐ. സഭയുടെ ആരാധനാ രീതി വരെ സ്വീകരിച്ച് നിലകൊള്ളുന്ന മദ്ധ്യ കേരള ഇടവകയാണ്. ഇന്നും സുറിയാനി ക്രിസ്ത്യാനികൾക്ക് മാത്രം അവകാശപ്പെട്ട ചില ആചാരങ്ങൾ (മിന്നുകെട്ട്) അതുപോലെ തന്നെ ഉൾക്കൊണ്ട് അവർ മറ്റിടവകയിൽ ലയിക്കാതെ

സഭയ്ക്കുള്ളിൽ തന്നെ വേറിട്ട് നിൽക്കുന്നു. യാക്കോബായ സഭ പോലും അവരവകാശപ്പെടുന്നത് പോലെ അന്ത്യോഖ്യൻ സഭയിൽ ലയിച്ചിട്ടില്ല. അവരുടെ 'കാതോലിക്കാസ്ഥാപനം' അവരുടെ ഉൾഭരണ സ്വാതന്ത്ര്യത്തെയാണ് സൂചിപ്പിക്കുന്നത്.

എന്താണ് ഇത്തരം ജീവിക്കുന്ന തെളിവുകൾ സൂചിപ്പിക്കുന്നത്? നാം പോലും അറിയാതെ നമ്മിൽ നിലനിൽക്കുന്ന മാർത്തോമ്മൻ പൈതൃകമാണ് ഈ പൊതുവികാരം. മാർത്തോമ്മൻ പൈതൃകം ഒരു പാരമ്പര്യം മാത്രമല്ല. ഇന്നും നമ്മിൽ നിലനിൽക്കുന്ന ഒരു പൊതുവികാരമാണ്. അതിനിനിയും അപാരമായ സാധ്യതയുണ്ട്. കേരളത്തിലെ മുഴുവൻ മാർത്തോമ്മൻ ക്രിസ്ത്യാനികളും ഒരു പൊതു വികാരം മനസ്സിലാക്കി ഒന്നിക്കേണ്ട സമയമായി. ഒരു കുടക്കീഴിൽ നാം അണി നിരക്കുന്ന ഒരു വിശാലമായ ലോകത്തെക്കുറിച്ച് പുതിയ തലമുറ സ്വപ്നം കാണാൻ തുടങ്ങണം. അത് യാഥാർത്ഥ്യമാകുന്ന ഒരു കാലത്തിന് വേണ്ടി നാം പ്രാർത്ഥിക്കണം.

'കൂദാശയെ' അഥവാ 'വിശുദ്ധീകരണ'ത്തെക്കുറിച്ച് പൗരസ്ത്യസഭകൾ പഠിപ്പിക്കുന്നത് അഞ്ച് ഇന്ദ്രിയങ്ങൾകൊണ്ടും ദൈവത്തെ അറിയുക എന്നതാണ്. 'ദൈവത്തെ കാണണം' 'ദൈവത്തെ കേൾക്കണം' 'ദൈവത്തെ സ്പർശിക്കണം' 'ദൈവത്തെ രുചിക്കണം' 'ദൈവത്തെ മണക്കണം' ഇത് ഒരു തുടർ അനുഭവമായി സഭ പഠിപ്പിക്കുകയും ചെയ്യുന്നു. അതായത് ദൈവത്തെ മാത്രമേ കാണാൻ പാടുള്ളൂ. ദൈവത്തിന്റെ ശബ്ദം മാത്രമേ കേൾക്കാവൂ. ദൈവത്തെ മാത്രമേ സ്പർശിക്കാവൂ. ദൈവത്തെ മാത്രമേ രുചിക്കാവൂ, അവന്റെ മാത്രം ഗന്ധമേ ശ്വസിക്കാനും പാടുള്ളൂ. ഇതാണ് യഥാർത്ഥ കൗദാശിക ജീവിതം കൊണ്ട് അർത്ഥമാക്കുന്നത്. ഈ ഇന്ദ്രീയ അനുഭവങ്ങളെല്ലാം ഒന്നുപോലെ വി. കുർബാനയിൽ വരുന്നത് കൊണ്ടാണ് പരമമായ കൂദാശയായി പിതാക്കന്മാർ വി. കൂദാശയെ കാണുന്നത്.

ഈ ലോകത്തിൽ ദൈവം സൃഷ്ടിച്ച സകലത്തിലും ദൈവിക അംശം കണ്ടെത്താൻ നമുക്ക് കഴിയണം. അശരണരുടേയും പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന സമൂഹത്തിന്റേയും ശബ്ദം ദൈവിക ശബ്ദമായി കേട്ട് അവരിലേക്ക് ഇറങ്ങാൻ കഴിയണം. ലോകത്തിന്റെ രുചികളിൽ മയങ്ങിക്കിടക്കാതെ ദൈവിക രുചിയിൽ ആത്മസംതൃപ്തി നേടാൻ നമുക്ക് കഴിയണം. ആരാലും തൊടാൻ അറയ്ക്കുന്ന രോഗികളെ തൊട്ടുകൊണ്ട് ദൈവസ്പർശം സാധ്യമാക്കണം. ലോകഗന്ധങ്ങളിൽ മനംമയങ്ങി ജീവിതത്തെ സാത്താന്റെ അരമനകളിൽ കൊണ്ട് കെട്ടിയിടാതെ ദൈവഗന്ധം തിരിച്ചറിഞ്ഞ് ദൈവിക സുഗന്ധം ലോകത്തിൽ പരത്താൻ ഈ തലമുറയ്ക്ക് കഴിയട്ടെ. ■


**9th Death Anniversary, 27.Sept.2012**



**C.M. THOMAS**

**Chembolil House, Thazhakara P.O., Mavelikara-2**

*By Sorrowing Family,*

**Kunjandamma Thomas (wife)**

**Children & Grand Children**



**20-ാം ചരമവാർഷികം**

**05-09-2012**



**മാത്യൂസ് നാടാവള്ളിൽ**

**ചന്ദനപ്പള്ളി**

കർത്താവേ നിൻ മദ്ബഹായിൽ
സ്മൃതരാകട്ടെ മൃതി പൂണ്ടോർ
നിൻ ശ്രേഷ്ഠത വെളിവാകും നാൾ
നിൻ വലമായവർ നിൽക്കണമെ.

***Inserted by Sorrowing Family***



**3-ാം ചരമ വാർഷികം**

**05-09-2012**

റവ. ഫാ. പി. ജോർജ്

**വല്ല്യഴികത്ത് പുത്തൻവീട്,**
**ഭരണിക്കാവ് തെക്ക്, കറ്റാനം**




*"ആചാര്യേശാ! മശിഹാ! കൂദാശകളർപ്പിച്ചോരീ-*
*യാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം'*

എന്ന്

**സന്തപ്ത കുടുംബാംഗങ്ങൾ**

# മിശിഹാകാലം 1912 കന്നി 2–ാം തീയതി



## അബ്ദേദുമിശിഹാ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ കൽപ്പന

സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ തനിക്കു സ്തുതി. അന്ത്യോഖ്യാ യുടെ ശ്ലൈഹിക സിംഹാസനത്തിന്റെ രണ്ടാമത്തെ അബ്ദേദ്മിശിഹാ ആകുന്ന ഇഗ്നാത്യോസ് പാത്രിയർക്കീസ്

(മുദ്ര)

**സെ**ഹിയോൻമാളികയിൽ വച്ച് നമ്മുടെ കർത്താവേശുമിശിഹാ തന്റെ പരിശുദ്ധശിഷ്യന്മാർക്കു നൽകുകയും തന്റെ സാന്നിദ്ധ്യത്താൽ അവരുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്തതായ, ദൈവികകൃപയും സ്വർഗ്ഗീയവാഴ്വും പരിശുദ്ധവും ആത്മികവുമായ സമാധാനവും, വിലയേറിയ തിരുരക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ടവരും വി. മാമോദീസായാൽ മുദ്രകുത്തപ്പെട്ടവരും സത്യവിശ്വാസത്താൽ അലംകൃതരും പത്രോസിനടുത്ത പാറമേൽ സുസ്ഥിരരും ഏവൻഗേലിയോന്യവും, പൈതൃകവുമായ കൽപ്പനകളെ അനുസരിക്കുന്നവരും ആയ വാഴ്ത്തപ്പെട്ട പ്രധാനാചാര്യന്മാരും വെടിപ്പുള്ള അഹറോന്യ പുരോഹിതന്മാരും നിർമ്മലരായ അന്തോനിയോസ് ദയറാക്കാരും സമർത്ഥന്മാരും വിജ്ഞാനികളും ശോഭയുള്ളവരുമായ സ്തേപ്പാനോസ്യശെമ്മാശ്ശന്മാരും വിശ്വസ്തരായ എപ്പിസ്കോപ്പന്മാരും പ്രധാനികളും, വ്യാപാരികളും, ശ്രേഷ്ഠന്മാരായ വൃദ്ധന്മാരും സുരക്ഷിതമായ ശിശുക്കളും പൈതങ്ങളും പരിപാകതയുള്ള സ്ത്രീകളും പുത്രിമാരും എല്ലാ പ്രായത്തിലും അളവിലും ഇരിക്കുന്ന വിശ്വാസികളുമായി ഇൻഡ്യയിലെ മലബാർദേശത്ത് പിതാവാംദൈവത്തിന്റെ കരുണയുടെ നിഴലിൻകീഴിൽ നിവസിക്കുന്ന നമ്മുടെ അനുഗ്രഹീതരും വാഴ്ത്തപ്പെട്ടവരുമായ സ്നേഹിതന്മാരും വത്സലന്മാരുമായവരുടെ ശിരസ്സുകൾമേൽവന്ന് ആവസിക്കുമാറാകട്ടെ. ദൈവമായ കർത്താവിന്റെ അനുഗ്രഹം ശാരീരികവും മാനസികവുമായ എല്ലാ പരീക്ഷകളിൽ നിന്നും അവരെ രക്ഷിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ മറിയാമിന്റെയും സകല പരിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയാൽതന്നെ ആമ്മീൻ.

ബഹുമാനമുള്ളവരും ആത്മികരുമായ പ്രിയപ്പെട്ടവരേ, കണ്ടനാട് ഇടവകയുടെ ബ. പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെക്കുറിച്ച് നിങ്ങളുടെ സ്നേഹത്തോടു നാം അറിയിക്കുന്നതെന്നാൽ, പരുമല സെഹിയോൻപള്ളിയിൽവച്ച് മലങ്കരയുടെ അനുഗ്രഹീതയോഗത്തിൽ നിങ്ങളിൽനിന്നും കാതോലിക്കാസ്ഥാനത്തേക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം നമ്മുടെ പക്കൽ സന്നിഹിതനാവുകയും ആത്മദൃഷ്ടിയാൽ നാം പരിശോധിച്ചതിൽ അദ്ദേഹത്തിൽ നാം അത്യധികം സന്തുഷ്ടനാകയും ചെയ്തു. കുറ്റമില്ലാത്ത തിരുരക്തത്താൽ വിലയ്ക്കു കൊള്ളപ്പെട്ട ആട്ടിൻപറ്റത്തെ മേയിപ്പാൻ സത്യവാന്മാരും ചൊവുള്ളവരും ആയ ഇടയന്മാർ നിങ്ങൾക്കാവശ്യമാണെന്ന് നാം ഗ്രഹിച്ചു. എന്തെന്നാൽ നിങ്ങൾക്ക് ഇപ്പോഴുള്ളവർ സഭാപരമായ ശ്രമങ്ങളുടെ സംരക്ഷണത്തിന് നിങ്ങൾക്കു മതിയാകയില്ലെന്ന് നിങ്ങൾ പറയുന്നു. ഇപ്രകാരം നിങ്ങളുടെ ആത്മികസ്നേഹത്തിന്റെ സംസാരത്തിൽനിന്നും നമുക്കു ബോദ്ധ്യമായിരിക്കുന്നു. ആയത് സകലവിധത്തിലും സർവ്വദാ ഉദാസീനത കൂടാതെ പാലിക്കുവാൻ യുക്തവും വിഹിതവുമാകുന്നു. ദൈവം സഭയിൽ ആദ്യമെ ശ്ലീഹന്മാരെയും പിന്നീട് ദീർഘദർശിമാരെയും അവരുടെ ശേഷം വ്യാഖ്യാതാക്കളെയും നിയമിച്ചു എന്നിങ്ങനെ പറഞ്ഞിരിക്കുന്നവണ്ണം തന്നെ. ഇത് സഭയുടെ ക്രമീകരണത്തിനും മഹിമയ്ക്കും അതിന്റെ ആത്മികമക്കളുടെ ക്രമപാലനത്തിനും അത്രേ. 'നീ എന്റെ കുഞ്ഞാടുകളെ മേയിക്ക, എന്റെ പള്ളാടുകളെ മേയിക്ക, എന്റെ പെണ്ണാടുകളെ മേയിക്ക' എന്ന് നമ്മുടെ കർത്താവേശുമിശിഹാ ശിമവോൻ കീപ്പായോട് മൂന്നുപ്രാവശ്യം അരുളിച്ചെയ്തുകൊണ്ട്, ഭരമേൽപ്പിച്ച കർത്തൃപരമായ ക്രമപ്രകാരം, ഇടയസ്ഥാനത്തിന്റെ പദവിയിൽനിന്ന് നിങ്ങളുടെ അപേക്ഷയെ സാധിച്ചുതരേണ്ടത് യുക്തവും ന്യായവുമാകുന്നുവല്ലോ. ആയത് നന്മയോ, തിന്മയോ ആയ പ്രവൃത്തികൾക്കനുസരണമായി ഓരോരുവനെയും ന്യായം വിധിപ്പാൻ താൻ എഴുന്നള്ളുമ്പോൾ മറുപടി കൊടുക്കാൻ കഴിയാതെ, സത്യഇടയനും എല്ലാ ഇടയന്മാരുടെയും നാഥനും ആയവന്റെ സന്നിധിയിൽ നമുക്കു കുറ്റം ഉണ്ടാകാതിരിക്കേണ്ടതിന് അത്രെ. നീതിമാനായ ഈയൂബ് 'വിധിദിവസത്തിൽ ദൈവം എഴുന്നേൽക്കുമെങ്കിൽ ഞാൻ എന്തുചെയ്യേണ്ടു? ഞാൻ എന്തുമറുപടി കൊടുക്കും?' എന്ന് ചോദിച്ചിരിക്കുന്നു. വീണ്ടും 'കർത്താവിന്റെ നിരൂപണശക്തിയുള്ളതും മനുഷ്യന്റേത് ബലഹീനവുമാകുന്നു' എന്ന് ഏശായാ ദീർഘദർശിയും പറഞ്ഞിരിക്കുന്നു. ഇതുനിമിത്തം നമ്മുടെ കർത്താവേശുമിശിഹാ ശെമവോൻ കീപ്പായെ ഭരമേൽപ്പിച്ച കർത്തൃപരമായ ക്രമപ്രകാരമുള്ള ഇടയസ്ഥാനത്തിന്റെ പദവിയിൽനിന്നും ചെയ്തുതരുവാൻ നമുക്കുവേണ്ടിയിരിക്കുന്നവണ്ണം നമ്മുടെ സത്യസഭയുടെ വിശ്വാസാനുസരണം പരിശുദ്ധസഭയുടെ ക്രമത്തിന്റെ നടത്തിപ്പിന് ആവശ്യമായിരിക്കുന്ന എല്ലാ ആത്മിയാംശങ്ങളെയും ശുശ്രൂഷിപ്പാനായിട്ട് കാതോലിക്കായെ അഥവാ മപ്രിയാനായെ നിങ്ങൾക്കു നിലനിർത്തുവാൻ നാം പ്രേരിതനാ

യി. ദൈവത്തിലും പരിശുദ്ധ റൂഹായിലും നാം ശരണപ്പെട്ടു. താൻ മനസ്സാകുന്നിടത്ത് ഊതുകയും ആവസിക്കുകയും തന്റെ ആവാസത്തിൻപ്രകാശത്തിൽ എല്ലാ ബോധങ്ങളെയും പ്രകാശിപ്പിക്കയും ആത്മികങ്ങളും രഹസ്യപരങ്ങളുമായ എല്ലാ നൽവരങ്ങളെയും പൂർത്തീകരിക്കും ചെയ്യുന്നു. 'ആത്മാവ് ഇഷ്ടപ്പെടുന്നിടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ അത് എവിടെനിന്ന് വരുന്നു എന്നോ എവിടേക്കു പോകുന്നു എന്നോ നീ അറിയുന്നില്ല.' നിരണത്ത് വി. ദൈവമാതാവിന്റെ പള്ളിയിൽവച്ച് മലങ്കരയിലെ മെത്രാപ്പോലീത്തന്മാരുടെ തലവനായ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായോടും ശേഷം മേൽപ്പട്ടക്കാരോടും ദയറായക്കാരോടും ശെമ്മാശ്ശന്മാരോടും വിശ്വാസികളുടെ വലിയ ഒരു സമൂഹത്തോടുംകൂടി മിശിഹാകാലം 1912 കന്നിമാസം 2-ാം തീയതി ഞായറാഴ്ച നാം സന്നിഹിതനായി. നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മികവാത്സല്യവാനായ ഈവാനിയോസിനെ ബസ്സേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാനായായി കിഴക്കിന്റെയും അതായത് ഇൻഡ്യയിലും മറ്റുമുള്ള മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കായായി നാം പട്ടംകൊടുത്തിരിക്കുന്നു. തദവസരത്തിൽ എല്ലാ പിതാക്കന്മാരും ശേഷം ജനങ്ങളും ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ്, മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ യോഗ്യനും അർഹനുമാകുന്നു എന്ന് ഏകസ്വരത്തിൽ അട്ടഹസിച്ചുപറഞ്ഞു. വിളിക്കു യോഗ്യനായിത്തീർന്നപ്രകാരം അദ്ദേഹം കാതോലിക്കാ ആയി ആഘോഷിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവേശുമിശിഹയാൽ പരിശുദ്ധ ശ്ലീഹന്മാർക്ക് ദാനം ചെയ്യപ്പെട്ടതുപോലെ, ദീവന്നാസ്യോസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസ്സോസ്യേഷൻ അംഗങ്ങളുടെ ആലോചനയോടുകൂടി പരിശുദ്ധ സഭയുടെ ക്രമപാലനത്തിനാവശ്യമായ എല്ലാ ആത്മിക അംശങ്ങളും പൊതുവായി ശുശ്രൂഷിപ്പാൻ അദ്ദേഹത്തിനു പരിശുദ്ധ റൂഹായാൽ അധികാരം നൽകപ്പെട്ടു. അതായത് മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടംകെട്ടുവാനും പരിശുദ്ധ മൂറോൻകൂദാശ ചെയ്യുവാനും ആത്മിയങ്ങളായ ശേഷമുള്ള എല്ലാ അംഗങ്ങളെയും ശുശ്രൂഷിക്കുവാനും പ്രത്യേകിച്ച്, ഇതുവരെയും ഭരിച്ചിരുന്നതുപോലെ കണ്ടനാട് ഭദ്രാസന ഇടവകയെ ഭരിപ്പാനും തന്നെ. ഇതു നിമിത്തം നിങ്ങളുടെ സന്തോഷം ആത്മികവും പരിപൂർണ്ണവും ആകുമാറ് ആത്മികശബ്ദത്തിൽ നമ്മോടൊന്നിച്ച് അവർ ഉച്ചൈസ്തരം ഘോഷിച്ചു.

വീണ്ടും വാഴ്ത്തപ്പെട്ട നമ്മുടെ ആത്മീയമക്കളേ, നിങ്ങളെല്ലാവരെയും നാം പ്രബോധിപ്പിക്കുന്നതെന്തെന്നാൽ, ഈ ബഹുമാന്യനായ പിതാവിനെ നിങ്ങൾ അനുസരിക്കേണ്ടത്, നിങ്ങളുടെ മുറയാകുന്നു. നിങ്ങൾ അദ്ദേഹത്തെ യുക്തമായും, ഉചിതമായും, ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്വിൻ, എന്തെന്നാൽ അദ്ദേഹം നിങ്ങളുടെ തലവനും ഇടയനും ആത്മിയപിതാവും ആകുന്നു. അദ്ദേഹത്തെ ബഹുമാനിക്കുന്നവൻ നമ്മെ ബഹുമാനിക്കുന്നു. അദ്ദേഹത്തെ കൈക്കൊള്ളുന്നവൻ നമ്മെ കൈക്കൊള്ളുന്നു. അദ്ദേഹത്തിന്റെ ചൊവ്വുള്ള വചനങ്ങളെ കൈക്കൊള്ളാതിരിക്കയും പരിശുദ്ധ സഭയുടെ കാനോനനുസരിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക് എതിരായി നിന്ന് ധിക്കരിക്കയും മത്സരിക്കയും ചെയ്യുന്ന എല്ലാവനും കുറ്റക്കാരനായി തീരുന്നതാണ്. മത്സരത്തിൽനിന്നും നിയമലംഘനത്തിൽനിന്നും സൂക്ഷിച്ചുകൊൾവിൻ. അനുസരിക്കുന്നവരുടെമേൽ കർത്തൃസന്നിധിയിൽനിന്ന് കൃപയും വാഴ്വും വസിക്കും. അദ്ദേഹം ദൈവകൽപ്പനയെ ലംഘിക്കയോ നീതിയുടെ മാർഗ്ഗംവെടിഞ്ഞ് നടക്കയോ ചെയ്യുകയില്ലെന്ന് ദൈവത്തിൽ നമുക്കു ശരണമുണ്ട്. നമ്മുടെ അപേക്ഷ ഇതുമാത്രമാകുന്നു. നമ്മുടെ ഹൃദയസന്തോഷം പരിപൂർണ്ണമാകവാൻ നിങ്ങൾ പരസ്പരം സ്നേഹത്തിലും ഐക്യതയിലും ഇരിപ്പിൻ.

വീണ്ടും നാം അപേക്ഷിക്കുന്നു: സൈത്തുപർവ്വതത്തിൽ വച്ച് പരിശുദ്ധ തൃക്കൈകൾ നീട്ടി വിശുദ്ധ ശ്ലീഹന്മാരെ വാഴ്ത്തിയവനായ നമ്മുടെ കർത്താവേശുമിശിഹാ, പരിശുദ്ധവും ദൈവികവുമായ അദൃശ്യവലത്തുകൈ നീട്ടി ദൈവികങ്ങളായ അനുഗ്രഹങ്ങളാൽ നിങ്ങളെല്ലാവരെയും വാഴ്ത്തുമാറാകട്ടെ. നിങ്ങളിൽനിന്ന് ശാരീരികവും ആത്മികവുമായ എല്ലാ പരീക്ഷകളെയും കടത്തിക്കളയട്ടെ. നിങ്ങളുടെ സമ്പാദ്യത്തെയും നിങ്ങൾക്കുള്ള സകലത്തെയും താൻ വാഴ്ത്തുമാറാകട്ടെ. നിങ്ങളുടെ മുമ്പിൽ കരുണയുടെ വാതിലിനെ താൻ തുറക്കുമാറാകട്ടെ. തന്റെ അനുഗ്രഹങ്ങളും കൃപയും നിങ്ങളെല്ലാവരുടെമേലും ചൊരിയുകയും തന്റെ വലത്തുതൃക്കൈയാൽ നിങ്ങളെ താങ്ങുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കായി താൻ നിങ്ങളെ സഹായിക്കുകയും എല്ലാ സൽപ്രവൃത്തികളിലും നിങ്ങളെ തുണയ്ക്കുകയും എല്ലാ ദുഷ്പ്രവൃത്തികളിൽനിന്നും നിങ്ങളെ വീണ്ടുകൊള്ളുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ഇടയിലും നിങ്ങളുടെ ഹൃദയത്തിലും തന്റെ സ്നേഹം വിതയ്ക്കുകയും നിങ്ങളുടെ ആയുഷ്കാലം മുഴുവനും സുകൃതനടപടികളാൽ നിങ്ങളെ നടത്തുകയും ചെയ്യുമാറാകട്ടെ. നിങ്ങളുടെ ദേശത്ത് ദൈവം നിങ്ങളെ സമാധാനപ്പെടുത്തുകയും ന്യായാധിപന്മാരുടെ ഹൃദയങ്ങളിൽ നിങ്ങളെക്കുറിച്ച് കരുണയും ദയയും തോന്നിക്കയും ചെയ്യട്ടെ. സന്തോഷങ്ങളുടെ കാലങ്ങളെ എല്ലായ്പ്പോഴും നിങ്ങൾക്കു നൽകുകയും ചെയ്യട്ടെ.

താൻ നിങ്ങളുടെമേലും നിങ്ങളുടെ ഭവനങ്ങളിന്മേലും കൃപയും അനുഗ്രഹവും ചൊരിയട്ടെ. നിങ്ങളെയും നിങ്ങളുടെ മരിച്ചവരെയും നീതിമാന്മാരോടും പുണ്യവാന്മാരോടുമൊന്നിച്ച് സ്വർഗ്ഗരാജ്യത്തിന് താൻ യോഗ്യരാക്കിത്തീർക്കട്ടെ. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾ വന്നു പ്രവേശിച്ച് ലോകസ്ഥാപനത്തിനു മുമ്പേ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശിച്ചു കൊൾവിൻ എന്ന് പറയുന്ന സന്തോഷശബ്ദവും നിങ്ങളെയും അവരെയും താൻ കേൾപ്പിക്കട്ടെ. ആയത് ദൈവമാതാവായ മറിയാമിന്റെയും സകല വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥപ്രാർത്ഥനയാൽ തന്നെ-ആമ്മീൻ.

(ഒപ്പ്)

ദൈവകൃപയാൽ പൂർവ്വിക സുറിയാനിജനതയുടെ പാത്രിയർക്കീസാകുന്ന അബ്ദേദ്മിശിഹാ. മിശിഹാകാലം 1912 കന്നി 2-ാം തീയതി നിരണംപള്ളിയിൽവച്ച് എഴുതപ്പെട്ടു.

(തർജ്ജമ: യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ)

# St. Gregorios Orthodox Valiya Palli

**P.B. No.172, New Bhupalpura, Kharakuan, Udaipur, Rajasthan**

## വിവാഹ സഹായ പദ്ധതി

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഉദയപ്പൂർ വലിയ പള്ളി ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ, മലങ്കര സഭയിൽ കാതോലിക്കാ സിംഹാസനം പുനസ്ഥാപിതമായതിൻെറ ശതബ്ദി ആഘോഷത്തോടനുബന്ധിച്ച്, 2012-13 വർഷങ്ങളിൽ ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്ന് വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. 75000/- രൂപ (എഴുപത്തയ്യായിരം രൂപ) വീതം രണ്ടു പെൺകുട്ടികൾക്കാണ് ധനസഹയം ഉദ്ദേശിക്കുന്നത്.

### ധന സഹായ അപേക്ഷ ഫാറം

അപേക്ഷകൻെറ പേര് ----------------- വയസ്സ് ---------- വിദ്യാഭ്യാസം ---------

മേൽ വിലാസം ----------------------- ഫോൺ നമ്പർ ---------------------------

തൊഴിൽ ------------------ പ്രതിമാസ വരുമാനം ---------------

ഇടവക ------------------ ഭദ്രാസനം -----------------

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം ------------

വിവാഹം കഴിപ്പിക്കുന്ന കുട്ടിയുടെ പേര് -------------- വയസ്സ് ----- വിദ്യാഭ്യാസം ------------ തൊഴിൽ---------- വരുമാനം -------

കുടുംബാംഗങ്ങളുടെ പൂർണ്ണവിവരം:

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | വരുമാനം |
|---|---|---|---|---|
| | | | | |

ഇതേആവശ്യത്തിന് മറ്റുസ്ഥലങ്ങളിലേക്ക് അപേക്ഷിച്ചിട്ടുണ്ടോ?-------- ഉണ്ടെങ്കിൽ എവിടേക്ക്------ എപ്പോൾ ------,

മറ്റു പരാധീനതകൾ ഉണ്ടെങ്കിൽ അപേക്ഷയോടൊപ്പം എഴുതുക.

(അപേക്ഷകൻെറ ഒപ്പ്)

---

അപേക്ഷയോടൊപ്പം ഇടവകവികാരിയുടെ ശുപാർശയും, അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ശരിയാണന്നുള്ള ഉറപ്പും, ഇടവകയുടെ മേൽ വിലാസവും ഫോൺനമ്പരും, പള്ളിയുടെ സീലും, വികാരിയുടെ ഒപ്പും പേരും നിർബന്ധമായും ഉണ്ടായിരിക്കണം. അപേക്ഷകൾ താഴെ പറയുന്ന വിലാസത്തിൽ 30-10-2012 ന് മുമ്പായി കിട്ടിയിരിക്കണം.

Fr. George Varghese, Vicar St.Gregorios Orthodox Valiya Palli, P.B No. 172, New Bhupalpura, Kharakuan, Udaipur, Rajasthan, Pin-313001

# ഉപകാര സ്മരണ

എന്റെ postrait glad ഉടൻ ഓപ്പറേറ്റ് ചെയ്യണമെന്ന് മിഷൻ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡോക്ടർ പറഞ്ഞെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ  നിർദ്ദേശ പ്രകാരം മരുന്ന് ഉപയോഗിച്ച് എന്റെ postrait glad ന് പൂർണ്ണ സൗഖ്യം ലഭിച്ചു. പരിശുദ്ധാത്മാവിനാൽ പ്രകാശിച്ചു.

എനിക്കും ഭാര്യ കുഞ്ഞന്നത്തിനും സ്വർഗ്ഗീയ സൗഭാഗ്യങ്ങൾക്ക് അവകാശികളായി ഞങ്ങളെ പരിശുദ്ധാത്മാവിലും ദൃഢവിശ്വാസത്തിലും പ്രത്യാശയിലും സ്നേഹത്തിലും ദൈവിക ധൈര്യത്തിലും ഉറപ്പിച്ചു. എന്റെ ഹാർട്ടിന്റെ പ്രവർത്തനവും കാലിന്മേലുള്ള നീരും സുഖപ്പെട്ടു. രാത്രിയിൽ എനിക്ക് സുഖനിദ്ര ലഭിച്ചു. എതിരാളികളും പിശാചും ഭയവും നിരാശയും നിത്യമായി പരാജയപ്പെട്ടു. നല്ല അവസാനത്തിന് ഞങ്ങളെ യോഗ്യന്മാരാക്കി. പരിശുദ്ധാത്മ ശക്തിയാൽ എന്റെ പാപസ്വഭാവം നിത്യമായി ഉപേക്ഷിച്ചു.











**T.V. Varghese,** Rtd Deputy Director of Education
**Kunjanam,** Rtd Income Tax Officer
Plot 74, Nehru Nagar, Thrissur-6

## റിപ്പോർട്ട്

**ബോധി**

# മലങ്കരസഭയുടെ സാന്നിധ്യം ആഗോള തലത്തിൽ എത്തിച്ച പ്രതിഭ : 

## പ. കാതോലിക്കാ ബാവാ

**കോട്ടയം:** മലങ്കരസഭാ സാന്നിധ്യം ആഗോള തലത്തിൽ എത്തിച്ച ബഹുമുഖ പ്രതിഭയാണ് ഫാ. ഡോ. കെ. എം. ജോർജ് എന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു. ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പലായിരുന്ന ഫാ. ഡോ. കെ. എം. ജോർജിന് സെമിനാരിയിൽ നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.


സ്വയം പ്രകാശിക്കുന്ന ഗോളമാണ് കെ. എം. ജോർജ് അച്ചൻ. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വയം പ്രകാശിച്ച വ്യക്തി പ്രഭാവമാണ്. അദ്ദേഹത്തിന്റെ ജീവിതം തൊട്ടറിഞ്ഞവരും ഹൃദയം വായിച്ചറിഞ്ഞവരും അനവധിയാണ്.

മലങ്കരസഭയുടെ സാന്നിധ്യം ആഗോള തലത്തിൽ എത്തിക്കുന്നതിന് കെ. എം. ജോർജ് അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മുപ്പതിലധികം വർഷം അധ്യാപകനായും അതിൽ 15 വർഷം പ്രധാന ചുമതലക്കാരനായും വൈദിക സെമിനാരിയെ നയിച്ചു. ബഹുമുഖ പ്രതിഭാശാലിയാണ് അദ്ദേഹം. ദൈവം മലങ്കരസഭയ്ക്ക് നൽകിയ വരദാനമാണ് കെ. എം. ജോർജ് അച്ചനെന്ന് പ. ബാവാ പറഞ്ഞു.

സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജേക്കബ് കുര്യൻ, ഫാ. ഡോ. ടി. ജെ. ജോഷ്വാ, വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഫാ. ഡോ. ഒ. തോമസ്, റവ. ഡോ. കെ. ജി. പോത്തൻ, ഡീക്കൻ നിധിൻ പ്രസാദ് കോശി തുടങ്ങിയവർ പ്രസംഗിച്ചു.

* * *

**സെ**മിനാരിയിൽ സേവന വേതന വ്യവസ്ഥ ഉണ്ടാക്കിയതിന്റെ പശ്ചാത്തലത്തിലാണ് സെമിനാരി പ്രിൻസിപ്പാൾ കെ. എം. ജോർജ് അച്ചൻ 65-ാം വയസ്സിൽ വിരമിക്കാൻ നിർബന്ധിതമായത്. വൈദിക സെമിനാരിയിലെ വിദ്യാർത്ഥിയായി പഠിച്ച് പ്രിൻസിപ്പലായ ആദ്യവ്യക്തിയാണ് ഫാ. ഡോ. കെ. എം. ജോർജ്.



നാല് പ്രഗത്ഭരായ പ്രിൻസിപ്പൽമാരുടെ കൂടെ പ്രവർത്തിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. എന്റെ വിദ്യാർത്ഥിയായിരുന്ന അദ്ദേഹം പിന്നീട് പ്രിൻസിപ്പാളായിത്തീർന്നു. അദ്ദേഹത്തിന്റെ കീഴിലും പ്രവർത്തിക്കുവാൻ കഴിഞ്ഞു.

എഴുത്തുകാരൻ, സാഹിത്യകാരൻ, ശാസ്ത്രജ്ഞൻ, ദാർശനികൻ, വേദശാസ്ത്രജ്ഞൻ എന്നീ ബഹുമുഖ മേഖലകളിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞ അതുല്യ പ്രതിഭയാണ്. ഈ പ്രതിഭാ പ്രാവീണ്യമാണ് എക്യുമെനിക്കൽ രംഗത്ത് പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് കഴിയുന്നത്. മാനുഷിക മൂല്യങ്ങളും നിലനിൽത്തുവാൻ കെ. എം. ജോർജ് അച്ചന് കഴിയുന്നു. പ്രതിഭാശാലിയായ പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നാണ് ദാർശനികമായ പുതപ്പ് കെ. എം. ജോർജ് അച്ചന് ലഭിച്ചിട്ടുള്ളത്. സെമിനാരിയിൽ പഠിച്ച് അധ്യാപകനായി തീർന്ന് 15 വർഷം പ്രിൻസിപ്പാളായി സേവനം അനുഷ്ഠിച്ച് വിരമിക്കുന്ന കെ.എം. ജോർജ് അച്ചന്റെ കഴിവ് മലങ്കരസഭയ്ക്ക് എങ്ങനെ പരമാവധി ഉപയോഗിക്കുവാൻ കഴിയുമെന്ന് ഗാഢമായി ചിന്തിക്കേണ്ടതാണ്.

**– ഫാ. ഡോ. റ്റി. ജെ. ജോഷ്വ**

* * *

**വൈ**ദിക സെമിനാരിയിൽ ഞാൻ 1977-ലാണ് അധ്യാപകനായിവരുന്നത്. പ. മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ ആണ് പഠിപ്പിക്കാൻ ആവശ്യപ്പെട്ടത്. തുടർന്ന് നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിന്റെ സെക്രട്ടറിയായി മൂന്നു വർഷം പ്രവർത്തിച്ചു. പിന്നീട് രാജിവച്ച് തിരിച്ചു വന്നപ്പോൾ അവർ ആവശ്യപ്പെട്ടതനുസരിച്ച് ജനീവയിലേക്ക് പോയി.

വൈദിക സെമിനാരിയിൽ അദ്ധ്യാപകനായി തീർന്നതുമുതൽ നാലു കാതോലിക്കാ ബാവാമാരുടെ കൂടെ പ്രവർത്തിക്കുവാൻ കഴിഞ്ഞു. വളരെ വാത്സല്യത്തോടും സ്നേഹത്തോടും കൂടിയാണ് പ. ബാവാ തിരുമേനിമാർ എന്നോട് ഇടപെട്ടത്. അനുചിതമായ സമ്മർദ്ദവും അധികാരവും ഉപയോഗിച്ച് എന്നോട് പ. ബാവാമാർ പ്രവർത്തിച്ചിട്ടില്ല.

സഭയിൽ ഐക്യം ഉണ്ടാകണം. സഭ ഒന്നായിതീരണം എന്ന് ആഗ്രഹിക്കുന്ന വ്യക്തിയാണ് ഞാൻ സഭയിൽ സമാധാനം ഉണ്ടാകണം. ഇനിയും ഐക്യത്തിന് സാധ്യത ഉണ്ട്.

അത്യുന്നതമായ വൈദിക പരിശീലന മാതൃക വികസിപ്പിച്ചെടുക്കണം കർത്താവു വന്നത് സഭയെ രക്ഷിക്കുവാനല്ല ലോകത്തെ രക്ഷിപ്പാനാണ്. ലോകത്തെ അഭിമുഖീകരിക്കാത്ത ഒരു വൈദിക പരിശീലനവും പ്രസക്തമല്ല. അതിനാൽ വൈദികൻ ഇടയനും (shepherd), വിശുദ്ധനും (Saint) ജ്ഞാനിയുമാകണം (Scholar).

വൈദിക സെമിനാരിയിൽ നിന്നും മൂന്ന് വർഷം മുമ്പ് വിരമിക്കണമെന്ന് പ. ബാവായോട് ഞാൻ ആവശ്യപ്പെട്ടതാണ്. പ. പൗലോസ് ദ്വിതീയൻ ബാവാ ഒരു വർഷം കൂടി ഇരിക്കണമെന്നു പറഞ്ഞു. അതിൻ പ്രകാരം ഞാൻ ശുശ്രൂഷിച്ചു. നിർബന്ധം കൊണ്ടോ നിയമം കൊണ്ടോ അല്ല ഒഴിയുന്നത്. പുതിയ അവസരങ്ങൾ നമുക്ക് ഉണ്ടാകും. അതിനായി കാത്തിരിക്കണം എന്ന താല്പര്യം കൊണ്ടാണ്. പുണ്യ ഗുരുക്കന്മാരുടെ വഴിയിലൂടെ ഞാൻ നടക്കുവാൻ ആഗ്രഹിക്കുന്നു.

**–ഫാ. ഡോ. കെ. എം. ജോർജ്**

# എത്യോപ്യൻ പാത്രിയർക്കീസ്
# മലങ്കരസഭയുടെ ഉറ്റമിത്രം

**ആഡിസ് അബാബാ:** മലങ്കരസഭയുടെ ഉറ്റമിത്രമായ എത്യോപ്യൻ പാത്രിയർക്കീസ് പരിശുദ്ധ ആബൂനാപൗലോസ് (76) ഓഗസ്റ്റ് 16-ന് കാലം ചെയ്തു. ഹോളി ട്രിനിറ്റി കത്തീഡ്രലിൽ 23-ന് കബറടക്കി. ഡബ്ല്യുസിസി പ്രസിഡന്റുമാരിൽ ഒരാളായിരുന്നു.



വരുന്ന നവംബർ 25-ന് കാതോലിക്കേറ്റ് ശതാബ്ദി യാഘോഷത്തിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കാനിരിക്കുകയായിരുന്നു. മഹാത്മാഗാന്ധിയുടെ സത്യഗ്രഹ ശതാബ്ദിയിൽ പങ്കെടുക്കാൻ 2007 ജനുവരിയിൽ ന്യൂഡൽഹിയിലും വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ 2008 ഡിസംബറിൽ കേരളത്തിലും അദ്ദേഹം വന്നിരുന്നു.

1935 നവംബർ മൂന്നിന് ജനിച്ച അദ്ദേഹം1957-ൽ വൈദികനും 1973-ൽ ബിഷപ്പും 1986-ൽ ആർച്ചു ബിഷപ്പുമായി. കമ്യൂണിസ്റ്റ് ഭരണകാലത്ത് ഏഴു വർഷം തടവിലായിരുന്നു. 1992 ജൂലൈ അഞ്ചിന് എത്യോപ്യയുടെ അഞ്ചാമത്തെ പാത്രിയർക്കീസും വിശുദ്ധ തെക്ലേഹൈമനോത്തിന്റെ സിംഹാസനത്തിലെ 62-ാമത്തെ 'എച്ചഗേ'യും ആയി സ്ഥാനാരോഹണം ചെയ്തു. 2006-ൽ സഭകളുടെ ലോക കൗൺസിൽ പ്രസിഡന്റായി.

അയൽരാജ്യങ്ങളായ എത്യോപ്യയും എറിത്രിയയും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനു മുഖ്യ പങ്കു വഹിച്ചു. കോപ്റ്റിക്-എത്യോപ്യൻ സഭകൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സമാധാന ഉടമ്പടിയുടെ മുഖ്യശിൽപിയായിരുന്നു അദ്ദേഹം. (1994 ഏപ്രിൽ മാസത്തിൽ ഒപ്പു വച്ച കോപ്റ്റിക്-എത്യോപ്യൻ സഭാ ഉടമ്പടി അന്ത്യോഖ്യൻ-മലങ്കര ബന്ധത്തിന് ഒരു മാതൃകയാക്കാവുന്നതാണ്).

റഷ്യൻ സഭ കഴിഞ്ഞാൽ ഏറ്റവും വലിയ ഓർത്തഡോക്സ് സഭയും പൗരസ്ത്യസഭകളിൽ ഏറ്റവും വലുതുമാണ് എത്യോപ്യൻ സഭ. എത്യോപ്യയിലെ ജനങ്ങളിൽ പകുതിയും (അഞ്ച് കോടി) സഭാവിശ്വാസികളാണ്. അലക്സന്ത്രിയാ പാത്രിയർക്കീസിനു (കോപ്റ്റിക് പോപ്പ്) കീഴിലായിരുന്ന ഈ പുരാതന സഭ, 1951-ൽ സ്വയംഭരണാവകാശവും 1959-ൽ പൂർണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കൈവരിച്ചു. (വിശദവിവരങ്ങൾക്ക് 2008 ഡിസം. ലക്കം മലങ്കര സഭാ മാസിക പേജ് 29, 30 കാണുക).

മലങ്കരസഭയുമായി വി. കുർബാന സംസർഗവും ഉറ്റബന്ധവും ഈ സഭ പുലർത്തുന്നു. ഇരു സഭകൾക്കും ഒട്ടേറെ സമാനതകളുണ്ട്. സഭയുടെ താൽക്കാലിക തലവനായി ആർച്ചു ബിഷപ്പ് ആബൂനാ നഥാനിയേൽ ചുമതലയേറ്റു. കാതോലിക്കേറ്റ് സപ്തതിയാഘോഷത്തിൽ പങ്കെടുക്കാനായി 1982-ൽ അദ്ദേഹം മലങ്കരസഭ സന്ദർശിച്ചിരുന്നു.

കബറടക്ക ശുശ്രൂഷയിൽ കോപ്റ്റിക് സഭയുടെ ഇടക്കാല തലവൻ (ആക്ടിംഗ് പോപ്പ്) അബ്ബാ പക്കോമിയോസ് ഉൾപ്പെടെ എല്ലാ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെയും മറ്റ് ഓർത്തഡോക്സ് സഭകളുടെയും റോമൻ കത്തോലിക്കാ സഭ ഉൾപ്പെടെ മറ്റു ക്രൈസ്തവ സഭകളുടെയും പ്രതിനിധികൾ സംബന്ധിച്ചു. മലങ്കര സഭയിൽ നിന്ന് ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് എന്നീ മെത്രാപ്പോലീത്താമാരും ഫാ. ഡോ. ജോസി ജേക്കബ്, ഫാ. ജോസ് തോമസ് എന്നിവരും സംബന്ധിച്ചു. നമ്മുടെ കബറടക്ക ശുശ്രൂഷയുടെ ഒരു ക്രമവും പ്രത്യേക പ്രാർത്ഥനയും നടത്തി. പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുശോചന സന്ദേശം വായിച്ചു.

മലങ്കരസഭയുടെ ഉറ്റമിത്രമായ ആബൂനാ പൗലോസിനെ പൗരാണിക ക്രൈസ്തവ പാരമ്പര്യത്തിന്റെ പ്രതീകമായി പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുശോചന സന്ദേശത്തിൽ വിശേഷിപ്പിച്ചു. ഡബ്ല്യുസിസി പ്രസിഡന്റ് കൂടിയായ അദ്ദേഹത്തിന്റെ വേർപാട് ക്രൈസ്തവ ലോകത്തിന് കനത്ത നഷ്ടമാണ് വരുത്തിയിരിക്കുന്നതെന്ന് പരിശുദ്ധ ബാവാ പറഞ്ഞു. ഓഗസ്റ്റ് 19 ഞായറാഴ്ച മലങ്കര സഭയിലെ ദേവാലയങ്ങളിൽ വിശുദ്ധ കുർബ്ബാന മദ്ധ്യേ അദ്ദേഹത്തിനു വേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി.

***വി.ജെ.റ്റി.***

# പ്രതിസന്ധികൾ അനുകൂലമാകുന്നതെങ്ങനെ



ഡോ. ഡാർളി എസ്. മാമ്മൻ DCH, DNB,
(Govt. T.D. Medical College, Alleppey)

നമ്മുടെ ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും വരാവുന്ന ഒരു വെല്ലുവിളിയാണ് രോഗങ്ങൾ. ആ സമയത്ത് തക്കതായ ചികിത്സ, മറ്റു കരുതലുകൾ ഒക്കെ ലഭിക്കണമെങ്കിൽ ദൈവകൃപ വളരെയധികം ആവശ്യമുണ്ട്. ഒരു മടിയും കൂടാതെ ചോദിക്കുവാൻ സർവ്വശക്തനായ ദൈവം നമുക്കുണ്ട്. ഈ ദൈവാശ്രയം രോഗിക്കും, ബന്ധുക്കൾക്കും മാത്രം വേണ്ടകാര്യമല്ല. ചികിത്സിക്കുകയും പരിചരിക്കുകയും ചെയ്യുന്ന ഡോക്ടർമാരുൾപ്പെടെയുള്ള എല്ലാവർക്കും ആവശ്യമാണ്. പലപ്പോഴും നിർണ്ണായകമായ സാഹചര്യങ്ങളിൽ ദൈവത്തിന്റെ കൃപ അനുഭവിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ ദിവസവും ആശുപത്രിയിലെ ജോലി തുടങ്ങുന്നതിന് മുൻപ് വ്യക്തിപരമായ പ്രാർത്ഥനയ്ക്ക് സമയം മാറ്റിവച്ചിട്ടുണ്ട്. പ്രത്യേകിച്ച് വാർഡ് പരിശോധനയ്ക്ക് പോകുമ്പോൾ, കർത്താവേ, അങ്ങ് കൂടെ വരണമെ, ഞാൻ മനസ്സിലാക്കുകയും, പ്രവൃത്തിക്കുകയും ചെയ്യേണ്ടതെന്തെന്ന് പറഞ്ഞു തരണമേ, മഹത്വം അവിടുന്ന് എടുക്കണമെ എന്ന് പ്രാർത്ഥിച്ചാണ് പോകുന്നത്.

ഇന്നും എന്റെ മനസ്സിലുള്ള ഒരു അമ്മച്ചിയുടെ രൂപമുണ്ട്. വർഷങ്ങൾക്കു മുൻപ് കുട്ടികളുടെ ആശുപത്രിയിൽ ഒരു കുഞ്ഞിനെ വിഷം ഉള്ളിൽച്ചെന്ന നിലയിൽ കൊണ്ടുവന്നു. വളരെ പ്രയാസമുള്ള ഒരു സാഹചര്യം വീട്ടുകാർക്കു മാത്രമല്ല, ചികിത്സിക്കുന്നവർക്കും. ബന്ധുക്കളെല്ലാം വെപ്രാളപ്പെട്ടിരിക്കുമ്പോഴും അമ്മച്ചി കണ്ണീരോടെ ഉച്ചത്തിൽ പ്രാർത്ഥിച്ചു "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണുമെന്ന് പറഞ്ഞ ദൈവമെ, ഞാൻ വിശ്വസിക്കുന്നു. എന്റെ കുഞ്ഞിന് യാതൊരു ആപത്തും വരുത്താതെ നീ അവനെ എനിക്ക് തിരിച്ചു തരും" ആ അമ്മച്ചിയുടെ വിശ്വാസം ദൈവം കാത്തു. എല്ലാ പ്രതീക്ഷകൾക്കുമപ്പുറത്ത് ആ കുഞ്ഞ് സൗഖ്യം പ്രാപിച്ച് പൂർണ്ണാരോഗ്യവാനായി ഭവനത്തിലേക്ക് തിരിച്ചുപോയി.

എനിക്ക് അപ്രതീക്ഷിതമായി സ്ഥലം മാറ്റം കിട്ടിയപ്പോൾ ആദ്യം ഒന്നു പകച്ചു പോയി. പക്ഷേ ഇതിനു പിന്നിൽ ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട് എന്നോർത്തു സമാധാനിച്ചു. Five is company* ആകുന്നതിനു മുൻപ് തനിയെ വാഹനമോടിച്ച് യാത്ര ചെയ്യുമ്പോൾ ആ സമയമൊക്കെയും പ്രാർത്ഥനയ്ക്കും, മ്യൂസിക് സിസ്റ്റത്തിൽ കൂടി ക്രിസ്തീയ ഗാനങ്ങൾ കേട്ടു പഠിക്കാനുമാണ് ഉപയോഗിച്ചത്. തനിയെ ഉള്ള ആ യാത്രയില്ലെങ്കിൽ എനിക്ക് അങ്ങനെ മറ്റൊരു സമയം കിട്ടുകയില്ലായിരുന്നു. ഇന്ന് സഭയിലെ ഏതു ശുശ്രൂഷയിലും കൂട്ടായ്മയിലും മറ്റുള്ളവർക്കൊപ്പം പാട്ടുപാടുവാൻ സഹായിക്കുന്ന ഘടകമാണത്.

Five is Company ആയപ്പോൾ ദൂരെ ജോലിക്കു പോകുന്നുവെന്ന ഒരു വിചാരം പോലും ബാക്കിയില്ല. നല്ലവനായ ദൈവം ഇങ്ങനെയൊരു കൂട്ടായ്മ ഒരുക്കിത്തന്നു. ഒരേ പോലെ ജോലി ചെയ്യുന്നവർക്കിടയിലുള്ള പരസ്പര സഹകരണം, കരുതൽ, സ്നേഹം എല്ലാം അനുഭവിക്കുവാൻ ദൈവം അവസരം നൽകി.

നാം ഓരോരുത്തരും പ്രതിസന്ധികളിൽ കൂടി കടന്നു പോകുന്നവരാണ്. പലപ്പോഴും കാരണവും, വ്യാപ്തിയും വ്യത്യസ്തമായിരിക്കുന്നുവെന്നു മാത്രം. ചിലപ്പോൾ അത് നമ്മുടെ ആരോഗ്യപ്രശ്നങ്ങളായിരിക്കാം. സാമ്പത്തിക ബുദ്ധിമുട്ടുകൾ, ജോലി സംബന്ധമായ പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ, നമ്മെ മറ്റുള്ളവർ മനസ്സിലാക്കാതിരിക്കുന്ന സാഹചര്യങ്ങൾ... അങ്ങനെ പലതും ആയിരിക്കാം. ഈ സാഹചര്യങ്ങളിൽ നാം മറ്റുള്ളവരെയോ, ദൈവത്തെ തന്നെയോ പഴിക്കാതെ, അതിനെ

തിരെ പോരാടി വിജയം കൈവരിക്കുവാൻ ശ്രമിക്കയാണ് വേണ്ടത്.

ഈ പ്രതികൂല സാഹചര്യങ്ങളിൽ വിജയം പ്രാപിക്കണമെങ്കിൽ നമ്മൾ ഒറ്റയാൾ പട്ടാളം പോലെ യുദ്ധത്തിനു പോയാൽ വിജയം കൈവരിച്ചു എന്നു വരികയില്ല. മയങ്ങാതെയും, ഉറങ്ങാതെയും സദാസമയം നമ്മെ കാണുകയും, ശോധന ചെയ്യുന്നവനുമായ സർവ്വശക്തനായ ദൈവത്തിൽ ആശ്രയിക്കുക. അവൻ അത് നിവർത്തിച്ചു തരും. കർത്താവറിയാത്ത ഒന്നും നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നില്ല എന്ന് പൂർണ്ണമായി വിശ്വസിക്കുക. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽപോലും, ആ പ്രതികൂല സാഹചര്യങ്ങളിൽ കൂടി കടന്നു പോകുവാൻ ദൈവം വഴിയൊരുക്കും. അതുപോലെ ദൈവം തരുന്ന സമാധാനം സകല ബുദ്ധിയെയും കവിയുന്ന സമാധാനവുമായിരിക്കും.

ഓർക്കുക: "ദൈവത്തിന്റെ ദോഷത്തം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതും ആകുന്നു" 1 കൊരി. 1:25.

യഹോവയിൽ ആശ്രയിക്കുകയും, യഹോവ തന്നെ ആശ്രയമായിരിക്കുകും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ ആറ്ററികത്തു നട്ടിരിക്കുന്ന വൃക്ഷം പോലെയായിരിക്കും എന്ന് യിരമ്യ. 17:7–8 വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

പ്രതികൂല സാഹചര്യങ്ങളിലും, പകച്ചു നിൽക്കാതെ കർത്താവിന്റെ കരം പിടിക്കുക. ശേഷമെല്ലാം വിശ്വസ്തനായ നമ്മുടെ ദൈവം ചെയ്തു കൊള്ളും.

*(* ആലപ്പുഴ മെഡി. കോളജിലെ വിവിധ വിഭാഗങ്ങളിലെ 5 ഡോക്ടേഴ്സിന്റെ വിജയകരമായ കൂട്ടായ്മയെക്കുറിച്ച് പ്രമുഖ ദിനപത്രത്തിൽ വന്ന വിവരണം)*

■



ബാഹ്യകേരള വൈദിക സമ്മേളനം ചെന്നൈയിൽ ഉദ്ഘാടനം ചെയ്തപ്പോൾ. ഏബ്രഹാം മാർ സെറാഫിം, യൂഹാനോൻ മാർ ദിയസ്ക്കോറോസ്, ഗീവർഗീസ് മാർ കൂറിലോസ്, ജോസഫ് മാർ ദിവന്നാസിയോസ്, ഗീവർഗീസ് മാർ യൂലിയോസ് എന്നിവർ സമീപം.

## വൈദിക സെമിനാരി ദിനം

കോട്ടയം:- ഓർത്തഡോക്സ് വൈദിക സെമിനാരി ദിനമായി *ഒക്ടോബർ ഏഴ് ഞായറാഴ്ച* ആചരിക്കണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ പള്ളികൾക്കയച്ച കല്പനയിൽ ആവശ്യപ്പെട്ടു. അന്ന് ഇരുസെമിനാരികൾക്കും വേണ്ടി നടത്തുന്ന പ്രാർത്ഥനയിലും കവർ പിരിവിലും ഏവരും സഹകരിക്കണമെന്ന് പ. ബാവായുടെ കല്പനയിൽ പറയുന്നു.

ബിരുദ, ബിരുദാനന്തര, ഡോക്ടറൽ തലങ്ങളിൽ 150 പേരോളം കോട്ടയത്തും ബിരുദ തലത്തിൽ 57 പേർ നാഗ്പൂരും പഠിക്കുന്നു. നാഗ്പൂർ സെമിനാരിയിലെ ജൂനിയർ വിദ്യാർത്ഥികൾ ഒരു സെമസ്റ്റർ പൂർണ്ണമായും കോട്ടയം സെമിനാരിയിൽ പരിശീലനം നേടുന്നു.



# നമ്മിലൊരാൾ



## ജോസഫ് ജാക്സൺ ICLS

"വെളിച്ചത്തിലേക്കുള്ള വഴി ലളിതമല്ല, പണ്ടേ ചവിട്ടിമെതിച്ച പാതയും എല്ലായ്പ്പോഴും തുറന്നിട്ട വാതിലുമല്ല. ഒരാൾപോലും സഞ്ചരിക്കാൻ ബുദ്ധിമുട്ടേണ്ടിവരുന്ന ഒറ്റയടിപ്പാത. മുഷ്ടികൊണ്ടിടിച്ചു തുറക്കേണ്ട വാതിൽ എന്നതാണ് ബോധോദയം -*(വെളിച്ചത്തിന്റെ ഉത്സവം; ദീപാവലി-സഖേർ).* ഇവിടെ ഇതാ, വെളിച്ചത്തിനു വേണ്ടിയുള്ള പരിശ്രമങ്ങളും, നീണ്ട വ്യവഹാരങ്ങളും ജീവിതത്തിന് പുതുവെളിച്ചം നൽകിയെന്ന് വിശ്വസിക്കുകയാണ് കേന്ദ്ര ഗവ. മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് (MCA) വകുപ്പിൽ കേരളം, ലക്ഷദ്വീപ് എന്നിവയുടെ ചുമതലയുള്ള രജിസ്ട്രാർ ഓഫ് കമ്പനീസ് ആയ കോഴിക്കോട് ബിലാത്തിക്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രലിലെ കെ. ജി. ജോസഫ് ജാക്സൺ ICLS. കുന്നംകുളം റാവുസാഹിബ് ഡോ. ചീരൻ വർഗീസിന്റെ പരമ്പരയിൽ റിട്ട. ഹെഡ്മാസ്റ്റർ കോലാടി കെ. ജോർജ് ജോസഫിന്റെയും, അഗ്രികൾച്ചർ വകുപ്പിലെ സോയിൽ കൺസർവേഷൻ വിഭാഗത്തിൽ നിന്നു വിരമിച്ച കെ. ഐ. അച്ചായിക്കുട്ടിയുടെയും പ്രഥമപുത്രൻ.

ഒരു സ്വപ്നമോ, ആഗ്രഹമോ ഇല്ലാതിരുന്ന ജീവിതത്തിൽ ദൈവനിയോഗം പോലെ BCom പഠനശേഷം പിതാവ്






# വെളിച്ചത്തിനായി...

ഇദ്ദേഹത്തെ LLB പഠനത്തിനയ്ക്കുന്നത്. പിന്നീട് L.L.M., ACS (Inter) എന്നിവയിലേക്ക് നടന്നുകയറി. 1986 മുതൽ കോഴിക്കോട് ബാറിൽ അഭിഭാഷകൻ. 1989ൽ Company Law Board ൽ ലീഗൽ അസിസ്റ്റന്റായി ചേർന്നു. 2001 ൽ Indian Corporate Law Service ആഫീസറായി നിയമിതനായി.

ബിലാത്തിക്കുളം സെന്റ് ജോർജ് കത്തീഡ്രൽ ചരിത്രത്തിലെ സുവർണ്ണ നാമമാണ് റവ.ഫാ. ലോറൻസ് എസ്. ജാക്സൺ. ബ്രിട്ടീഷ് ഭരണകാലം മലബാറിലെ വിദേശ പട്ടാളക്കാരുടെ ചാപ്ലിനായി പ്രവർത്തിച്ചുവന്ന അദ്ദേഹം മലങ്കരസഭയുടെ വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ ആകൃഷ്ടനായി നിരണം ഭദ്രാസനാധിപൻ ആയിരുന്ന പുണ്യശ്ലോകനായ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ശിക്ഷണത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് 1948-ൽ കശ്ശീശപട്ടമേറ്റു. 1951 ഏപ്രിൽ വരെ അസി. വികാരിയായിരുന്ന 'സായിപ്പച്ചൻ' ഇംഗ്ലീഷിലും, മലയാളത്തിലുമായി വി. കുർബ്ബാന അർപ്പിച്ചിരുന്നു. ഈ ദേവാലയത്തിന്റെ ആദ്യകാല ട്രസ്റ്റിയായിരുന്ന കോലാടി മാത്തു ഇട്ടൂപ്പിന്റെ സംരക്ഷണയിലായിരുന്നു സായിപ്പച്ചന്റെ താമസം. അച്ചന്റെ സ്മരണ നിലനിർത്തുവാൻ കെ. എം. ഇട്ടൂപ്പ് തന്റെ മകന് മാത്യു ലോറൻസ് എന്നും, കൊച്ചുമകന് ജോസഫ് ജാക്സൺ എന്നും പേരു നൽകി. പൗരസ്ത്യ വിശ്വാസത്തിന്റെ ആഴമറിഞ്ഞ പാശ്ചാത്യ മിഷനറിയുടെ ആരാധനാജീവിതത്തിൽ നിന്നും പകർന്നു കിട്ടിയ വിശ്വാസ തീക്ഷ്ണത യോടെയാണ് ഇദ്ദേഹം കുടുംബജീവിതം നയിക്കുന്നത്.

നടക്കാവിൽ ആദ്യദേവാലയ സ്ഥാപന കാലം മുതൽ കോലാടി കുടുംബാംഗങ്ങൾ സജീവ അംഗങ്ങളാണ്. വീടും, പള്ളിയുമായി 'നടക്കാവുന്ന' ദൂരമേ ഉണ്ടായിരുന്നുള്ളൂ. പുതിയ ദേവാലയ സ്ഥാപന ശേഷം 5 വർഷം ഇദ്ദേഹം MGOCSM യൂണിറ്റ് സെക്രട്ടറി ആയിരുന്നു. വന്ദ്യ പി. വി. ഏബ്രഹാം അച്ചന്റെ ആത്മീയ നേതൃത്വവും, വിദ്യാർത്ഥി പ്രസ്ഥാനവും ജീവിതം കരുപ്പിടിപ്പിച്ചതിന് മുഖ്യ ഘടകങ്ങളായിരുന്നു. ഇതുപോലെ നല്ല സ്മരണകൾ മാത്രമാണ് ഇപ്പോഴത്തെ പ. വലിയബാവാ തിരുമേനിയെക്കുറിച്ചും (അന്നത്തെ തീമോത്തിയോസ് തിരുമേനി) ഉള്ളത്. പിന്നീട് പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ച അഭി. അപ്രേം തിരുമേനി മലബാർ ക്രിസ്ത്യൻ കോളജിൽ പഠിക്കുന്ന നാൾമുതൽ ഇടവകയിലെ സജീവ സാന്നിദ്ധ്യവും MGO CSM ന്റെ ഉത്തേജനവുമായിരുന്നു. എഴുന്നേറ്റ് നിന്ന് സംസാരിക്കാനുള്ള ത്രാണിയും, ഇപ്പോൾ ഈ പദവിയിൽ സേവിക്കുന്നതിനുള്ള മൂലധനമായ ആത്മവിശ്വാസവും ലഭിച്ചത് വിദ്യാർത്ഥി പ്രസ്ഥാനത്തിൽ നിന്നാണെന്നത് നിസ്സംശയം. 1988 ലെ കോൺഫറൻസ് അന്നത്തെ കാലഘട്ടത്തിൽ മലബാറിൽ സഭയുടെ ശക്തി വിളിച്ചോതുന്നതായിരുന്നു.

മക്കളിൽ കോൺഫിഡൻസുള്ള മാതാപിതാക്കളും അവരർപ്പിച്ചിരുന്ന വിശ്വാസത്തെ ചൂഷണം ചെയ്യാത്ത മക്കളുമുണ്ടായിരുന്ന ഒരു തലമുറയിലാണ് താൻ വളർന്നത്. കിടമത്സരങ്ങൾ ഏറിയിരിക്കുന്ന ഇക്കാലഘട്ടത്തിൽ സ്നേഹബന്ധങ്ങൾക്ക് പുതിയ മാനദണ്ഡങ്ങൾ നൽകിയിരിക്കുകയാണ്. വഴിയറിയുന്ന വഴികാട്ടികളുടെ അഭാവമാണ് (Lk. 6:39-45) ഇതിനു കാരണം. പള്ളിയാരാധനകളിൽ ഇന്ന് മാതാപിതാക്കളുടെ സാന്നിധ്യം കുറവാണ്. പള്ളിയിൽ അംഗത്വം കൂട്ടുവാൻ ഏവരും പുതിയ മാർഗ്ഗങ്ങൾ തേടുമ്പോൾ ഈ 49 കാരൻ പറയുന്നത് 'മാധുര്യമുള്ള പഴയമാർഗ്ഗങ്ങളാണ് ശ്രേഷ്ഠം'. മലങ്കരസഭയുടെ ശതാബ്ദിയോടനുബന്ധിച്ച് സഭയുടെ ഔദ്യോഗിക മാധ്യമം തന്നെ തേടിവന്നതിൽ അതീവ സന്തുഷ്ടനാണ്.

ദിവംഗതനായ വന്ദ്യ ജേക്കബ് പൊറത്തൂർ കശ്ശീശയുടെ പുത്രിയും, ബി.എസ്.എൻ.എൽ. S.D.E. യുമായ ആലീസ് ജാക്സൺ ഭാര്യയും ജിതിൻ ജോർജ് ജാക്സൺ മകനുമാണ്. ഒരിക്കൽ പോലും മക്കളെ ശിക്ഷിച്ചിട്ടില്ലാത്ത പിതാവിന്റെ ഉപദേശം ഇങ്ങനെയാണ് - തീവ്ര സാധനയുടെ മൂർത്തീകരണത്തിലാണ് ദൈവപ്രസാദം ഉണ്ടാവുന്നത്. ആത്മാർത്ഥമായ പരിശ്രമത്തിലൂടെയും, അണമുറിയാത്ത ദൈവികതയിലൂടെയുമാണ് ഈ സാധനയനുഷ്ഠിക്കേണ്ടത്-

**ഏബ്രഹാം ശെമ്മാശൻ, പുതുപ്പള്ളി**

## ഒരു ചരിത്രക്കുറിപ്പ്

### ഫാ. ജാക്സൺ മലങ്കര ഓർത്തഡോക്സ് സഭയിൽ ചേർന്നു

ആംഗ്ലിക്കൻ സഭാംഗവും പ്രസിദ്ധ മിഷനറിയുമായ ഫാ. ജാക്സൺ ഈ മാസം 8-ാം തീയതി ശനിയാഴ്ച വി. കാതോലിക്കാ ബാവാ തിരുമനസ്സിൽ നിന്നും കാനോനികമായി വീണ്ടും പട്ടം സ്വീകരിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാംഗമായി തീർന്നിരിക്കുന്നു. ഫാ. ജാക്സൺ കല്ലൂപ്പാറ, മാക്കാംകുന്ന് എന്നീ കൺവൻഷനുകളിലെ പ്രധാന പ്രാസംഗികനായിരുന്നു എന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമാണ്.

*(മലങ്കരസഭ 1948, പുസ്തകം 3, ലക്കം-5)*



MY LORD AND MY GOD
സ്ഥാനാരോഹണ ശുശ്രൂഷ
(സുന്ത്രോണീസോ)
അഭി. ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്തായുടെ
സ്ഥാനാരോഹണ ശുശ്രൂഷ ( സുന്ത്രോണീസോ )
2012 ഒക്ടോബർ 7 – ാം തീയതി ഞായറാഴ്ച്ച
ന്യൂഡൽഹി ഹോസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച്
പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ
മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെടുന്നു.
തുടർന്നു നടക്കുന്ന പൊതുസമ്മേളനത്തിൽ
കേന്ദ്ര - സംസ്ഥാന മന്ത്രിമാർ പങ്കെടുക്കും.
ഏവർക്കും സ്വാഗതം
ഡൽഹി ഭദ്രാസനം
design By : shiju@indianorthodoxnetwork.com

## അനുസ്മരണം

ഫാ. പി.ഡി. സ്കറിയാ പൊൻവാണിഭം

# ചേപ്പാട് മാർ ദിവന്നാസ്യോസ് ചരിത്ര പുരുഷൻ

**കാ**ലത്തിന്റെ നിരന്തരമായ പ്രവാഹഗതിയിൽ വ്യക്തികളും സംഭവങ്ങളും സ്വയമറിയാതെ ചരിത്രത്തിന്റെ കണ്ണികളാകുന്നു. എന്നാൽ ചില വ്യക്തികളും അവരുടെ ദർശനങ്ങളും അവരെചുറ്റിയുള്ള സംഭവങ്ങളും പ്രകടവും ശക്തവുമായ മാറ്റങ്ങൾക്ക് മൂലകാരണവുമാകുന്നു. ഇവിടെ ചരിത്രം വഴിമാറ്റപ്പെടുകയോ രചിക്കപ്പെടുകയോ ചെയ്യുന്നു. ഈ മാറ്റങ്ങൾക്ക് അപ്പുറവും ഇപ്പുറവും ചരിത്രത്തിന്റെ പ്രവാഹം ശാന്തമോ നിസ്സംഗമോ ആണ്. എന്നാൽ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച് പൂർത്തീകരണത്തിലേക്ക് നയിക്കപ്പെടുന്ന കാലഘട്ടത്തിന് നേതൃത്വം നൽകുന്നവർ അനുഭവിക്കുന്ന സംഘർഷം കാലങ്ങൾക്കിപ്പുറം നിർവി കാരതയോടെ തിരിഞ്ഞുനോക്കുമ്പോൾ തിരിഞ്ഞു നോക്കുന്നയാൾക്ക് അംഗീകരിക്കുവാനോ, ഒരുപക്ഷേ അനുഭവിക്കു വാനോ മനസ്സിലാക്കു വാനോപോലും കഴിഞ്ഞു എന്നുവരില്ല. വിദേശാധിപത്യത്തിന്റേയും വംശീയതയുടേയും തേരോട്ടത്തിന്റെ തിക്തഫലം ഇന്നുമനുഭവിക്കുന്ന മലങ്കരസഭയിൽ, അതിന്റെ ഇന്നിന്റെ രൂപത്തിന് അടിസ്ഥാനമിട്ടു വെങ്കിലും അറിയാതെയും അംഗികരിക്കപ്പെടാ തെയും വിസ്മരിക്കപ്പെട്ട അമൂല്യരത്നമാണ് ചേപ്പാട് ഫിലിപ്പോസ് മാർ ദീവന്നാസ്യോസ്.

പുന്നത്ര മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ പിൻഗാമി യായി മാർ ദീവന്നാസ്യോസ് (IV) എന്ന പേരിൽ 1825-ൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ട തിരുമേനി മലങ്കരസഭയുടെ ഏറ്റം കലുഷിതമായ കാലഘട്ടത്തിൽ കരിമ്പാറയുടെ ഉറപ്പോടെ, ശാന്തമായി സഭയെ നയിച്ചു. ആട്ടിൻ തോലണിഞ്ഞ ചെന്നായെപ്പോലെ മലങ്കരസഭയിൽ നുഴഞ്ഞു കയറിയ സി.എം.എസ്. മിഷണറിമാർ തദ്ദേശിയരും, വിദേശിയരുമായ രാഷ്ട്രീയ നേതൃത്വ ത്തിന്റെ തണലിൽ സഭയിൽ ആകമാനം ശക്തമായ സ്വാധീനം നേടിയിരുന്നു. വെടിയുണ്ടയും, പാൽപ്പൊടിയും ഒരുമിച്ച് വച്ചുനീട്ടി മതപ്രചരണം നടത്തിയ പാശ്ചാത്യ കച്ചവട സംസ്ക്കാരത്തിന്റെ തനിയാവർത്തനം.

കേരളത്തിന്റെ രാഷ്ട്രീയ നേതൃത്വത്തിന്റെ ശക്തസാന്നി ദ്ധ്യമായ റസിഡെന്റ് സായിപ്പിന്റെ സ്വാധീനത്തിൽ കേരളത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക തലങ്ങളിൽ നടപ്പാക്കിയ ഗുണപരമായ നടപടികളുടെ നിഴലിൽ മലങ്കരസഭയുടെ തനതായ മല്പാൻ വീടുകൾ (ഗുരുകുല സമ്പ്രദായത്തിൽ വൈദീക ശിക്ഷണം നൽകിയ കേന്ദ്രങ്ങൾ) നശിപ്പിച്ച് സെമിനാരി സമ്പ്രദായത്തിന്റെ ചട്ടക്കൂട്ടിൽ മലങ്കരസഭയുടെ ഏക മെത്രാനെ പൂട്ടി ഒതക്കുവാൻ മിഷനറിമാർ ശ്രമിച്ചു. ഒപ്പം പരിശുദ്ധ മാതാവിന്റെയും, പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥതയും, വാങ്ങിപ്പോയവരുടെ ഓർമ്മയും ഉൾപ്പെടെയുള്ള വിശ്വാസ അനുഭവങ്ങൾ നവീകരണത്തിന്റെ സ്വാധീനത്തിന്റെ പേരിൽ തള്ളിപ്പറയുവാനും, അതിനനുസരിച്ച് തക്സ ഉൾപ്പെടെ പൊളിച്ച് എഴുന്നതിനും പ്രേരിപ്പിച്ചു. ഈ വെല്ലുവിളിയ്ക്കെതിരെ ചേപ്പാട് മാർ ദീവന്നാസ്യോസ് നടത്തിയ സന്ധിയില്ലാത്ത പോരാട്ടത്തിന്റെ സുവർണ്ണ ഫലമാണ് ആധുനിക മലങ്കരസഭ അനുഭവിക്കുന്ന, നാം അഭിമാനിക്കുന്ന മൂല്യങ്ങളും പാരമ്പര്യങ്ങളും.

മലങ്കരസഭയുടെ 'മാഗ്നകാർട്ടാ' എന്നു വിശേഷിപ്പിക്കുന്ന മാവേലി ക്കര പടിയോല ഈ പിതാവിന്റെ നാമം സഭാ ചരിത്രത്തിൽ അതുല്യമാ ക്കുന്നു. 1806-ൽ ഡോ: ബുക്കാനൻ സായിപ് 6-ാം മാർത്തോമ്മായുമായി (വലിയ മാർ ദിവന്നാ സ്യോസ്) ഉണ്ടാക്കിയ ഉടമ്പടി പ്രകാരം ആംഗ്ലിക്കൻ സഭയുടെ ഒരു ലോചർച്ച് വിഭാഗമായ സി.എം.എസ്.-ൽ ലയിപ്പിക്കുന്നതി നുള്ള കെണികൾ ഒരുക്കി. പതിറ്റാണ്ടുകൾക്ക് ശേഷവും അതൊരു വിഫല സ്വപ്നമായി അവശേഷിച്ചപ്പോൾ 1835 നവംബർ 19-ന് ബിഷപ് ഡാനിയേൽ വിൽസൻ സുറിയാനി സഭയുടെ വിശ്വാസാചാരങ്ങൾ ആംഗ്ലിക്കൻ സഭയ്ക്ക് അടിയറ വെയ്ക്കുന്ന വിധത്തിലുള്ള പരിഷ്ക്കാര ങ്ങൾ നടപ്പിലാക്കുവാൻ അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയ ചേപ്പാട് മാർ ദീവന്നാസ്യോസിനെ ഏൽപ്പിച്ചു. തുടർന്ന് 1836 ജനുവരി 16 ന് (1011 മകരം 05) മാവേ ലിക്കര പുതിയകാവ് പള്ളിയിൽ മലങ്കര മെത്രാപ്പോലീത്തായുടെ കൽപ്പന പ്രകാരം ഒരു പള്ളി പ്രതിപുരുഷ യോഗം (മലങ്കര അസോസിയേഷൻ) ചേർന്നു. പ്രസ്തുത യോഗത്തിൽ ബിഷപ് വിൽസന്റെ നിർദ്ദേശങ്ങൾ മലങ്കര നസ്രാണിയുടെ പോരാട്ടവിര്യ ത്തിനൊത്ത വീറോടെ അപ്പാടെ നിരസ്കരിച്ചു. പരിശുദ്ധ പിതാവ് 1855-ൽ ചേപ്പാട് വലിയ പള്ളിയിൽ കബറടങ്ങി. ■





## ഓർമ്മച്ചെപ്പ്

# പഞ്ചക്ഷതങ്ങളുടെ അത്ഭുതകന്യക



**കൊ**ല്ലവർഷം ഏകദേശം 1080

വളഞ്ഞവട്ടം തൈക്കടവിൽ വർഗ്ഗീസ് വക്കീൽ വെളുപ്പാൻ കാലത്ത് മഞ്ഞുപൊങ്ങുന്ന പമ്പാനദിയിലേക്ക് വീണ്ടും കണ്ണു തിരുമ്മി നോക്കി.

കെട്ടുവള്ളത്തിൽ കുറെ കറുത്ത കുപ്പായങ്ങൾ... തൈക്കടവിൽ തീരത്തേക്കാണു വരവ്... ആരായിരിക്കും...

മിന്നായം പോലെ മനസ്സിലോർത്തു അതേ പരുമല ബാവാ.. സാക്ഷാൽ പരുമലത്തിരുമേനി.

വക്കീൽ തോളിൽക്കിടന്ന കച്ച അരയ്ക്കു കെട്ടി; സഹോദരന്മാർക്ക് ആളെ വിട്ടു ചങ്ങാടം കെട്ടി തിരുമേനിയെയും പരിവാരങ്ങളേയും വീട്ടിലേക്കു കയറ്റി. തിരുമേനിയുടെ നിയമോപദേശകനായിരുന്നു വർഗ്ഗീസ് വക്കീൽ...

നീണ്ട ചർച്ചകൾക്കും സൽക്കാരങ്ങൾക്കും ശേഷം തിരുമേനി പോകാനിറങ്ങി

“വക്കീലേ തനിക്ക് തരാനുള്ളത് ദൈവം തരും. നിന്റെ സന്തതി പരമ്പര ദൈവത്താൽ അനുഗ്രഹിക്കപ്പെടും. ദൈവം ഒരാളെ വിളിക്കും. ആണായാലും, പെണ്ണായാലും അത് ദൈവത്തിന്റേതായിരിക്കും!!!

അന്ന് വക്കീലിന്റെ മകൻ കുരുവിളയ്ക്ക് പ്രായം 10 വയസ്സ്.

****

കൊല്ലവർഷം ഏകദേശം 1130

ഇലഞ്ഞിക്കൽ പള്ളിയിലെ പെരുന്നാൾ (വർഗ്ഗീസ് വക്കീലിന്റെ ഭാര്യ ഇലഞ്ഞിക്കൽ ആച്ചിയമ്മയുടെ കുടുംബ ദേവാലയം) വക്കീലിന്റെ മകൻ കുരുവിളയുടെ 12 വയസുള്ള മകൾ കുഞ്ഞമ്മ ചാപ്പലിലെ പതിവു സന്ദർശകയാണ്.

പെരുന്നാളിന് കാർമ്മികത്വം വഹിക്കാൻ എത്തിയിരിക്കുന്നത് പരിശുദ്ധ പാമ്പാടിത്തിരുമേനി. മട്ടയ്ക്കൽ വല്യച്ചൻ, കാരിക്കോട്ടച്ചൻ, ഇ.പി. ജേക്കബച്ചൻ തുടങ്ങിയവർ സന്നിഹിതരാണ് ."

സന്ധ്യാനമസ്ക്കാരം മുതൽ ചില ശാരീരിക-മാനസിക അലട്ടലുകൾ ആ 12 കാരിയെ ബാധിച്ചു. റാസ കഴിഞ്ഞ് സൂത്താറാ നമസ്ക്കരിക്കുമ്പോൾ വിശ്വാസ പ്രമാണം. ‘കുരിശിൽ തറയ്ക്കപ്പെട്ടു എന്ന പ്രാർത്ഥനാസമയത്ത് ഒരു മിന്നൽ പ്രവാഹം ശരീരത്തിൽ... ചാപ്പലിലെ ലൈറ്റ് അണഞ്ഞു... മെഴുകുതിരി കെട്ടു... ശരീരമാകെ തീയിൽപ്പെട്ട ഒരനുഭവം...'

“ആരാണ്”

“ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു. നീ നിത്യകന്യകയായി എന്റെ കുരിശെടുപ്പാൻ തയ്യാറാണോ?”

“അതേ!”

“ആ കുരിശ് നെറുകയിലൂടെ സ്പർശിച്ച് കടന്നുപോയി...”

മകളെ പഠിപ്പിച്ച് ഡോക്ടറാക്കാൻ ആഗ്രഹിച്ചിരുന്ന മാതാപിതാക്കൾക്ക് കഠിനമായ നിരാശ തോന്നി. വീട്ടിൽ അടിയും നിലവിളിയും... ബാലിക കഠിനമായ ഉപവാസം തുടങ്ങി... ഉപവാസങ്ങൾക്കും പ്രാർത്ഥനകൾക്കുമിടയിൽ 1948 ൽ പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിൽ ദുഖവെള്ളിയാഴ്ച ശുശ്രൂഷ നടന്നുകൊണ്ടിരിക്കേ ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾ ബാലികയിൽ ഉടലെടുത്തു.... ശരീരത്തിൽ അഞ്ചിടങ്ങളിൽ നിന്നും...

രക്തശരം...

* * * *

കാരിക്കോട്ട് കെ. ബി. വർഗ്ഗീസച്ചൻ പ. ഗീവർഗീസ് ദ്വിതീയൻ ബാവായോട് ബാലികയുടെ വിവരങ്ങൾ യഥാക്രമം അറിയിച്ചിരുന്നു.

“എടോ ദൈവത്തിന് ആണെന്നും പെണ്ണെന്നുമില്ല പിശാച് കുരിശെടുക്കാൻ പറയുകയുമില്ല... ” മറുപടി.

ഒരു കുരിശു വാഴ്ത്തി കാരിക്കോട്ടച്ചൻ വഴി കൊടുത്തയച്ചു. പിന്നീട് ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായാണ് ചെറുബാലികയെ സിസ്റ്റർ സൂസൻ കുരുവിള എന്ന പേരിൽ ആശ്രമജീവിതത്തിലേക്ക് വിളിച്ചുടുപ്പിച്ചത്.

പരിശോധകരുടെ പ്രവാഹമായിരുന്നു പിന്നെ തിരുവനന്തപുരത്തെ മാർ ഈവാനിയോസ് വന്നതു മോർക്കുന്നു...

“ഓർത്തഡോക്സ് സഭയിൽ ഇങ്ങനെയൊന്നും വരാൻ സാദ്ധ്യതയില്ല.... കുഞ്ഞ് വരുന്നോ തിരുവനന്തപുരത്ത്...”

ഇല്ല! മറുപടി പറഞ്ഞയച്ചു.

അമേരിക്കയിൽ വിശദമായ രക്ത പരിശോധനകൾക്കും മറ്റുമായി കൊണ്ടു പോയപ്പോഴും കാത്തലിക് ബിഷപ്പ് ആംബ്രോസ് സ്നേഹപൂർവ്വം ക്ഷണിച്ചു. ഒരു മൊണാസ്ട്രിയും, സ്ക്കൂളും, ഹോസ്പിറ്റലുമുള്ള സ്ഥാപനം തുടങ്ങുവാൻ നിർദ്ദേശിച്ചു...

സ്നേഹപൂർവ്വം അതും നിരസിച്ചു. അമേരിക്കൻ ഡോക്ടർമാർ ഒടുവിൽ പഞ്ചക്ഷതങ്ങളുടെ കാരണം കണ്ടെത്താനാകാതെ ഇപ്രകാരം കുറിച്ചു.

മിറക്കിൾ, മസ്റ്ററീയസ്, ഡിവൈൻ!

കണ്ടറിഞ്ഞ ചിലർ ശിഷ്യരായി ഇപ്പോഴും മാർ ഗ്രീഗോറിയോസ് ആശ്രമത്തിൽ സേവകരായിട്ടുണ്ട്.



ഓർത്തഡോക്സ് വൈദികസെമിനാരിയിലെ 1983–87 ബാച്ചിന്റെ കുടുംബ സംഗമത്തിൽ പങ്കെടുത്തവർ സെമിനാരി അദ്ധ്യാപകർക്കൊപ്പം.

Advt.

ഡെന്നിസ് റ്റോത്, റീത്താലിയോണെ, റിച്ചാർഡ് താഷ്ക...

പ. ദിദിമോസ് ബാവാ 2007–ൽ ആശ്രമം മദർ ആയി സ്ഥാനം നൽകി. പ. പരുമലത്തിരുമേനിയുടെ ജന്മനാട്ടിൽ ഒരു ആശ്രമം തുടങ്ങണമെന്ന ആഗ്രഹമാണ് മദറിനെ മുളന്തുരുത്തിയിലെത്തിച്ചത്. ആശ്രമം, ചാപ്പൽ, ഇംഗ്ലീഷ്, മീഡിയം സ്ക്കൂൾ, ക്ലിനിക്, ആംബുലൻസ്... പ്രസ്ഥാനങ്ങളായല്ല... സേവനമായിത്തന്നെ.

വെബ് സൈറ്റ് അപ്ഡേറ്റ് ചെയ്യുന്ന കാര്യം ചർച്ച ചെയ്തപ്പോൾ റിച്ചാർഡ് ആവർത്തിച്ചു പറഞ്ഞു.

see, we dont wish to commercialize it... അതേ! ഒരു സ്വകാര്യ ക്രിസ്താനുഭവത്തിന്റെ നിർവൃതിയിൽ ക്രിസ്തുവിന്റെ ക്ഷതങ്ങളുമായി മദർ സൂസൻ കുരുവിള കൂടുതലൊന്നും ലോകത്തോടു പറയാനില്ലാതെ...

ദിവ്യബലികളിൽ പങ്കാളിയായി എല്ലാ ചൊവ്വ വെള്ളി ദിവസങ്ങളിലും പ്രാർത്ഥനകളും ദിവ്യാനുഭവങ്ങളുമായി യാമപ്രാർത്ഥനകൾ മുടക്കാതെ.

13–ാം വയസിൽ ആശ്രമത്തിൽ ചേർന്ന ബാലൻ ഇന്ന് മാത്യൂസ് റമ്പാനാണ് ആശ്രമം ചുമതലക്കാരനുമാണ്. പ. ബാവായാണ് വിസിറ്റർ ബിഷപ്പ്. കൂടെ നൂറോളം പേർ അന്തേവാസികളായും...

**ഫാ. മുകളിൽ**





best wishes
best wishes...
67-ാം ജന്മദിനം ആഘോഷിക്കുന്ന
മലങ്കരയുടെ പരിശുദ്ധ പിതാവ്
ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ്
ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിക്ക്
ഹൃദയം നിറഞ്ഞ ജന്മദിനാശംസകൾ
ഷാജി എബ്രഹാം, കുവൈറ്റ്
സഭാ മാനേജിംഗ് കമ്മറ്റിയംഗം

# ആനപ്പാപ്പി വധശതാബ്ദി

കെ. വി. മാമ്മൻ, കോട്ടയ്ക്കൽ

നൂറു വർഷം മുമ്പ് മലങ്കര സഭയുടെ ആസ്ഥാനമായിരുന്ന കോട്ടയത്തെ പറുദീസാസമാനമായ പഴയ സെമിനാരി കൈക്കലാക്കാനും അവിടെ താമസിച്ചിരുന്ന മുൻ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസിനെ പുകച്ചു പുറത്താക്കാനും ചില പ്രമാണികൾ നടത്തിയ 'ആനപ്പാപ്പി വധ'ത്തിന് ഇന്നു പ്രസക്തി ഏറിയിരിക്കുന്നു. പഴയ മധ്യ തിരുവിതാംകൂറിലെ ഒരു പ്രശസ്ത കുടുംബമായ പണിക്കരുവീടിന്റെ വിവിധ ശാഖകൾ കുടുംബാംഗമായിരുന്ന ആനപ്പാപ്പി എന്നു വിളിച്ചു വന്ന വർക്കി വറുഗീസിന്റെ വധശതാബ്ദി വിപുലമായി ആചരിക്കുന്നതിനുള്ള ഒരുക്കങ്ങൾ മുൻ എം.പി. തോമസ് കുതിരവട്ടത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നു.

രൂക്ഷമായ കക്ഷിഭിന്നതയുടെ പേരിൽ, സഭാഭാസുരനായ വട്ടശ്ശേരിൽ തിരുമേനിക്കു വധ ഭീഷണി ഉണ്ടായതിനെതുടർന്ന് അദ്ദേഹത്തിന്റെ ദേഹരക്ഷയ്ക്കു വേണ്ടി മലങ്കരസഭയുടെ വിവിധ ശക്തി കേന്ദ്രങ്ങളിൽ നിന്നു സഭാ സ്നേഹികൾ സെമിനാരിയിൽ കാവലിന് എത്തിയിരുന്നു. അവരിൽ പ്രധാനിയായിരുന്നു ആനപ്പാപ്പി എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന അരോഗ ദൃഢഗാത്രനും ആജാനുബാഹുവും ആയ വർക്കി വറുഗീസ്. ഒരധ്യാപകന്റെ മകനും കല്ലൂപ്പാറയിലെ ഒരധ്യാപകനുമായ വർക്കി വറുഗീസിനെ തിരുവല്ലയിലെ സമുദായ പ്രമാണികളായിരുന്ന കെ.സി. ഈപ്പൻ (കെ. സി. മാമ്മൻ മാപ്പിളയുടെ ഇളയസഹോദരൻ) മുതലായവരാണു മധ്യവേനൽ അവധിക്കാലത്തു പഴയ സെമിനാരിയിലേക്കു പൊന്നാട അണിയിച്ചു പറഞ്ഞു വിട്ടത്.

തിരുവല്ലാ കാരയ്ക്കൽ പണിക്കരുവീട്ടിൽ വർക്കി ആശാന്റെയും കാരയ്ക്കൽ ചക്കുംമൂട്ടിൽ മറിയാമ്മയുടെയും ഏകപുത്രനായിരുന്ന ആനപ്പാപ്പി മട്രിക്കുലേഷൻ വരെ പഠിച്ച് അധ്യാപകനായിത്തീർന്ന് പാപ്പിയുടെ ഭാര്യ ആറ്റുപുറത്തു കുടുംബാംഗമായ അന്നമ്മയായിരുന്നു ഈ ദമ്പതികൾക്ക് ഒരു പുത്രനും മൂന്നു പുത്രിമാരുമാണുണ്ടായിരുന്നത്. ആനപ്പാപ്പി വധിക്കപ്പെടുമ്പോൾ ഏറ്റവും ഇളയ മകൾ റാഹേലമ്മക്കു മൂന്നു മാസം മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അവർ പത്തു വർഷം മുമ്പ് 92-ാം വയസ്സിൽ അന്തരിച്ചു. പന്ത്രണ്ടു വർഷം മുമ്പ് കോട്ടയത്ത് കെ.എം.ജി. സെന്ററിൽ നടത്തപ്പെട്ട ആനപ്പാപ്പി അനുസ്മരണ യോഗത്തിൽ റാഹേലമ്മ സംബന്ധിക്കുകയും അവരെ പൊന്നാട നൽകി അനുമോദിക്കുകയും ചെയ്തിരുന്നു.

കാവൽസേനയുടെ തലവനായിരുന്ന വർക്കി വറുഗീസിനെ (ആനപ്പാപ്പി) തട്ടാതെ മലങ്കര മെത്രാപ്പോലീത്തായെ തൊടാനോ, സെമിനാരി പിടിച്ചെടുക്കാനോ സാധ്യമല്ലെന്നുള്ള എതിർ കക്ഷിയുടെ കണക്കു കൂട്ടലാണു താഴത്തങ്ങാടിക്കാരായ ഏതാനും ഗുണ്ടകളെ പണം കൊടുത്തു സംഘടിപ്പിക്കാനും വർക്കി വർഗീസിനെ കൊല്ലിക്കാനും വേണ്ട കുതന്ത്രങ്ങൾ മെനയാൻ ചില പ്രമാണികൾക്കു പ്രേരണ നൽകിയതെന്ന ചരിത്ര സത്യം അനിഷേധ്യമായി അവശേഷിക്കുന്നു.

ക്വട്ടേഷൻ സംഘം 1912 മാർച്ച് 25-നാണു മുപ്പത്തഞ്ചുകാരനായ ആനപ്പാപ്പിയെ മീനച്ചിലാറിന്റെ മണൽപരപ്പിൽ വച്ച് അടിച്ചും വെട്ടിയും വധിച്ചത്. പാപ്പിയുടെ തലയോട്ടി പതിനൊന്നു കഷണങ്ങളായിപൊട്ടിയിരുന്നു എന്നാണു ജില്ലാ ആശുപത്രിയിൽ വച്ചു നടത്തിയ പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. മൃതദേഹം കോട്ടയം പുത്തൻപള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. കബർ സെമിത്തേരി എവിടെയെന്നു നിശ്ചയമില്ല.

പന്ത്രണ്ടു പ്രതികളിൽ ഒരാൾ ക്വട്ടേഷൻ സംഘത്തെ ഏർപ്പെടുത്തിയ പ്രമാണിയുടെ ബന്ധുവായിരുന്നതിനാൽ അദ്ദേഹത്തിന്റെ സ്വാധീനം മൂലം പ്രതിപ്പട്ടികയിൽ നിന്നു ഒഴി വാക്കപ്പെട്ടു. ആദ്യം കേസന്വേഷണം നടത്തിയ പോലീസ് ഉദ്യോഗസ്ഥൻ ചില പ്രമാണികളുടെ പണം സ്വീകരിച്ചു പക്ഷപാതപരമായി പ്രവർത്തിച്ചതിനാൽ അയാളെ മാറ്റുകയും മറ്റൊരു ഉദ്യോഗസ്ഥൻ കുറ്റം തെളിയിക്കുകയും ആണുണ്ടായത്. അന്നു കോട്ടയം കൊലക്കേസ് എന്നറിയപ്പെട്ടിരുന്ന ഈ കേസ് ശരിക്കു നടത്തുന്നതു സംബന്ധിച്ചു മലയാള മനോരമയ്ക്കു മുഖപ്രസംഗം തന്ന എഴുതേണ്ടി വന്നു.

പതിനൊന്നു പ്രതികളെയും സെഷൻസ് കോടതി ജീവപര്യന്തം തടവിനു ശിക്ഷിച്ചു. അപ്പീലിൽ ഹൈക്കോടതി നാലുപേരുടെ ശിക്ഷ ശരി വച്ചു ഒഴിവായ ചിലർ ദുർമരണം മൂലം ലോകം വിട്ടു. മറ്റൊരാൾ വേറെ ഒരു കേസിൽ പ്പെട്ടു ജയിലിലായി അവിടെ കിടന്നു മരിച്ചു. തെണ്ടിത്തിരിഞ്ഞു നടന്ന ഒരാൾ ക്വട്ടേഷൻ സംഘനേതാവിനെ പലപ്പോഴും വീട്ടിൽ എത്തി ശല്യപ്പെടുത്തി പണം പിടുങ്ങുമായിരുന്നു.

**പാപ്പിയുടെ തലയോട്ടി പതിനൊന്നു കഷണങ്ങളായിപൊട്ടിയിരുന്നു എന്നാണു ജില്ലാ ആശുപത്രിയിൽ വച്ചു നടത്തിയ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരുന്നത്.**

പത്തു വർഷം മുമ്പ് പെരുമ്പാവൂരിൽ പട്ടാപ്പകൽ കൊല്ലപ്പെട്ട മലങ്കര വറുഗീസ് കൊലപാതകത്തിന്റെ അന്വേഷണം, പ്രതികൾ എല്ലാം പിടിക്കപ്പെട്ടിട്ടും ഇന്നും പൂർത്തിയായിട്ടില്ല കൊന്നവരെ പിടിച്ചു. കൊല്ലിക്കപ്പെട്ടവർ പിടികൊടുക്കാതെ നടക്കുന്നു.

'സഭയെ വളർത്താൻ' തെക്ക് ആനപ്പാപ്പി എന്ന വർക്കി വറുഗീസിനെയും വടക്കു ചിലർ മലങ്കര വറുഗീസിനെയും ഗുണ്ടാസംഘത്തെ ഉപയോഗിച്ചു കൊന്നപ്പോൾ ചോരപുരണ്ട ചരിത്രം ആവർത്തിക്കുകയാണ്. ദൈവത്തിന്റെ അഭിഷിക്തന്മാരെ തെറ്റായ ലക്ഷ്യത്തോടെ വകവരുത്താൻ സ്വത്തും സ്വാധീനവും ഉപയോഗിച്ചു കരുക്കൾ നീക്കിയവരെല്ലാം പാലവും അമ്പലവും ആറും നീന്തി കടന്ന നിരാശരായി അക്കരകടന്നു. ഇത്തരം ഹീനമായ കൊലപാതകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനാണു നാം ശ്രമിക്കേണ്ടതും കാര്യമായി ശ്രദ്ധിക്കേണ്ടതും. ■

18 – ാം ചരമ വാർഷികം

12 – 09 – 2012



എം. സി. ഗീവർഗീസ്

(കുഞ്ഞൂഞ്ഞുട്ടി)

മുക്കാഞ്ഞിരത്ത്

തിരുമൂലപുരം

*"നിന്റെ മഹത്വമുദിക്കും നാൾ*
*നിൽക്കണമിവൻ വലഭാഗത്തായ്"*

**സന്തപ്ത കുടുംബാംഗങ്ങൾ**

ഏഴാം ചരമ വാർഷികം

15–09–2012



**ടി. ജി. ജോർജ്ജ്**

ശാന്തിഭവൻ

പത്തനംതിട്ട

*സന്തപ്ത കുടുംബാംഗങ്ങൾ*

# ഭവന ദാനപദ്ധതി

ബ്രഹ്മവാർ ഭദ്രാസനത്തിലെ അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ "കാതോലിക്കേറ്റ് ശതാബ്ദി" ആഘോഷങ്ങളുടെ ഭാഗമായി 15 ലക്ഷം രൂപ ചിലവിൽ ഒരുദേവാലയവും 2.5 ലക്ഷം രൂപ വീതം ചിലവിൽ 10 ഭവനങ്ങളും നിർമ്മിച്ചു നൽകുന്നു. ദേവാലയവും 5 ഭവനങ്ങളും ബ്രഹ്മവാർ ഭദ്രാസനത്തിലേക്കും, 5 ഭവനങ്ങൾ അർഹമായ അപേക്ഷകൾ പരിഗണിച്ച് സഭയിലെ മറ്റ് ഭദ്രാസനങ്ങളിലും നൽകുന്നു. ആയതിലേക്ക് 2012 ആഗസ്റ്റ് 31 ന് മുൻപ് താഴെ പറയുന്ന നിബന്ധനകൾ അനുസരിച്ച് അപേക്ഷകൾ ക്ഷണിക്കുന്നു.

1) അപേക്ഷകന്റെയും കുടുംബാംഗങ്ങളുടെയും പൂർണ്ണമായ വിവരങ്ങൾ അടങ്ങിയ അപേക്ഷ.

2) അപേക്ഷയോടൊപ്പം ഇടവക വികാരിയുടെയും, ഇടവക മെത്രാപ്പോലീത്തായുടെയും ശുപാർശ കത്ത്.

3) സ്വന്തമായി സ്ഥലം ഉണ്ട് എന്ന് തെളിയിക്കുന്ന ഏതെങ്കിലും കൈവശ രേഖ.

4) മേൽപറഞ്ഞ തുകയിൽ ഉൾക്കൊള്ളുന്ന വീടിന്റെ പ്ലാൻ

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം

**The Vicar**
**St. George Orthodox Cathedral**
**P.B. No. 883**
**Abu Dhabi, UAE**

## സ്ത്രൈണം

**ഡോ. സാറാമ്മ വർഗീസ**

# അലിവിന്റെ ഉറവകൾ

**പൊ**ന്നിൻ ചിങ്ങമാസത്തിലെ ഓണ നാളുകൾ മലയാളികൾക്ക് ആഘോഷത്തിന്റെ നാളുകളാണ്. എന്നോ കൈമോശം വന്നുപോയ സമത്വസുന്ദരമായ ഒരു കാലത്തിന്റെ ഓർമ്മയും ഓണം കൊണ്ടുവരുന്നു. കവിവാക്യമുദ്ധരിച്ചാൽ കള്ളവും ചതിയുമില്ലാത്ത, പൊളിവചനം എള്ളോളമില്ലാത്ത, ആധികളും വ്യാധികളുമില്ലാത്ത, ബാലമരണങ്ങൾ കേൾപ്പാനില്ലാത്ത ഒരു കാലത്തിന്റെ സ്മരണകൾ. ഊഞ്ഞാലാട്ടവും അത്തപ്പൂവിറുക്കലും പൂക്കളമൊരുക്കലും കുട്ടികൾക്കും മുതിർന്നവർക്കും സന്തോഷം നൽകുന്നു. കാർഷിക വിളകളുടെ സമൃദ്ധി വിളിച്ചു പറയുന്ന രീതിയിൽ വിവിധയിനം പച്ചക്കറികൾ കൊണ്ട് ഒരുക്കുന്ന ഓണസദ്യയും, ഓണക്കോടി ധരിച്ച് ബന്ധുക്കളെയും സുഹൃത്തുക്കളെയും സന്ദർശിക്കാൻ പോകലും എല്ലാം ഓണത്തിന്റെ പ്രത്യേകതകൾ തന്നെ. മലയാളികളുടെ പൈതൃകമായ ഓണം നമ്മുടെ കുട്ടികൾ എങ്ങനെ കാണുന്നു? ആഘോഷിക്കുന്നു ? കൂട്ടുകാർകൂടി കളിച്ചു രസിക്കുന്നുവോ ? അതോ അവരുടെ താല്പര്യങ്ങൾ ടി വി ചാനലുകളിൽ വരുന്ന സിനിമകളിലും, സീരിയലുകളിലും, Internet ലെ സൗഹൃദകൂട്ടായ്മകളിലും mobile phone വഴിയുള്ള സംഭാഷണങ്ങളിലും ഒതുങ്ങുന്നുവോ ?കൗമാരക്കാർ നടത്തുന്ന കുറ്റകൃത്യങ്ങളെപ്പറ്റി യുള്ള വാർത്തകൾ കേൾക്കുമ്പോൾ നിർദ്ദോഷമായി ഉല്ലസിക്കാവുന്ന കളികളിൽ നിന്നും അവരുടെ ശരീരമനസ്സുകൾ മാറിപ്പോകുന്നതെങ്ങനെയെന്ന് ചിന്തിച്ചുപോകാറുണ്ട്. നിഷ്കളങ്കമായ ബാല്യവും ദ്രുത വളർച്ചയുടേതായ കൗമാരവും മുതിർന്നവർക്ക് വളരെയധികം സ്വാധീനം ചെലുത്താവുന്ന സമയമാണ്. കാലഘട്ടത്തിന്റേതായ പ്രത്യേകതകളിൽ നിന്നെല്ലാം മാറ്റി നിർത്തി, നാലുചുറ്റും മതിലുകെട്ടി മറയ്ക്കുംപോലെ നമുക്കവരെ സംരക്ഷിക്കാനാവില്ല. എന്നാൽ സമയം അർത്ഥപൂർണ്ണമായ കാര്യങ്ങളിൽ ചിലവഴിക്കാനും താല്പര്യങ്ങൾ അവനവനും സമൂഹത്തിനും ഉതകുന്ന രീതിയിൽ ആക്കിത്തീർക്കാനും അവരെ സഹായിക്കാം.

അദ്ധ്യാപിക ആയിരിക്കുമ്പോൾ പ്രത്യേകിച്ച് ക്ലാസ് ടീച്ചറായിരിക്കുമ്പോൾ കുട്ടികളുടെ രക്ഷകർത്താക്കളോട്, പാഠ്യപാഠ്യേതര കാര്യങ്ങളെപ്പറ്റി പറയുമ്പോൾ ചിലപ്പോഴൊക്കെ ചോദിച്ചിരുന്ന ഒരു ചോദ്യമുണ്ട്. മകൻ/മകൾ വീട്ടുജോലികളിൽ സഹായിക്കാറുണ്ടോ എന്ന്. ചില മാതാക്കൾ മറുപടി പറയും "ടീച്ചറെ ഇവൾ സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഇവളുടെ വസ്ത്രങ്ങളെങ്കിലും കഴുകുമായിരുന്നു. കോളേജിലായതിൽ പിന്നെ അതുപോലുമില്ല" എന്ന്. നമ്മുടെ കൗമാരക്കാരെ മുതിർന്നവരെ സഹായിക്കാൻ പരിശീലിപ്പിച്ചാൽ ഉത്തരവാദിത്വപൂർവ്വം കാര്യങ്ങൾ ഏറ്റെടുത്ത് ചെയ്യാനുള്ള പരിശീലനം കൂടിയാകും അത്. സ്വാർത്ഥ മതികൾ അല്ലാതാകാനും സഹായിക്കുന്ന മനസ്സുള്ളവരാകാനും അത് സഹായിക്കും. അമ്മമാർക്ക് പലപല കാര്യങ്ങളിൽ മക്കൾക്ക് പരിശീലനം നൽകാനാകും. അടുക്കളക്കാര്യം തന്നെയെടുക്കാം. ആരോഗ്യകരമായ രീതിയിൽ ഭക്ഷ്യവിഭവങ്ങൾ തെരെഞ്ഞെടുക്കാനും പച്ചക്കറികൾ കഴുകി വൃത്തിയാക്കാനും, കറികൾക്കു വേണ്ട രീതിയിൽ അരിഞ്ഞുതയ്യാറാക്കാനും, സാലഡുണ്ടാക്കാനും, തേങ്ങാ ചിരകാനും, പാത്രങ്ങൾ കഴുകാനും, അടുക്കി വയ്ക്കാനും ഒക്കെ നമുക്ക് നമ്മുടെ കൗമാരക്കാരെ പരിശീലിപ്പിക്കാം. ബേക്കറികളിൽ നിന്നും വാങ്ങുന്ന പല വിഭവങ്ങളും കുട്ടികൾക്ക് പ്രിയപ്പെട്ടവയെങ്കിലും ആരോഗ്യത്തിന് ഹാനികരമാകാം. ബേക്കറികളിലും ഹോട്ടലുകളിലും നിന്ന് കിട്ടുന്ന ഭക്ഷണത്തെപറ്റി വീണ്ടു വിചാരത്തോടെ ചിന്തിക്കാൻ പുറത്തുനിന്നു വാങ്ങിയ ഷവർമ്മ കഴിച്ച് ഭക്ഷ്യവിഷബാധയേറ്റു മരിച്ച വിദ്യാർത്ഥിയുടെ അനുഭവം ഇടയാക്കി. കുടുംബാഗങ്ങൾ ഒരുമിച്ചു കൂടി വിഭവങ്ങൾ തയ്യാറാക്കുന്നതും ഭക്ഷണം ഉണ്ടാക്കുന്നതുമെല്ലാം ഇന്നത്തെ അണുകുടുംബങ്ങളിലെ അമ്മമാർക്ക് സഹായവും, കുട്ടികൾക്ക് നല്ല പരിശീലനവും ആകും. വീട്ടുജോലികൾക്ക് സഹായത്തിന് ആളെ കിട്ടാൻ ബുദ്ധിമുട്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, അനുദിനചര്യകൾ സ്നേഹത്തോടെ പങ്കിടുന്നത് കുടുംബത്തിൽ സന്തോഷവും വർദ്ധിപ്പിക്കും.

ഓണത്തിന്റെ മറ്റൊരു പ്രത്യേകതയാണ് കുടുംബാംഗങ്ങളുടെ ഒത്തുകൂടൽ. പരസ്പരസ്നേഹത്തിന്റെ ഇഴകൾ കൂട്ടിത്തുന്നാൻ സഹായിക്കുന്ന ഇത്തരം കൂടിവരവിൽ കൂടി കുട്ടികൾ സ്നേഹ സന്ദർശനങ്ങളുടെ ഊഷ്മളത അനുഭവിക്കുന്നു. കുഞ്ഞുങ്ങൾക്ക് അതിഥിസൽകാരത്തിലും പരിശീലനം ലഭിക്കുന്നു. "അതിഥി ദേവോ ഭവ : " എന്നുള്ളത് ഭാരതീയ സാംസ്കാരത്തിന്റെ സമുന്നതമായ കാഴ്ചപ്പാടാണ്. ക്രൈസ്തവ ജീവിതത്തിലും അതിഥികളെ സൽക്കരിക്കുന്നതിന് പ്രാധാന്യം നൽകുന്നു. അപരിചിതരായ അതിഥികൾക്ക് ആതിഥ്യം നൽകിയതു വഴി അബ്രഹാം ദൈവദൂതന്മാരെ സൽക്കരിച്ചതായി വിശുദ്ധ വേദപുസ്തകം പറയുന്നു. സ്വന്തം സുഖസൗകര്യങ്ങൾ അല്പമൊക്കെ പങ്കിടേണ്ടി വരുന്ന ഇത്തരം സന്ദർഭങ്ങൾ കുട്ടികൾക്ക് സ്നേഹസ്മരണകൾ മാത്രമല്ല നൽകുന്നത്. മുതിർന്ന് സ്വന്തമായി കുടുംബം കെട്ടിപ്പടുക്കാൻ ശ്രമിക്കുമ്പോൾ വളരെ പ്രധാനമായി വേണ്ടി വരുന്ന പങ്കിടലിനുള്ള പാഠങ്ങളും ഈ അനുഭവത്തിൽ നിന്നും ലഭിക്കും.

നിരാലംബമായ വാർദ്ധക്യം ഇന്നത്തെ സമൂഹത്തിലെ ഒരു ശാപമായി മാറിക്കൊണ്ടിരിക്കുന്നു. വയസ്സായവരെയും അത്യാവശ്യങ്ങളിൽ ആയിരിക്കുന്നവരെയും അല്പം ത്യാഗം സഹിച്ചാണെങ്കിലും സഹായിക്കാൻ തക്ക മനസ്സുള്ളവരായി നമ്മുടെ കൗമാരക്കാരെ നമുക്ക് പരിശീലിപ്പിക്കാം. നന്നായി പഠിച്ച് പരീക്ഷ എഴുതി Science talent scholarship നേടിയിട്ട് ലഭിച്ച തുക മുഴുവനും ഒരു ഗ്രാമത്തിലെ കുട്ടികളെ വാരാന്ത്യങ്ങളിൽ കിട്ടുന്ന ഒഴിവുസമയങ്ങളിൽ പഠിപ്പിക്കാനുള്ള ശ്രമത്തിൽ ചിലവഴിച്ചിരുന്ന എന്റെ ഒരു സുഹൃത്തിനെ ഓർക്കുന്നു. യൂണിവേഴ്സിറ്റി പരീക്ഷയിൽ റാങ്കുനേടിയ ആ സുഹൃത്തിനോട് ബഹുമാനവും സ്നേഹവും വർദ്ധിച്ചത് പാഠ്യവിഷയങ്ങളിലെ നേട്ടം കൊണ്ടു മാത്രമായിരുന്നില്ല. നല്ല സാരി വാങ്ങാനും സ്വന്തം ആവശ്യങ്ങൾക്കും ചിലവാക്കാമായിരുന്ന കാശു മുഴുവൻ തിരുവനന്തപുരം പട്ടണത്തിനടുത്തുള്ള ഒരു ഗ്രാമത്തിൽ പോയി ഒഴിവു സമയം കൗമാരക്കാരെ പഠിപ്പിക്കുന്നതു കണ്ടിട്ടാണ്, കൂടെ പോയിട്ടും. ഇത്തരം അനുഭവങ്ങൾ വിരളമാകാം. എന്നിരുന്നാലും മനുഷ്യസ്നേഹം വളർത്തുന്ന ത്യാഗത്തിന്റേതായ ഇത്തരം പ്രവൃത്തികൾ നമ്മുടെ കുട്ടികൾക്ക് മാതൃകയാകട്ടെ. ആഘോഷങ്ങൾ ആഡംബര വസ്തുക്കൾ വാങ്ങിക്കൂട്ടാനുള്ള കാലമായി മാറിയിരിക്കുമ്പോൾ ത്യാഗത്തിന്റെയും പങ്കുവെയ്ക്കലിന്റെയും ഓർമ്മകൾ ഉണർത്തുന്ന മഹാബലിയുടെ വരവ് മനുഷ്യമനസ്സിൽ സ്നേഹ സൗഹൃദങ്ങളുടെയും കരുതലിന്റെയും അലിവിന്റെയും ഉറവകൾ ഒഴുക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ■

100 ശതാബ്ദിചിന്തകൾ



100 വർഷം ആഘോഷിക്കുന്ന ഈയവസരത്തിൽ, ദേവലോകം കാതോലിക്കേറ്റ് അരമന സ്ഥാപകനും, മലങ്കരസഭ മാസിക സ്ഥാപകനുമായ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ മെത്രാഭിഷേകത്തിനും സെപ്റ്റം. 8-ന് 100 വർഷം തികയുകയാണ്. ഭാഗ്യസ്മരണാർഹനും വിശ്വ മാനവികനായ ***ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ*** രചന.

# മലങ്കരയുടെ മഹർഷിവര്യൻ

മലങ്കരസഭയുടെ സാരഥിയായി 1929 ഫെബ്രുവരി 15-ന് അഭിഷേകം ചെയ്യപ്പെട്ട ആ പുണ്യപുരുഷനെ ഞാൻ ആദ്യമായി കണ്ടത് എന്റെ ബാല്യകാലത്തായിരുന്നു. തന്റെ സഹോദരീഭർത്താവായ മനയിട കുഞ്ഞുംപാപ്പിയുടെ മാതാവിനെ രോഗശയ്യയിൽ കാണുവാൻ ബാവാ തൃപ്പൂണിത്തുറ മനയിടത്തറവാട്ടിൽ വന്നപ്പോൾ ഒട്ടേറെപ്പേർ കൈമുത്തുവാൻ ഒത്തുകൂടി. ഞങ്ങളുടെ വീടും മനയിടത്തറവാടും അടുത്തടുത്താണ്. ഒരു വേലിയാണ്. അന്ന് എട്ടോ പത്തോ വയസ്സുള്ള ഞാനും ചെന്നു കൈമുത്തി. മന്ദസ്മേരമുഖനായ ആ ഉജ്ജ്വല വ്യക്തിപ്രതിഭയുടെ പുണ്യദർശനം ബാലനായ എന്നെയും ആവേശഭരിതനാക്കി.

പിന്നീടു ഞാൻ ആ പരിശുദ്ധ പിതാവിനെ കണ്ടത് 1955 ലാണ് - എനിക്കു 33 വയസ്സുള്ളപ്പോൾ, പീസ് ലീഗ് സത്യഗ്രഹത്തിന്റെ കാലത്ത്. അന്നു തുടങ്ങി ഞാൻ ആ പിതാവിന്റെ ആരാധകനും ശിഷ്യനുമായിത്തീർന്നു. ബാവായെപ്പറ്റിയുള്ള അനേകം സ്മരണകൾ എന്റെ ഹൃദയത്തിലുണ്ട്. രണ്ടെണ്ണം മാത്രം ഇവിടെ എടുത്തു പറയട്ടെ.

ആദ്യത്തേത് 1956-ലാണ്. ഞാൻ അന്ന് ആലുവാ ഫെലോഷിപ്പ് ഹൗസിൽ ഒരു അത്മായക്കാരനായി പ്രവർത്തിക്കുകയായിരുന്നു. എത്യോപ്യൻ ചക്രവർത്തി ഭാരത സന്ദർശന വേളയിൽ കേരളത്തിലും വന്നു. പരിശുദ്ധ ബാവായെ കാണുവാൻ ദേവലോകത്തെത്തിയ ചക്രവർത്തിയുമായുള്ള സംഭാഷണം തർജ്ജമ ചെയ്യുവാൻ എത്യോപ്യൻ ഭാഷ അറിയാവുന്ന എന്നെ വിളിച്ചു.

മറക്കാനാവാത്ത ഒരു കൂടിക്കാഴ്ചയായിരുന്നു അത്. ആ നർമ്മ സംഭാഷണം പരിഭാഷപ്പെടുത്തുവാൻ ലഭിച്ച മഹാഭാഗ്യം എന്നെ വളരെ സന്തോഷിപ്പിച്ചു. ആ സംഭാഷണത്തിന്റെ ആരംഭ ഭാഗം ഞാൻ ഇപ്പോഴും ഓർക്കുന്നു.

*ബാവാ:* "അനേകകാലം, ദാവീദുപുത്രനായ മിശിഹായെ കാണുവാൻ കാത്തിരുന്ന്, ശിശുവായ യേശുവിനെ യരുശലേം ദേവാലയത്തിൽ വച്ചു കണ്ടപ്പോൾ ജീവിത നിർവൃതിയടഞ്ഞ വൃദ്ധനായ ശിമവോന്റെ വികാരങ്ങളാണ് ഓർത്തഡോക്സ് സഭയുടെ അരുമഭാജനമായ ചക്രവർത്തിയെ കാണുമ്പോൾ എനിക്കിന്നുണ്ടാവുന്നത്."

*ചക്രവർത്തി:* "പരിശുദ്ധനായ അങ്ങയുടെ ദർശനത്തിങ്കൽ എനിക്കിന്നുണ്ടാവുന്ന സാഫല്യ സന്തോഷത്തേക്കാൾ വലിയ ഒന്ന് ഒരു ചക്രവർത്തിക്കും ഉണ്ടാകാനില്ല." ഇങ്ങനെ തുടർന്ന ആ സംഭാഷണം ഇരുവരുടെയും വ്യക്തിവിലാസത്തെ വിളിച്ചറിയിക്കുന്നതായിരുന്നു. പരിശുദ്ധ ബാവായെ സന്ദർശിച്ചിട്ടുള്ള എല്ലാ വലിയ ആളുകൾക്കും ആവേശം പകർന്നുകൊടുക്കുവാനുള്ള അനിതര സാധാരണമായ കഴിവ് ബാവായ്ക്കുണ്ടായിരുന്നു. ആ സംഭാഷണത്തിന്റെ പരിണിതഫലമെന്നോണമാണു ഞാൻ രണ്ടാമത് എത്യോപ്യയിൽ പോകാനും ചക്രവർത്തിയുടെ ഉപദേഷ്ടാവും കാര്യദർശിയും ആയി പ്രവർത്തിക്കുവാനും ഇടയായതെന്നു പറയാം.

രണ്ടാമത്തെ അനുഭവം 1957-ലാണ്. സമുദായക്കേസിലെ സുപ്രീം കോടതി വിധിയുണ്ടാകുന്നതിനു മുമ്പായിരുന്നു അത്. മലങ്കരസഭയിലെ കക്ഷിവഴക്കു മൂത്ത കാലം. തന്റെ കണ്ണടയുന്നതിന് മുമ്പേ സഭയിൽ സമാധാനം ഉണ്ടായിക്കാണണമെന്നു പരിശുദ്ധ ബാവായ്ക്കു വലിയ ആഗ്രഹമായിരുന്നു. ഇക്കാര്യം യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായെ അനൗദ്യോഗികമായി അറിയിച്ചു പ്രതികരണം തേടാൻ ബാവാ എന്നോടു പറഞ്ഞതനുസരിച്ച് ഞാൻ ഡമാസ്ക്കസിൽ പോയി വിവരങ്ങൾ അറിഞ്ഞു തിരികെ വന്നു. അന്നു ഞാൻ എത്യോപ്യൻ ചക്രവർത്തിയുടെ കൂടെയായിരുന്നതുകൊണ്ട് എനിക്കു മറ്റാരുടെയും സഹായം കൂടാതെ സ്വന്തചെലവിൽ സിറിയയിൽ പോകാനും വരാനും കഴിയുമായിരുന്നു.

യാക്കോബ് തൃതീയന്റെ അനുകൂലമായ പ്രതികരണം പരിശുദ്ധ കാതോലിക്കാബാവായെ ഞാൻ അറിയിച്ചു. ഇവിടെ അന്നുള്ള സഭാ പ്രമാണികൾ കൂടി കാര്യങ്ങളാലോചിച്ചു വയോവൃദ്ധനായ കാതോലിക്കാബാവായുടെ കാലത്തുതന്നെ ഒത്തുതീർപ്പിലെത്തുന്നതാണു നല്ലതെന്നും പാത്രിയർക്കീസ് ബാവായെ ഔദ്യോഗികമായി കാണുവാൻ പത്തനംതിട്ട പീലക്സിനോസ് തിരുമേനിയും ഞാനും കൂടെ പോയി ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്നുമായിരുന്നു അനൗദ്യോഗിക തീരുമാനം. ബാവാ അതു സമ്മതിച്ചു. എന്നാൽ പോകുന്നതിനു മുമ്പു പരിശുദ്ധ സുന്നഹദോസിന്റെ ഔദ്യോഗികാനുമതി വേണമെന്നും, സുന്നഹദോസ് കൂടുമ്പോൾ ഞാൻ കൂടെ (അന്ന് അത്മായക്കാരൻ) സന്നിഹിതനായി ഒരു ഡലിഗേഷൻ സിറിയയിൽ പോകുന്നതിന്റെ അഭിലഷണീയത തിരുമേനിമാരെ പറഞ്ഞു ബോധ്യപ്പെടുത്തണമെന്നും ബാവാ എന്നോടു കല്പിച്ചു.

അന്ന്, സുന്നഹദോസ് പതിവായി കൂടില്ലായിരുന്നു. വളരെ അത്യാവശ്യം വരുമ്പോഴേ കൂടുകയുള്ളൂ. സുന്നഹദോസിലെ അംഗസംഖ്യയും പരിമിതമാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്നു ബാവായെക്കൂടാതെ, പിന്നീടു കാതോലിക്കായായി വാഴിക്കപ്പെട്ട ഔഗേൻ മാർ തീമോത്തിയോസ്, പത്തനാപുരത്തെ തോമ്മാ മാർ ദീവന്നാസ്യോസ്, പാറേട്ട് മാർ ഈവാനിയോസ്, ദാനിയേൽ മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരേ ഉണ്ടായിരുന്നുള്ളൂ. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി സുന്നഹദോസിൽ സംബന്ധിച്ചില്ല.

എന്റെ പരിമിതമായ കഴിവുപയോ

ഗിച്ചു കാര്യങ്ങൾ തിരുമേനിമാരെ പറഞ്ഞു മനസ്സിലാക്കി. ഒരു ഡലിഗേഷൻ പോകുന്നതുകൊണ്ടുണ്ടാവുന്ന പ്രയോജനവും ഇപ്പോൾ പോകാതിരുന്നാലുള്ള സംഭവ്യതകളും ഒരു അഭിഭാഷകനെപ്പോലെ ഞാൻ വിസ്തരിച്ചു. ആദ്യം ആരും ഒന്നും പറഞ്ഞില്ല. പിന്നീട് ഒരു തിരുമേനി എന്നോടിങ്ങനെ കല്പിച്ചു:

''സാർ പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണ്. വരുംവരായ്കകളെപ്പറ്റി പറഞ്ഞതൊക്കെ വാസ്തവമാണ്. അതനുസരിച്ച് ഒരു ഡലിഗേഷൻ ഇപ്പോൾ പാത്രിയർക്കീസ് ബാവായെ കാണാൻ പോകുന്നത് നല്ലതാണെന്നേ ആർക്കും പറയാനൊക്കുകയുള്ളൂ. എങ്കിലും ഞങ്ങൾ പറയുന്നു, ഇപ്പോൾ ഈ ഡലിഗേഷൻ പോകണ്ട എന്ന്. അത് എന്തുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. തക്കതായ കാരണം കാണുമല്ലോ. അതു കൊണ്ട് ഇനിയും പോൾ വർഗീസ് സാർ ഒന്നും പറയേണ്ട."

ഞാൻ അമ്പരന്നു പോയി. സഭാരാഷ്ട്രീയത്തിൽ ഒട്ടും പരിചയമില്ലാതിരുന്ന എനിക്കു കാര്യം മനസ്സിലായില്ല. അപ്പോൾ പരിശുദ്ധ ബാവാ അദ്ധ്യക്ഷസ്ഥാനത്തിരുന്നുകൊണ്ട് ഗർജിച്ചു: "എന്നെക്കൊണ്ടു കഴിയില്ല. ഞാൻ ഇറങ്ങിപ്പോകുകയാണ്. ഇതു ഗുണംപിടിക്കാൻ പ്രയാസമാണ്."

പറയുക മാത്രമല്ല ഉടനെ ഇറങ്ങിപ്പോകുകയും ചെയ്തു. പിന്നീടാണ് എനിക്കു മനസ്സിലായത് സുന്നഹദോസിൽ അഭിപ്രായവ്യത്യാസമുണ്ടായത് ആരാണു പോകേണ്ടതെന്ന കാര്യത്തെക്കുറിച്ചായിരുന്നു എന്ന്. ഏതായാലും ആരും പോയില്ല. വാങ്ങിച്ച ടിക്കറ്റ് കാൻസൽ ചെയ്യുകയും ചെയ്തു.

സഭാ സമാധാനത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിക്കുകയും അക്ഷീണമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ബാവായെ ഭഗ്നാശനായി ഞാൻ കണ്ടത് അന്നാണ്. മനുഷ്യന്റെ സ്വാർത്ഥമാണ് സഭയിൽ അസമാധാനത്തിനു കാരണമെന്നു ബാവാ എപ്പോഴും പറയുമായിരുന്നു. പരിശുദ്ധ ബാവായുടെ വ്യക്തിവിലാസത്തെപ്പറ്റി നാലഞ്ചു കാര്യങ്ങൾ എടുത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമത്, സഭയോട് ആ പിതാവിനുണ്ടായിരുന്ന അനിതരസാധാരണമായ സ്നേഹം. സ്വന്ത താൽപര്യങ്ങൾ ഒന്നും നോക്കാതെ സഭയുടെ സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി വ്യക്തിപരമായി എന്തു ത്യാഗവും സഹിക്കുവാൻ ബാവാ എപ്പോഴും സന്നദ്ധനായിരുന്നു. പക്ഷേ, സഭാനേതൃത്വത്തിൽ അന്നുണ്ടായിരുന്ന ചിലരുടെ വ്യക്തിതാൽപര്യങ്ങളായിരുന്നു സമാധാനപന്ഥാവിലെ പ്രധാന വിഘാതം. അതേക്കുറിച്ച് ബാവാ വളരെയേറെ വിഷമിക്കുകയും പ്രാർത്ഥനയിൽ മുഴുകുകയും ചെയ്തു എന്ന് എനിക്കറിയാം.

രണ്ടാമത്, ബാവായുടെ ദൈവസാന്നിദ്ധ്യ ബോധം. ആരാധനയിലും പ്രാർത്ഥനയിലും മാത്രമല്ല എല്ലാ സമയത്തും ആ സാന്നിദ്ധ്യബോധം പിതാവിനുണ്ടായിരുന്നു. എല്ലായ്പ്പോഴും ദൈവത്തോടു ഹൃദയത്തിൽ അത് തുടർന്നുകൊണ്ടിരുന്ന ഒരു യഥാർത്ഥ യോഗിയായിരുന്നു ബാവാ തിരുമേനി. മനുഷ്യരുടെ സ്വാർത്ഥം നിറഞ്ഞ പെരുമാറ്റത്തെപ്പറ്റി മനസ് വിഷമിച്ചാലും അല്പനിമിഷങ്ങൾ കൊണ്ട് തന്റെ പ്രയാസം ദൈവതിരുമുമ്പാകെ സമർപ്പിച്ചു ശക്തി പ്രാപിക്കാനും ഈശ്വരാശ്രയത്തിൽ നിരാശ കൂടാതെ ഉറച്ചു നില്ക്കുവാനും തിരുമേനിക്കുള്ള കഴിവ് അപാരമായിരുന്നു.

മൂന്നാമത്തെ പ്രത്യേകത തിരുമേനിയുടെ ആരാധനാനുഭവമായിരുന്നു. ദിവ്യബലിയർപ്പിക്കുവാൻ മദ്ബഹായിൽ കയറുമ്പോൾ ജീവനുള്ള ദൈവത്തിന്റെ ആഗ്നേയസിംഹാസനത്തിലാണു താൻ നില്ക്കുന്നതെന്നുള്ള ഉത്തമബോധ്യം ബാവായ്ക്കുണ്ടായിരുന്നു. അതുകൊണ്ടാണ് മറ്റുള്ളവർ ആരാധനാസ്ഥലത്ത് അലക്ഷ്യമായി പെരുമാറിയാൽ തിരുമേനി കോപാകുലനാകാറുണ്ടായിരുന്നത്. പരിശുദ്ധ കുർബാനയിലെ ആരാധനയായിരുന്നു പിതാവിന്റെ ജീവിതത്തിന്റെ ഊർജ്ജമൂല്യം. അതിൽ നിന്നു പ്രാപിക്കുന്ന ശക്തിയെ തന്റെ നിരന്തരമായ പ്രാർത്ഥനാശീലം മൂലം കൂടുതൽ കൂടുതൽ വളർത്തിയെടുത്തു മറ്റുള്ളവർക്കു കൃപ ലഭിക്കുവാൻ കാരണമാക്കിത്തീർക്കുകയായിരുന്നു ആ മഹനീയ ജീവിതത്തിന്റെ ലക്ഷ്യം.

നാലാമത്, അസാധാരണവും അളവില്ലാത്തതുമായ മനുഷ്യ സ്നേഹവും അനുകമ്പയുമായിരുന്നു. അതു സഭാംഗങ്ങളോടു മാത്രമല്ല, അന്യസഭാംഗങ്ങളോടും ക്രൈസ്തവേതരരോടും ഒരുപോലെ കാണിക്കും. രോഗം മൂലമോ സാമ്പത്തിക പ്രയാസം മൂലമോ ക്ലേശമനുഭവിക്കുന്നവരോടൊരുമിച്ച് കരഞ്ഞു പ്രാർത്ഥിക്കുവാൻ തിരുമേനിക്കുള്ള കഴിവ് അസാമാന്യമായിരുന്നു. ആ മനം നൊന്തുള്ള പ്രാർത്ഥന അതുപോലെ ഫലിക്കുകയും ചെയ്തിരുന്നു എന്നുള്ളതിനു ഹിന്ദുക്കളും മുസ്ലീങ്ങളും ഒക്കെ സാക്ഷ്യം വഹിക്കും. കുട്ടികളില്ലാതെ സങ്കടപ്പെട്ട ഹിന്ദുവായ അന്നത്തെ കോട്ടയം കലക്ടർക്ക് ആ പിതാവിന്റെ പ്രാർത്ഥന മൂലം സന്താനസൗഭാഗ്യം ഉണ്ടായ അത്ഭുത സംഭവം എന്റെ അനുഭവത്തിൽ ഉണ്ട്.

അഞ്ചാമത്, ആ പിതാവിന്റെ വ്രതനിഷ്ഠയാണ് എടുത്തു പറയേണ്ടത്. ഇന്ന് മനുഷ്യർക്ക്, പ്രത്യേകിച്ച് ആദ്ധ്യാത്മിക നേതാക്കൾക്ക് ആത്മചൈതന്യം ഇല്ലാതെ കാണുന്നതിന്റെ പ്രധാന കാരണം, ആത്മശിക്ഷണത്തിലും വ്രതനിഷ്ഠയിലും പ്രാർത്ഥനാശീലത്തിലും അടിയുറച്ചു വളരുവാനുള്ള മനക്കരുത്ത് അവർക്കില്ല എന്നതു തന്നെയാണ്.

ശരീരത്തിന്റെയും മനസ്സിന്റെയും ദുരാഗ്രഹങ്ങൾക്ക് മനപ്രയാസം കൂടാതെ വഴങ്ങിക്കൊടുക്കാൻ വെമ്പൽ കൊള്ളുന്ന നമ്മുടെ തലമുറയ്ക്ക് ആ പിതാവു വലിയ ദീപസ്തംഭം തന്നെയാണ്. കടന്നുപോയ തലമുറയുടെ കരുത്തുറ്റ ഗുരുവായിരുന്നു ആ മഹർഷിവര്യൻ. ആ പുണ്യപിതാവിന്റെ പ്രാർത്ഥനയാൽ ലോകത്തിനും മനുഷ്യരാശിക്കും സഭയ്ക്കും അനുഗ്രഹവർഷമുണ്ടാകട്ടെ.

*(ഗീവർഗീസ് ദ്വിതീയൻ ബാവാ ചരമ രജത ജൂബിലി സപ്ലിമെന്റ്, മലയാള മനോരമ, ഡിസംബർ 28, 1989)* ■

# മെത്രാഭിഷേക ശതാബ്ദി കുറിച്ചി വലിയപള്ളിയിൽ

*(1912 സെപ്റ്റം. 8-ന് പ. അബ്ദേദ് മശിഹാ പാത്രിയർക്കീസ് പരുമല പള്ളിയിൽ "ഗീവർഗീസ് മാർ ഗ്രീഗോറിയോസ്" എന്നപേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചതിന്റെ ശതാബ്ദി 2012 സെപ്റ്റം. 8 – 23 വരെ)*

**സെപ്റ്റം 16** – 3.30-ന് കാതോലിക്കേറ്റ് ശതാബ്ദിയോടനുബന്ധിച്ച് വിവിധ പള്ളികളുടെ സഹകരണത്തിൽ കുറിച്ചി വലിയപള്ളിയിൽ നിന്നും സെന്റ് മേരീസ് & സെ. ജോൺസ് പള്ളിയിലേക്ക് **വിളംബര റാലി.**

**സെപ്റ്റം. 22** – ഗീവർഗീസ് ദ്വിതീയൻ ബാവായിൽ നിന്ന് പട്ടമേറ്റ വൈദികരെ ആദരിക്കും.

**സെപ്റ്റം. 23 – പൊതുസമ്മേളനം കുറിച്ചി വലിയപള്ളിയിൽ** – പ. കാതോലിക്കാ ബാവാ വി. കുർബാന അർപ്പിക്കും. രണ്ടിന് കുറിച്ചി ചെറിയപള്ളിയിൽ നിന്നും കാതോലിക്കാ ബാവായെ വാഹനഘോഷയാത്രയായി സ്വീകരിച്ചാനയിക്കും. 3.30-ന് മെത്രാഭിഷേക ശതാബ്ദി സമ്മേളനത്തിൽ ദേശീയനേതാക്കൾ, ശ്രേഷ്ഠ വ്യക്തികൾ മുഖ്യാതിഥികൾ ആയിരിക്കും. ഇതിനോടനുബന്ധിച്ച് **"ഗീവർഗീസ്ദ്വിതീയൻ കാതോലിക്കാ ഫൗണ്ടേഷൻ"** അവാർഡു നൽകുന്നതാണ്.

പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്യും. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തും.




**B R I D E   W A N T E D**

Orthodox parents seeks proposal for their only Son (b/b out side Kerala) 29/5'4" B.Com, PGDBM/MBA. Employed in MNC at Banglore. Seek suitable alliance from God fearing christian fair Girls. preferably professionally qualified (B.Com,M.Com, MBA etc.)

*Contact:*
9846998245,
E-mail: sibyljohn10@gmail.com

**B R I D E   G R O O M   W A N T E D**

സിവിൽ സർവ്വീസ് ഉയർന്ന റാങ്കോടെ പാസ്സായ ഓർത്തഡോക്സ് യുവതിക്ക് (26/165 c.m.) ഓർത്തഡോക്സുകാരായ ദൈവഭയമുള്ള യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. സിവിൽ സർവ്വീസ് പാസ്സായവർക്കും, ഗവ. മെറിറ്റിൽ പഠിച്ച ബിരുദാനന്തര ബിരുദമുള്ള മെഡിക്കൽ ഡോക്ടേഴ്സിനും, കേന്ദ്ര ഗവ. ഉദ്യോഗസ്ഥർക്കും മുൻഗണന. *കൂടുതൽ വിവരങ്ങൾ:*

**Box No. 501**
**മലങ്കരസഭ മാസിക, കാതോലിക്കേറ്റ് അരമന,**
**ദേവലോകം പി.ഒ. കോട്ടയം-686004**

**B R I D E   W A N T E D**

Orthodox Christian Parents (NRI) from reputed family seeks alliance for their son, 28 years, graduate (Mansfield University, U.S.A.) working in Gulf Warehousing Compony (Qatar); from parents of God fearing, professionally qualified, fair, good looking girls of age 22 to 26, with good family background.

Contact
**Mob. 9446312632**

**B R I D E   W A N T E D**

Ex-NRI Orthodox parents from Cochin invite proposal for Son, 28/168, B.Tech, MBA (UK), Projects Manager, working in Kuwait, from professionally qualified god-fearing, fair Orthodox/Jacobite/Marthomite/CSI girls.

*Contact*
**0484-2400438, 9497666129**
**soni.sp@gmail.com, drajuwilson@gmail.com**



# അപേക്ഷകരുടെ ശ്രദ്ധയ്ക്ക്

## 1. വീട് വെയ്ക്കുന്നതിനുള്ള ധനസഹായം:

250 sq.ft. ഉള്ള ഒരു വീട് നിർമ്മിക്കുന്നതിനുള്ള സഹായനിധിയായി ഒരു ലക്ഷം രൂപാ, പണിയുടെ പുരോഗതി സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് 3 ഗഡുക്കളായി നൽകുന്നതാണ്. സ്വന്തമായി ഭൂമി ഉള്ളവർ, ഉടമസ്ഥാവകാശരേഖകൾ, കരം അടച്ച രസീതിന്റെ കോപ്പി, അപേക്ഷകനു വേറെ വീട് ഇല്ലായെന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 2. വിവാഹ ധനസഹായം:

സഹായനിധി 40,000/- രൂപാ, വിവാഹദേശക്കുറി ലഭിച്ചതിനു ശേഷം നല്കുന്നതാണ്. 2012 ഏപ്രിലിനു ശേഷം നിശ്ചയിച്ചുറപ്പിച്ച ധനസഹായ അപേക്ഷകളും പരിഗണിക്കുന്നതായിരിക്കും.

## 3. വീട് നന്നാക്കുന്നതിനുള്ള ധനസഹായം:

സഹായനിധി പരമാവധി 20,000/- രൂപാ ആയിരിക്കും.

## നിബന്ധനകൾ:

മേൽപ്പറഞ്ഞ എല്ലാ സഹായങ്ങൾക്കുള്ള അപേക്ഷകളോടൊപ്പം ഇടവക വികാരി, ഇടവക ഭരണസമിതിയംഗങ്ങൾ, ഭദ്രാസന മെത്രാപ്പോലീത്താ എന്നിവർ സാക്ഷ്യപ്പെടുത്തുന്ന കത്ത് ഹാജരാക്കേണ്ടതാണ്.

ഇതര സമുദായത്തിൽപ്പെട്ടവർ അടുത്തുള്ള ഓർത്തഡോക്സ് പള്ളി വികാരി, പള്ളി ഭരണസമിതിയംഗങ്ങൾ, ഭദ്രാസന മെത്രാപ്പോലീത്താ, എന്നിവർ സാക്ഷ്യപ്പെടുത്തുന്ന കത്ത് ഹാജരാക്കേണ്ടതാണ്.

## 4. മറ്റു ധനസഹായങ്ങൾ:

മറ്റു ധനസഹായങ്ങളായ ചികിത്സ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള അപേക്ഷയോടൊപ്പം ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ കത്ത്, ബന്ധപ്പെട്ട മറ്റു രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞ അപേക്ഷകളോടൊപ്പം, അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് നമ്പർ, ശാഖ (*ഉണ്ടെങ്കിൽ), അപേക്ഷകന്റേയും, സാക്ഷ്യപ്പെടുത്തുന്ന വികാരിയുടേയും ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം.

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2012 ഒക്ടോബർ 30**

*എന്ന് കുവൈറ്റ് മഹാ ഇടവകയ്ക്കുവേണ്ടി,*
**സന്ദീപ് ജേക്കബ് പുളിക്കൽ, സെക്രട്ടറി**

### അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:

The Vicar
St. Gregorios Indian Orthodox Maha Edavaka (B17)
P.O. Box 80, Safat 13001
Kuwait

Or

The Managing Editor
Malankara Sabha Monthly
Post Box No. 808
Devalokam P.O.
Kottayam District
Pin-686004

# സെന്റ് ഗ്രിഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവക (സിറിയൻ ചർച്ച്), കുവൈറ്റ്

## ധനസഹായ അപേക്ഷാഫോറം

ഏത് സഹായത്തിന് അപേക്ഷിക്കുന്നു.............................................................................................................

പേര്.............................................................................................................വയസ്സ്.....................

വിദ്യാഭ്യാസ യോഗ്യത.............................................................................................................

തൊഴിൽ.............................................................................................................

മേൽവിലാസം (പിൻകോഡ് സഹിതം).............................................................................................................

ഇടവക.............................................................................................................

.............................................................................................................ടെലഫോൺ..................................................

വികാരി.............................................................................................................

ടെലഫോൺ...........................................................ഭദ്രാസനം.............................................................

പ്രതിമാസ വരുമാനം..........................................................ഭൂസ്വത്ത് വിവരം..................................................

ഇതിനുമുമ്പ് ഈ ഇടവകയിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ..................................................


ഉണ്ടെങ്കിൽ വർഷം........................................എന്താവശ്യത്തിന്..........................................................

എത്ര തുക ലഭിച്ചു.............................................................................................................

| കുടുംബാംഗങ്ങളുടെ പൂർണ്ണ വിവരം | | | | |
|---|---|---|---|---|
| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | വാർഷിക വരുമാനം |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

അപേക്ഷകന്റെ ഒപ്പ്..........................................................തീയതി..........................................................

ഫാ. ജേക്കബ് മാത്യു, കാരിച്ചാൽ, വൈദിക സെമിനാരി




BREAKING THE WORD

## *2012 സെപ്റ്റം. 16*
## *സ്ലീബായ്ക്കുശേഷം ഒന്നാം ഞായർ*
*(ലൂക്കോ. 3:21-26, 1 കോരി. 2:10-16, മർക്കോ. 13:28-37)*

"മാലാഖമാർക്ക് ബഹുമാനവും പിശാചുക്കൾക്ക് ഭയങ്കരവും സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയുമാകുന്ന ദൈവപുത്രന്റെ വന്ദ്യസ്ലീബാ...... രാവിലും പകലിലും സന്ധ്യയിലും പ്രഭാതത്തിലും എല്ലാക്കാലത്തും നമ്മെ കാത്തു മറച്ചുകൊള്ളട്ടെ". സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും ഒരുപോലെ എക്കാലത്തും പ്രത്യാശനല്കുന്നു. 'മരണ-ഉയിർപ്പുകളുടെ ഈ പ്രതീകം'. സ്ലീബാപ്പെരുന്നാളിനുശേഷമുള്ള ഞായറുകളിലെ വായനകൾ 'യുഗാന്ത്യദർശനം' ഉൾക്കൊള്ളുന്നവ തന്നെ. വേദവായന അടിസ്ഥാനപ്പെടുത്തി ചില ചിന്തകൾ.

i) സൂചനകളിൽനിന്ന് യാഥാർത്ഥ്യത്തിലേക്കെത്തേണ്ട രണ്ടാം വരവ്.

ii) പ്രവചനാതീതമായ രണ്ടാം വരവിന്റെ സമയങ്ങൾ.

iii) ഉണർച്ചയ്ക്ക് ആവശ്യമുണ്ട് - പ്രതിഫലവും.

**i) സൂചനകളിൽനിന്ന് യാഥാർത്ഥ്യത്തിലേക്കെത്തേണ്ട രണ്ടാം വരവ്**

യുഗാന്ത്യ ദർശനം വിവരിച്ചവതരിപ്പിക്കുന്നതിൽ സുവിശേഷകർ ചില വ്യത്യസ്തതകൾ പുലർത്തിയിട്ടുണ്ടെങ്കിലും സമാനതകൾ രണ്ടാം വരവിന്റെ സൂചനകളായി 'അത്തിക്കഥകൾ' അവതരിപ്പിച്ചിരിക്കുന്നു (മർക്കോ. 13:28-31, മത്താ. 24:32-35, ലൂക്കോ. 21:29-33). അത്തിയുടെയോ മറ്റ് വൃക്ഷങ്ങളുടെയോ കായയിൽനിന്ന് ഇലമുളച്ചു പുറത്തുവരുന്നത് വസന്തകാല വരവ് അറിയിക്കുന്നതുപോലെ ലോകസംഭവങ്ങൾ ദൈവരാജ്യം സമാഗതമായി എന്നറിയിക്കുന്നു എന്ന് സുവിശേഷകർ. (ലൂക്കോ. 21:29-33, മത്താ. 24:32-34, മർക്കോ. 13:28-29). സൂര്യചന്ദ്രാദിനക്ഷത്രങ്ങളിൽ സൂചനകൾ നിറച്ചാണ് അവയെ സൃഷ്ടിച്ചിരിക്കുന്നത് എന്നതിനാൽ തിരിച്ചറിയണം (ലൂക്കോ. 21:25). ക്രിസ്തുവിന്റെ ഒന്നാം വരവിന് ഉണ്ടായിരുന്ന സൂചനകൾ വായിച്ചറിയുവാൻ വളരെക്കുറച്ച് പേർ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നാണ് യേശുവിന്റെ ജനനവൃത്താന്തം അവതരിപ്പിച്ചിട്ടുള്ള സുവിശേഷകർ (വി. മത്തായിയും വി. ലൂക്കോസും) രേഖപ്പെടുത്തിയത്. ലോകസംഭവങ്ങൾ ലോകത്ത് ജീവിക്കുന്ന എല്ലാവർക്കും (മുഴുവൻ സൃഷ്ടിക്കും) കാണാവുന്നവ തന്നെ. എന്നാൽ അവ തിരിച്ചറിയുന്നവർ ചുരുക്കമാകുന്നു. എല്ലാവരും കാണുന്നു, ചിലർ കൂടുതൽ കാണുന്നു: എല്ലാവരും നോക്കുന്നു, ചിലർ ചിലവയെ കാണുവാൻ നോക്കുന്നു. കാഴ്ചപ്പാട് (Perspective) ഇവിടെ പ്രധാനമായതു തന്നെ. സൂചനകൾ ചൂണ്ടുപലകകളാണ്. പുകതീയുടെ വരവും കാർമേഘം മഴയ്ക്കുള്ള പടപ്പുറപ്പാടും, ശരീരോഷ്മാവിന്റെ അധികരിക്കൽ രോഗഗ്രസ്ഥതയും സൂചിപ്പിക്കുന്നത് മുൻകരുതൽ ആവശ്യ(മെങ്കിൽ)മായത് എടുക്കുവാനാണ്. ഇസ്രായേൽ തിരിച്ചറിയാത്തതെന്തുകൊണ്ട് എന്നതായിരുന്നു പ്രവാചകന്മാരുടെ ചോദ്യം.

ഈ കാലത്ത് അനിയന്ത്രിതമായ ലൗകിക താല്പര്യങ്ങളിൽ രമിച്ചാൽ ഈ കാലത്തും വരുംതലമുറയിലും തിക്തഫലം അനുഭവിക്കേണ്ടി വരില്ലേ എന്ന് നാം ആത്മഗതം ചെയ്യാത്തതെന്തേ? കുട്ടികളാകുന്ന ബലൂണുകളിൽ ലോകതൃഷ്ണയാകുന്ന ഹീലിയം വാതകം നിറച്ചാൽ അവർ ഞെരിപിരികൊള്ളാതിരിക്കുമോ? നമുക്ക് എത്തിപ്പിടിക്കാനാവുന്നതിലും ഉയരേക്കോ ഒരിക്കലും നമുക്ക് ഉതകാത്ത ഇടങ്ങളിലേക്കോ ആ ബലൂണുകൾ തെന്നിമാറാതിരിക്കുമോ? ചോദ്യങ്ങൾ ചോദിക്കാം? ഉത്തരങ്ങൾ സൃഷ്ടിക്കാം.

**ii) പ്രവചനാതീതമായ രണ്ടാം വരവിന്റെ സമയങ്ങൾ**

ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചുള്ള പഠിപ്പിക്കൽ, ലോകത്തിന്റെ അന്ത്യത്തെ സംബന്ധിച്ചുള്ള അറിയിക്കലിലോട് ബന്ധിപ്പിച്ചാണ് യേശു അറിയിച്ചത്. യുദ്ധവും, അപ്രതീക്ഷിത ക്ഷാമവും മരണവും, കള്ളപ്രവാചകന്മാരും, കഷ്ടകാലവും, സൂര്യചന്ദ്രാദികളുടെ പ്രകാശനഷ്ടവും, ശൂന്യമാക്കുന്ന മ്ലേച്ഛതയും എല്ലാം ലോകത്തിന്റെ അവസാനത്തിന്റെ സൂചനയായി രേഖപ്പെടുത്തിയിട്ടുണ്ട്. (മർക്കോ. 13:14-27). ഇപ്പറഞ്ഞവയെല്ലാം സംഭവിക്കുമ്പോൾ ലോകത്തിനവസാനത്തിനൊപ്പം ന്യായവിധിയുടെ നാഴിക എന്നുകൂടി അറിയിക്കണം എന്ന് വേദഭാഗം (വാ. 29). സൂചനകളിൽക്കൂടി വ്യക്തവും തീർപ്പുള്ളതുമായ കാര്യം വന്നെത്തി എന്ന് ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നതിനൊപ്പം അവ്യക്തമായ ഒരു കാര്യംകൂടി അതിലുണ്ട്. 'അത് എപ്പോഴെന്ന് ആരും അറിയുന്നില്ല'. 'വരവ് നിശ്ചയം സമയമോ അനിശ്ചിതം' എന്നാണറിയിപ്പ്. മനുഷ്യപുത്രന്റെ വീണ്ടും വരവ് എപ്പോൾ എന്ന് ആശങ്കയോടന്വേഷിച്ച ശിഷ്യരോട് അത് എപ്പോഴെന്ന് പുത്രനും കൂടി അറിയുന്നില്ല എന്നാണ് യേശുവിന്റെ മറുപടി (മത്താ. 13:32, മത്താ. 24:36). അവിടെയും (മാ. 37-51) ഏവൻഗേലി ഭാഗത്തും (മർക്കോ. 13:33-37) ഒരുപോലെ ഉറപ്പിച്ച് അറിയിക്കുന്നു, ഉണർന്നും ജാഗരിച്ചും ആയിരിപ്പിൻ. വീടു തുറന്നു പോകാത്തത്ര ശ്രദ്ധയും, എപ്പോൾ കടന്നുവന്നാലും യജമാനനെ സ്വീകരിക്കുവാൻ ഒരുക്കമുള്ള ദാസന്മാരുടെ ഉത്സാഹവും

ഇവിടെ ആവശ്യപ്പെടുന്നു. എപ്പോഴും വേണ്ട ജാഗ്രതയും ശ്രദ്ധയും ഒരുക്കവും ജീവിതത്തിന്റെ ഉത്തരവാദിത്വ, അനുഭവത്തെയാണ് കാണിക്കുന്നത്. ജീവിതത്തിന്റെ ഉണർച്ചയ്ക്ക്, പ്രായവ്യത്യാസമോ () സ്ഥലവ്യതിരിക്തതയോ ഒന്നും ഇല്ലാതെ ഇമപൂട്ടാതെയുള്ള ശ്രദ്ധ ജീവിതത്തിനാവശ്യം. പ്രാണങ്ങളോടെയും മൂല്യബോധത്തോടെയും ആർജ്ജവത്വത്തോടെയും നയിക്കുന്ന ജീവിതം ദൈവത്തോടും മനുഷ്യനോടും സഹജീവികളോടെല്ലാം ഒത്തുള്ള ജീവിതം തന്നെ. ആരും ശ്രദ്ധിക്കാനില്ലാത്തപ്പോഴും, മറ്റൊരുവനും കാണാനില്ലാത്തപ്പോഴും നല്ലതു ചെയ്യുന്നതാണ് ആർജ്ജവത്വം എന്ന് പാഠം. (Integrity is, doing the right thing even when no body is watching).

**iii) ഉണർച്ചയ്ക്ക് ആവശ്യമുണ്ട് - പ്രതിഫലവും**

എപ്പോഴും വേണ്ട ജാഗ്രതയെ പ്രോത്സാഹിപ്പിക്കുന്ന ഒന്നാണിത്: പ്രവർത്തിക്ക് (ഉണർച്ചയ്ക്ക്) പ്രതിഫലം ഉണ്ട്. ഒപ്പം, അതിനുവിപരീതമായാണ് നിൽപ്പ് എങ്കിൽ അതിനും തക്കപ്രതിഫലം ലഭിക്കും. ഈ ലോകജീവിതം അതിൽ തന്നെ പൂർണ്ണത ഉണ്ടെന്ന് കരുതുകയും എന്നാൽ അത് തുടർന്നുള്ള ജീവിതത്തിന്റെ നായാമക കാരണമെന്ന് അറിയുകയും ചെയ്യുക ആവശ്യം. ഈ ലോക ജീവിതത്തിന്റെ സുപ്രധാന മനസ്സുവയ്ക്കലിനൊപ്പമാണ് ക്രിസ്തീയ ജീവിതത്തിന്റെ പരിസമാപ്തിയും പ്രതിഫലവും എന്നറിയുക. "തക്കവണ്ണം പ്രാപിക്കേണ്ടതിന്... ന്യായാസനത്തിനു മുമ്പാകെ നില്ക്കുക" (11 കൊരി. 5:10) എന്നത് പരിഭ്രാന്തിയുണ്ടാക്കുകയോ പ്രത്യാശയിൽനിന്നകറ്റുകയോ ഇല്ല മറിച്ച് രക്ഷയുടെ ഉറപ്പിനെ കാണിക്കുന്നതാണ്.

"ചെയ്തതിനെ ഓർത്തല്ല ചെയ്യാതെ പോയതിനെക്കുറിച്ചാവും 20 വർഷങ്ങൾക്കു ശേഷം നിങ്ങൾ നിരാശപ്പെടുക".

- Mark Twain

ഹാസ്യസാഹിത്യപ്രതിഭ

## സെപ്റ്റം. 23
## സ്ലീബായ്ക്കുശേഷം രണ്ടാം ഞായർ
**(മത്താ. 16:5-12, അപ്പോ. 5:17-32)**

പരസ്യശുശ്രൂഷയിലെ യാത്രകളും പുറജാതി-യഹൂദ പ്രദേശങ്ങളിൽ മാറി മാറി നടത്തുന്ന അത്ഭുതങ്ങളും യേശുവിനെ ഏറെ പ്രസിദ്ധനാക്കി. വി. മത്തായി. 15-16 അദ്ധ്യായങ്ങളിൽ ഈ പ്രത്യേകതകളോടെയുള്ള വിവരണങ്ങളാണുള്ളത്. അപ്പം വർദ്ധിപ്പിച്ച് പുരുഷാരത്തെ തൃപ്തിപ്പെടുത്തിയ ശേഷം അടയാളമന്വേഷിച്ചെത്തിയ ജനത്തെ ശാസിക്കുകയും ആ പശ്ചാത്തലമുപയോഗിച്ച് പന്തിരുവരെ രക്ഷയുടെ മർമ്മം അഭ്യസിപ്പിക്കുകയും ചെയ്യുന്നതായി വേദഭാഗം. മൂന്നു ചിന്തകൾ വിശകലനത്തിനെടുക്കുന്നു.

**i) അപ്പം കയ്യിൽ സൂക്ഷിക്കാത്ത ശിഷ്യന്മാർ**

തന്നെ കേൾക്കുവാനും അത്ഭുതാനുഭവങ്ങൾ പങ്കിടുവാനുമായി കൂടെ ആയിരുന്ന ജനത്തോടുള്ള യേശുവിന്റെ മനസ്സലിവിന്റേതാണ് വിതരണം ചെയ്തതും ശേഖരിച്ചെടുത്തതുമായ അപ്പം. എന്നിട്ടും അത് ശേഖരിച്ചെടുത്തു കഴിഞ്ഞ് തങ്ങളുടെ യാത്രകളിൽ അത് കയ്യിൽ സൂക്ഷിക്കുവാൻ പന്തിരുവർ ഒരുങ്ങിയില്ലത്രെ (മത്താ. 16:5). അവർ മറന്നതിനായാണങ്ങനെ എന്ന് വേദഭാഗം (വാ. 6). എന്നാൽ അത് മറന്നത് മാത്രമോ? വേദവിവരണത്തിനാവശ്യമായ നൂല് നല്കുന്ന ഒന്നാണത് (Narrative thread ). ഒപ്പം, അവർക്ക് യേശുവിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ സൂചനയുമാണത്. മറ്റൊന്നുള്ളത്, മഗദാദേശത്ത് ആവശ്യമുള്ള അപ്പം അക്കരെ ആവശ്യമില്ല എന്നതുമാണ്. (ജോൺ ക്രിസോസ്റ്റവും ഓറിഗനും, അങ്ങനെ എഴുതിയിരിക്കുന്നു).

ഉപഗ്രഹപേടകത്തിൽ ഗ്രഹാന്തരയാത്ര നടത്തുന്ന വൈമാനികരെക്കുറിച്ച് അറിയുക. അവർ ഭൂമിയിലെ തങ്ങളുടെ ഭവനങ്ങളിൽ ഉപയോഗിക്കുന്ന, ഏറെ ഉപയോഗിക്കുന്ന വസ്തുക്കൾക്ക്, അപ്പുറത്ത് ഉപയോഗമില്ലത്രെ. യുഗാന്ത്യദർശന ഭാഗമായാണിവ കല്പിക്കുന്നത് എന്നതും ഓർക്കാം: 'അല്പമല്പം വിശപ്പിന്... സ്വല്പ വെള്ളം ദാഹിക്കിൽ'. അക്കരെയും ഇക്കരെയും ആവശ്യമുള്ള അപ്പത്തരങ്ങൾ വ്യത്യസ്തമെന്നോർക്കാം. ശിഷ്യന്മാർ യേശുമാർഗ്ഗത്തിലേക്ക് ഉള്ള പരുവപ്പെടലിലാകാം. വിശകലനം സാധ്യം.

അനീതിയുള്ള മാമോനെക്കൊണ്ട് സ്നേഹിതരെ സൃഷ്ടിക്കുന്ന വ്യഗ്രത പരാമർശിച്ച് യേശുപറയുന്നത് താരതമ്യത്തിനെടുക്കാം. 'അത് ഇല്ലാതെയാകുമ്പോൾ' എന്ന പ്രയോഗം (ലൂക്കോ. 16:9) അവ തീർന്നുപോകയോ ഫലം നല്കാതിരിക്കുകയോ ചെയ്യുന്ന അവസ്ഥയെക്കുറിച്ചുള്ളതാണ്.

**ii) പുളിപ്പുകൾ തിരിച്ചറിയേണ്ട ശിഷ്യന്മാർ**

ധാന്യമാവ് പുളിപ്പിച്ച് ഭക്ഷ്യവസ്തുക്കൾ ഒരുക്കുന്നവരാണ് പുരാതന പശ്ചിമേഷ്യക്കാർ. അവർക്ക് പരിചിതമായ ഒന്നാണ് ധാന്യപ്പുളിപ്പ്. എന്നാൽ ഇവിടെ പുളിപ്പ് ഒരു പ്രതീകം മാത്രം: സാരമല്ലാത്ത ഉപദേശത്തെ അത് സൂചിപ്പിക്കുന്നു. മത്തായി 16-ാം അദ്ധ്യായം ആരാധിക്കുന്നത് അടയാള ദാഹികളായ പരീശ-സാദൂക്യവൃന്ദത്തിന്റെ അടയാള താല്പര്യത്തിലാണ്. യഹൂദവൃന്ദത്തിന്റെ ന്യായപ്രമാണം അടിസ്ഥാനപ്പെട്ടുള്ള വാദകോലാഹലങ്ങളിൽ ഉൾപ്പെടാതെ സൂക്ഷിച്ചൊഴിഞ്ഞിരിക്കുവാൻ ഉള്ള നിർദ്ദേശമുണ്ടിവിടെ. ക്രിസ്തുവിനെ തിരിച്ചറിയാത്തവരുടെ താല്പര്യങ്ങളിൽ ഉടക്കിക്കിടക്കാതെ ക്രിസ്തുപരിജ്ഞാനത്തിൽ വളരുവാൻ ആഹ്വാനം. എത്ര അപ്രധാന കാര്യങ്ങളാൽ നമ്മുടെ താലന്തുകൾ ഉപയോഗിച്ച് തീർക്കുന്നു. അനാവശ്യമായവക്കായി അധ്വാനവും ഊർജ്ജവും സമർപ്പിക്കുന്നതിന് മാറ്റം വരുത്തേണ്ടതുണ്ട്. '...ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ടു കാലം പോക്കിയതു മതി' (1 പത്രോ. 4:3) എന്ന തർജ്ജനം സ്വീകരിക്കാം. വ്യർത്ഥപുളിപ്പിനു പകരം നന്മയുടെ കൂട്ടുകൾ സ്വീകരിച്ച് സൂക്ഷിക്കാം, അതാകട്ടെ ആത്മാവിനെ പരിവർത്തിപ്പിക്കുന്ന പുളിപ്പായി ഭവിക്കുന്നത്.

**iii) പതറാതെ നേരിടേണ്ടവർ ശിഷ്യർ**

ഒന്നിലധികം കാര്യങ്ങളിൽ ഉറപ്പും സ്ഥായീഭാവവുമില്ലാതെ പതറുന്നവരായിട്ടാണ് പന്തിരുവരെ ഈ വേദഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത്: അവർക്ക് മറവി ബാധിച്ചിരിക്കുന്നു (വാ. 5). തമ്മിൽ തമ്മിൽ (പറഞ്ഞ്) പതം പറയുന്നവരായിരിക്കണം അവർ (വാ. 7). അവർക്ക് അല്പവിശ്വാസമെ ഉള്ളു എന്ന് യേശു വിമർശിക്കുന്നു (വാ.8). പന്തിരുവർക്ക് തിരിച്ചറിവും (v v. 9,11,12) (വാ. 9,11,12). ദൈവിക പ്രത്യാശയും കുറഞ്ഞിരിക്കാനും എന്നും യേശു (വാ. 9-10). വി. മത്തായിയുടെ വിവരണപ്രകാരം, യേശു തന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ കാറ്റിനെയും കടലിനെയും അടക്കുകയും അവരുടെ അല്പവിശ്വാസത്തെ ശാസിക്കുകയും ചെയ്തു. പതർച്ച കൂടാതെ രക്ഷകനിൽ വിശ്വസിച്ച് ഉറയ്ക്കുവാനാണ് ആഹ്വാനം.

## സെപ്റ്റം. 30
## സ്ലീബായ്ക്കുശേഷം മൂന്നാം ഞായർ
**(മർക്കോ. 2:23-28**

ചെറിയ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വലിയ കാര്യങ്ങൾ ചർച്ചക്കെടുക്കുന്നു; അഥവാ വലിയ കാര്യങ്ങൾ ചർച്ചയിൽ കൊണ്ടുവരുവാൻ അപ്രധാനമെന്നു തോന്നുന്ന സംഭവങ്ങളുടെ വിവരണത്തെ ഉപയോഗിക്കുന്നു. ഇത് സുവിശേഷങ്ങൾ പോലെയുള്ള വിവരണത്തിന്റെ വശ്യതയാർന്ന രീതിയാണ് എന്ന് വീണ്ടും തെളിയുന്നു. യേശുവിന്റെ ശിഷ്യന്മാർ ശബ്ബത്തിൽ കതിർപറിച്ച് തിരുമി തിന്നു എന്നതാണോ ചെറിയ സംഭവം. ചർച്ചക്കെടുക്കുന്ന വലിയ കാര്യങ്ങൾ മൂന്നാണ്: ദൈവാലയത്തിലും വലിയവൻ ഇവിടെ സന്നിഹിതനെന്നറിയിക്കുന്നു (വാ. 6). യാഗത്തിലും ഏറെ കരുണയിൽ പ്രസാദിക്കുന്നവനാണ് ദൈവം (വാ.7). മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു (വാ. 8). ത്രിവിധകാര്യങ്ങൾ വിശകലനത്തിനെടുക്കാം.

**i) ശബ്ബത്ത് സംബന്ധിച്ചുള്ള പൈതൃക ബോധ്യങ്ങൾ**

യഹോവയുടെ സൃഷ്ടികർമ്മത്തോടും അതിൽ നിന്നുള്ള വിശ്രമത്തോടും ബന്ധിപ്പിച്ചാണ് ശാബത് സംബ

ഡിച്ചുള്ള ആദ്യ വിവരണം (പുറ. 20:8-11). എന്നാൽ ആവർത്തനപ്പുസ്തകം അതിനെ മിസ്രയീമിൽ നിന്നുള്ള പുറപ്പെടുവിക്കലിനോട് ബന്ധിപ്പിച്ചിരിക്കുന്നു (5:12-15) ഒപ്പം വായിക്കാം. ഉല്പ. 2:2, പുറ. 16:23, 20:11, 35:2-3, ലേവ്യ. 23:3, 26:34, യെശ. 56:2-7, 58:13-14, യിരെ. 17:20-22, നെഹ. 13:19. യഹൂദ പൈതൃകത്തിൽ കർശനമായി പാലിച്ച് ശബ്ബത്ത് ആചരിച്ചുവന്നിരുന്നു. ആ ദിവസത്തിൽ (ശനി) അനുവദനീയ പ്രവർത്തികൾ, യാത്രഉൾപ്പെടെയുള്ള കാര്യങ്ങളിലെ നിയന്ത്രണങ്ങൾ (അപ്പോ. 1:12, പുറ. 16:29, സംഖ്യാ. 35:5, യോശു. 3:4) എന്നിവ കർശനമായി പാലിച്ചും വന്നിരുന്നു.

മനുഷ്യനുൾപ്പെടെയുള്ള സർവ്വസൃഷ്ടിക്കും വിശ്രമം ഉൾപ്പെടെയുള്ള ക്രമീകൃത ജീവന സഹായം ശബ്ബത്തിന്റെ ആചരണത്തിൽ ഉണ്ട്. എന്നാൽ ആ പൈതൃകം അതിന്റെ ആത്മാവിൽ സൂക്ഷിക്കപ്പെടേണ്ടതുണ്ട്. ശ്ലീഹാ വായനയിൽ (അപ്പോ. 7:2-5) പൈതൃകം ചർച്ചാവിഷയമാക്കിയിരിക്കുന്നു. സ്തേപ്പാനോസ് മുതലായവർ 'മോശെക്കും ദൈവത്തിനും വിരോധമായി" (6:11) അഥവാ പൈതൃക വിരോധികളായി ചിത്രീകരിക്കപ്പെടുന്നു. അതിനുള്ള മറുപടി "പൈതൃകം ആത്മാവിൽ പാലിക്കപ്പെടണം" എന്നുതന്നെ (അപ്പോ. അ. 7). "യേശുക്രിസ്തുവിനൊപ്പമുള്ള ആദിമ സഭയുടെ ജീവന്റെ തുടിപ്പാണ് പൈതൃകം" അത് അങ്ങനെ തന്നെ നിലനിന്നു കാണണം.

**ii) കരുണയോളം എത്തേണ്ട യാഗങ്ങൾ (വാ. 7)**

കർമ്മാതികൾക്ക് പ്രത്യക്ഷമായ ഒരു വശമുണ്ട്. ഒപ്പം അതിന് ആന്തരികമായ ഒരു അംശവും സന്ദേശം ഉൾക്കൊള്ളുന്ന ഒരു ലക്ഷ്യവും ഉണ്ട്. അവ നഷ്ടപ്പെട്ടാൽ കർമ്മങ്ങൾ വെറും ചടങ്ങുകളായി അധഃപതിക്കാം. അവയോടുള്ള പ്രവാചക പ്രതികരണം ഇതിലേക്കാണ് വെളിച്ചം വീശുന്നത് (1 ശമു. 15:22, യെശ. അ. 55,58, മീഖാ. 6:6-8, അമോ. 5:18-24). എന്നാൽ അതിന് യിസ്രായേൽ സമൂഹത്തിൽ ഉണ്ടായിരുന്ന പ്രധാന്യവും സ്വാധീനവും വിലകുറച്ചു കാണേണ്ടതില്ല (പുറ. 12:3-27, ലേവ്യ. 2:5-8, സംഖ്യാ. 9:2-14). 'വരുവാനുള്ളതിന്റെ നിഴലും' (എബ്രായലേഖനം) മുന്നനുഭവവുമായി (1 കൊരി. 10:16 ff) അവയെ കാണുന്നതിനൊപ്പം ക്രിസ്തുവിനെ തിരിച്ചറിയുന്നതലത്തിലേക്ക് അവ നയിക്കുന്നു എന്ന് ബോധ്യപ്പെടേണ്ടതുണ്ട് (ലൂക്കോ. 24: 30, 1 കൊരി. 11:23 ff).

'നിങ്ങളുടെ യാഗങ്ങളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു, അവ എനിക്ക് മടുപ്പാകുന്നു' എന്ന് പ്രവാചകർ അറിയിക്കുന്നത് യഹോവ യഥാർത്ഥമായും യാഗവിരോധിയായി മാറി എന്നതുകൊണ്ടാണോ? യാഗങ്ങൾ അതിന്റെ ആത്മാവിന്റെ പ്രകാശനം നിർവഹിക്കുന്നില്ല എങ്കിൽ യാഗോദ്ദേശം മാത്രമല്ല യാഗംതന്നെ നിഷ്പ്രയോജനം എന്നു വരും. യാഗത്തിന് മുമ്പിൽ നില്ക്കുകയും യാഗവിരുദ്ധ ജീവിതത്താൽ പ്രതിസാക്ഷ്യം (Counter witness) നല്കുകയും ചെയ്യുമ്പോൾ യാഗത്തെക്കുറിച്ചു തന്നെ സംശയം ജനിക്കും.

**iii) ദൈവപുത്രനെ അറിഞ്ഞ് അനുസരിക്കുക**

ശിഷ്യൻ ഗുരുവിനെയും പൈതൃകത്തെയും സർവ്വാത്മനാ അനുസരിക്കുന്നവനാകണം. രാമനെയും സീതയെയും രാജ്യതാല്പര്യങ്ങളെയും ബഹുമാനിച്ചനുസരിക്കുന്നവനാണ് "ലക്ഷ്മണൻ" എന്ന് രാമായണം. സ്വശക്തി മാത്രമല്ല ഭക്തിപ്രകാശനത്തിന്റെ അനുസരണത്തിനു ചുമതലയുണ്ടെന്ന് ഹനുമാനെ ബോധ്യപ്പെടുത്തിയതാണ് ജാംബവാന്റെ മാഹാത്മ്യമായി രാമായണം വാഴ്ത്തുന്നത്. പരീശന്മാർ ചോദിക്കുന്നത് ശിഷ്യന്മാർ വിഹിതമായതിനെ പിന്തുടരാത്തതെന്ത് എന്നാണ്. യേശുവിന്റെ മറുപടി അതിനുള്ള ഉത്തരം മാത്രമല്ല എന്തനുസരിക്കണം എന്നുള്ളതു കൂടിയാണ്. പൈതൃകഭാഗമായ ശബത്താചരണം മാത്രമല്ല ശബ്ബത്തിനും കർത്താവായവനെ അറിഞ്ഞ് അനുസരിക്കണം എന്നാണ്. ശ്ലീഹാവായന ഇക്കാര്യം വിശദമാക്കുന്നു: 'ജഡത്തെയല്ല ആത്മാവിനെ അത്രേ അനുസരിച്ചു നടക്കേണ്ടത്' (റോമ. 8:4). ക്രിസ്തുവിന്റെ ആത്മാവിനെ സ്വീകരിക്കുകയും ദൈവന്യായപ്രമാണത്തിന് വിധേയപ്പെടുത്തുകയും ചെയ്യുന്നതാകണം പഥ്യം. അങ്ങനെയുള്ളവർക്ക് പ്രതിഫലവും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതായി ലേഖനഭാഗം: "ക്രിസ്തുയേശുവിനെ മരണത്തിൽനിന്നു ഉയിർപ്പിച്ചവൾ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെക്കൊണ്ടു നിങ്ങളുടെ മർത്യശരീരങ്ങളെയും ജീവിപ്പിക്കും".

## ഒക്ടോ. 7
## സ്ലീബായ്ക്കുശേഷം നാലാം ഞായർ
*(ലൂക്കോ. 16:9-17)*

മൂന്ന് വിവരണഭാഗങ്ങൾ ഒരുമിച്ചു ചേർന്നിട്ടുള്ളതാണ് സുവിശേഷഭാഗം എന്നു കാണാം:

ഒന്ന്, വാ. 9-13 ധനവിനിയോഗം കാര്യവിചാരത്വം, മാമോനും ദൈവവും

രണ്ട്, വാ.14-17 നീതീകരണം - ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും

മൂന്ന്, വാ. 18 - വ്യഭിചാരം, വിശ്വസ്തത.

ആദ്യ രണ്ട് ഭാഗങ്ങൾ അടിസ്ഥാനമാക്കി ഏതാനും ആശയങ്ങൾ പരിചിന്തനത്തിനെടുക്കുന്നു.

**i) ധനവിനിയോഗം കാര്യവിചാരകത്വം**

അധ്യായം ആരംഭം മുതൽ തുടരുന്ന കാര്യവിചാരകത്വം സംബന്ധിച്ചുള്ള ഉപമയുടെ തുടർച്ചയാണിത്. ധനം ദുർവിനിയോഗം ചെയ്ത കാര്യവിചാരകന്റെ ഉപമയിൽ 'ചിലർ അയാളെക്കുറിച്ച് പറഞ്ഞ കുറ്റം (യജമാനന്റെ വസ്തു നാനാവിധമാക്കുന്ന പ്രവൃത്തി ചെയ്യുന്നു എന്നത്) യജമാനനും ബോധ്യപ്പെടുന്നു. തന്റെ ജോലിയിൽ നിന്ന് പിരിച്ചുവിടപ്പെടും എന്ന് അയാൾക്ക് ഉറപ്പായറിയാം. അതുകൊണ്ടു തന്നെ അയാൾ ബുദ്ധിയായി (shrewdly) പെരുമാറുന്നു. (വാ.8). യജമാനന് കടംപെട്ടിരിക്കുന്നവരുടെ പേരിൽ യജമാനന്റെ പറ്റുബുക്കിൽ ചേർത്തിരുന്നത് വെട്ടിക്കുറച്ച് എഴുതിചേർക്കുന്നു. കടക്കാർക്കു ലാഭവും യജമാനന് ഭീമമായ നഷ്ടവും വരുത്തുന്ന പ്രവൃത്തിയാണിവിടെ 'ബുദ്ധിയായും' 'കാര്യവിചാരകത്വത്തിലെ ദീർഘവീക്ഷണ"മായും ചേർത്തിരിക്കുന്നത്. യജമാനന്റെ പുകഴ്ത്തൽ അവന് ലഭിച്ചു എന്നും വേദഭാഗം. സ്നേഹി തന്റെ ലഭിക്കുവാനും നിത്യകൂടാരങ്ങളിൽ ചേർക്കപ്പെടുവാനും അയാൾക്കിടയാകുമത്രെ. ആക്ഷേപഹാസ്യച്ചുവയുണ്ടതിന് എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. വിശ്വസ്തതയും സത്യസന്ധതയും ദൈവസേവനത്തിന് മദ്ധ്യമാർഗ്ഗമില്ല എന്നതുമാണ് വാ. 10-13 ഭാഗത്തെ പ്രധാന ചിന്ത എന്നതുകൊണ്ട് വിവരണത്തിന്റെ താല്പര്യം എന്തെന്ന് തിരിച്ചറിയാനാകും. ദ്രവ്യാഗ്രഹികളുടെ താല്പര്യത്തിനു വിരുദ്ധമായതാണ് ഏവൻഗേലിഭാഗത്തിന്റെ സന്ദേശം എന്ന് വ്യക്തം (വാ. 14-15).

**ii) അനീതിയുള്ള മാമോനെക്കൊണ്ടുള്ള സ്നേഹിതർ**

"കഷ്ടകാലത്ത് കരുണയുള്ള സഹോദരനായിത്തീരുന്നവനാണ് സ്നേഹിതൻ' എന്ന് ചിന്തകൻ. അനീതിയാൽ സമ്പാദിച്ച ദ്രവ്യമോ അനീതി വരുത്താൻ പ്രേരകമായ ദ്രവ്യമോ ആണ് 'അനീതിയുള്ള മാമോൻ'. മാമോൻ എന്നതിന് 'love for money' എന്ന് വ്യാവഹാരികം. നന്മകൊണ്ടും കരുണകൊണ്ടും സ്നേഹിതരുണ്ടാവും എന്നത് സൽപാഠം. തിന്മകൊണ്ടും തിന്മയ്ക്കായും സ്നേഹിതരുണ്ടാക്കപ്പെടുന്നു എന്നത് ആധുനിക പഥ്യവചനം (gang, clique). അനീതിയുള്ള മാമോനെക്കൊണ്ട് സ്നേഹിതരെ സൃഷ്ടിച്ചവൻ ഭാവി സുരക്ഷിതമാക്കുവാൻ യത്നിച്ചതിനാൽ (കുത്സിതവൃത്തിയാണെങ്കിലും) അവൻ യജമാനനാൽ പ്രശംസിക്കപ്പെട്ടു എന്ന് കരുതിയാൽ (?), പ്രകാശത്തിന്റെ മക്കൾ സ്ഥിരമായി നിലനില്ക്കുന്നതിനുവേണ്ടി എത്ര അദ്ധ്വാനിക്കേണ്ടതുണ്ട്? നന്മയും പ്രകാശത്തിന്റെ പ്രവൃത്തിയും മൂലം സൽസ്നേഹിതർ ഒന്നിക്കണം, നന്മയാൽ ഒരേ തൂവൽ പക്ഷികളായി കാണപ്പെടുന്നവർ (birds of the same feather) സൗഹൃദത്തിന് സ്ഥായീഭാവവും സമൂഹത്തിന് സൽമാതൃകയുമരുളും.

**iii) ദ്രവ്യാഗ്രഹികൾക്ക് മനസ്സിലാകാത്ത ധർമ്മവഴികൾ**

ദൈവത്തെയും മാമോനെയും ഒരേ സമയം സേവിക്കുന്ന 'മദ്ധ്യമാർഗ്ഗം' ക്രിസ്തീയ മാർഗ്ഗത്തിന്റേതല്ല എന്നുള്ള പ്രഖ്യാപനമാണ് യേശു നടത്തിയത് (വാ.

13[b]). എന്നാൽ ഇതൊക്കെയും കേട്ട ദ്രവ്യാഗ്രഹികൾ യേശുവിനെ പരിഹസിക്കുന്നു. ലോകത്തിന്റെ ലൗകികതൃഷ്ണയിലുള്ള മനുഷ്യർക്ക് പരിചിതവും അവർ പരീക്ഷിച്ച് വിജയിച്ചതുമായ മാർഗ്ഗമാണ് ഒരേസമയം ദൈവികകാര്യങ്ങളിൽ ഇടപെടുകയും മാമോൻസേവയിൽ തുടരുകയും ചെയ്യുക എന്നത്. അത് സാദ്ധ്യമല്ല എന്നുള്ള കണ്ടെത്തലിൽ അവർക്ക് പുച്ഛം മാത്രം. പ്രാണരഹിതർക്ക് പ്രമാണ വഴികളെക്കുറിച്ചും ആ മാർഗ്ഗചാരികളെക്കുറിച്ചും പരിഹാസമെ ഉള്ളു എന്നത് എത്ര അപഹാസ്യമാണെന്നറിക. ധന സമ്പാദനത്തിനുള്ള മാർഗ്ഗത്തിൽ മറ്റൊന്നിനെക്കുറിച്ചും ചിന്തിച്ച് ശങ്കിക്കേണ്ട എന്നു വിചാരിച്ചു വച്ചിരിക്കുന്നവർ; നാണം കെട്ടും പണം നേടിയാൽ നാണക്കേടാ പണം മാറ്റു(മോ?)? ധർമ്മ വഴിയിൽ ചില നഷ്ടങ്ങളുണ്ടായാലും തൃപ്തിയോടെ ജീവിക്കുന്നവർ സമൂഹത്തിന് നല്ല സാക്ഷ്യമേകും. അത് ധർമ്മം (തൂണുകൾ) തന്നെ, സമൂഹത്തെ താങ്ങി നിർത്തുന്ന, താങ്ങി ഉയർത്തുന്ന തൂണുകൾ. അവ ക്ഷയിക്കാനനുവദിച്ചുകൂടാ.

*Mob. 9745691320*


Ph: 9744045394, 9961910034
04735-252433


ജോൺസൺ വാഴക്കുന്നത്ത്
വടശ്ശേരിക്കര

കളയെടുപ്പ് മെഷീൻ



കൃഷിയിടങ്ങൾ, റബ്ബർ എസ്റ്റേറ്റുകൾ എന്നിവയിലെ കളകൾ ബ്രഷ് കട്ടിംഗ് മെഷീൻ ഉപയോഗിച്ച് നീക്കം ചെയ്യുന്നു.

**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

**Prop: SAJU CHACKO**

**0481-2425444,**
**Res. 2724224, 2727788**
**(Mob.) 9447136388**



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡി മെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**


*For Favours Received*






*ഫേബ, ശേബ ചക്കാലയിൽ, ഓതറ*






Leslie Joseph — Sunil Thomas — *ഒരു വിശ്വാസി*




**മലങ്കരസഭ**

## നിങ്ങൾക്കും പങ്കുചേരാം...

മാധ്യമപ്രവർത്തനം ദൈവവിളിയായി സ്വീകരിക്കുന്ന ഒരു സംഘത്തെ വാർത്തെടുക്കുവാൻ ആഗ്രഹിക്കുന്നു. ഈ നൂതന കർമ്മപരിപാടിയിൽ നിങ്ങൾക്കും പങ്കു ചേരാം.

മാധ്യമരംഗത്ത് പ്രായോഗിക പരിശീലനവും പങ്കാളിത്തവും നേടുവാൻ ആഗ്രഹിക്കുന്നുവോ...?

മലങ്കരസഭാ മാസിക വേദി ഒരുക്കുന്നു. എഴുത്തിലും വായനയിലും പുതുമ പുലർത്തുന്നവർക്ക് മുൻഗണന. കമ്പ്യൂട്ടർ പരിജ്ഞാനവും അഭികാമ്യം.

ആർക്കും പങ്കുചേരാം : sabhamasika@yahoo.com *or*

***എഡിറ്റർ, മലങ്കരസഭാ മാസിക, ദേവലോകം, കോട്ടയം - 4***

## രചനകൾ അയയ്ക്കുമ്പോൾ...

മലങ്കരസഭയിലേക്കുള്ള ലേഖനങ്ങൾ, വാർത്തകൾ, കുറിപ്പുകൾ, കത്തുകൾ എന്നിവ ഇ-മെയിൽ വഴിയും അയയ്ക്കാം. മലയാള രചനകൾ അഡോബ് പേജ് മേക്കറിൽ ടൈപ്പ് ചെയ്ത് അയ്ക്കുക. ലേഖനങ്ങൾ A4 രണ്ട് പേജിൽ കവിയരുത്.

E-mail: articlemalankara@gmail.com


## Ist Death Anniversary, 19-09-2012




**LATE MRS. ALEYAMMA THOMAS**

*"You'll remain alive in our memories forever we miss you every moment"*

Deeply remembered by

Mr. Omman Panicker & Mrs. Asha panicker (Delhi)
Dr. John Mathew & Mrs. Pinky John (Kolkatta)
Mr. Anil Thomas & Mrs. Sherin Thomas
Children and Relatives
49, Mahabali Nagar Kolar rad Bhopal

*For Favours Received*



George Abraham & Family, U.S.A.



# പുസ്തകശാല


## മരുന്നറിവുകൾ

ലീനാ തോമസ്




ഔഷധ വിജ്ഞാനത്തിൽ അക്കാദമിക് മികവും പ്രായോഗിക പരിശീലനവും ലഭിച്ചിട്ടുള്ള അധ്യാപിക കൂടിയായ ലീനാ തോമസിന്റെ മരുന്നറിവുകൾ ഉള്ളടക്കത്തിന്റെ ആധികാരികത കൊണ്ടും വിഷയാവതരണത്തിന്റെ തനിമകൊണ്ടും പൊതുജനങ്ങൾക്ക് മരുന്നുകളെ സംബന്ധിച്ച് ശാസ്ത്രീയവിവരങ്ങൾ നല്കാൻ സഹായകമായ മികച്ച കൃതിയാണ്. മരുന്നുകളുടെ ലേബലുകൾ, കാലഹരണ തീയതി, വിവിധതരത്തിലുള്ള മരുന്നുകൾ, അവ ഉപയോഗിക്കേണ്ട രീതി, കുട്ടികളും മുതിർന്നവരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്വയം ചികിത്സയുടെ പരിമിതികൾ, സാധ്യതകൾ തുടങ്ങി മരുന്നുമായി ബന്ധപ്പെട്ട് എല്ലാവരും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട വിവരങ്ങളാണ്. അവതാരിക: ഡോ. ഇക്ബാൽ, മാതൃഭൂമി പബ്ലിക്കേഷൻസ്. വില–70, പേജ് 96


## ഔഗേൻ തിരുമേനി



2007 ജൂൺ 6–ന് കാലം ചെയ്ത ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനിക്ക് ജനഹൃദയത്തിലുള്ള ആഴമേറിയ സ്ഥാനം നിർണ്ണയിക്കുന്ന കൃതി. മറ്റുള്ളവർക്കുവേണ്ടി ജീവിക്കുമ്പോഴാണ് ഒരാൾ ജീവിച്ചു തുടങ്ങുന്നതെന്ന സത്യമായിരുന്നു ഔഗേൻ തിരുമേനിയുടെ ജീവിതദർശനം. ശക്തിയായി പ്രസംഗിക്കുന്ന സഭാനേതാക്കൾ വളരെയേറെയാണ്; എന്നാൽ അവ പ്രവൃത്തിയിൽ കാണിച്ചുതന്നത് ഔഗേൻ തിരുമേനിയാണ്. വാക്കും പ്രവൃത്തിയും ഒന്നായിരുന്ന പിതാവ്, ഭാഗ്യസ്മരണാർഹനാണ്. അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ, വില–350, പേജ് 736.

## മാർത്തോമ്മൻ പൈതൃകം...

അഡ്വ. ജെയ്സി കരിങ്ങാട്ടിൽ (എഡി.)




കാതോലിക്കേറ്റിന്റെ ശതാബ്ദിയോടനുബന്ധിച്ച് മലങ്കര ഓർത്തഡോക്സ് യുവജനപ്രസ്ഥാനം നടത്തിയ 76–മതു വാർഷി കോൺഫ്രൻസിന്റെ ചിന്താവിഷയപഠനസമാഹാരം.

മാർത്തോമ്മൻ പൈതൃകവും സാമൂഹിക പ്രതിബദ്ധതയും 21 ലേഖനങ്ങളിലായി സാമുഹിക–വേദശാസ്ത്ര വെളിച്ചത്തിൽ അനാവരണം ചെയ്യുന്നു. അവതാരിക: യൂഹാനോൻ മാർ പോളിക്കാർപ്പോസ്, പ്രസാധകർ: സെന്റ് തോമസ് ഭവൻ, കോട്ടയം, വില: 100, പേജ്. 128.

പുരാതന ദേവാലയങ്ങളിലൂടെ മലങ്കരസഭ മാസിക

# പഴമപ്പെരുമ



## വടക്കൻ പറവൂർ മാർത്തൊമ്മൻ പള്ളി

മലങ്കര സഭാ ചരിത്രത്തിൽ *പട്ടമന പറവൂർ പള്ളി* എന്നപേരിൽ അറിയപ്പെടുന്ന വടക്കൻ പറവൂർ മാർത്തൊമ്മൻ പള്ളി, എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ നഗരത്തിലാണ്. സ്ഥിതിചെയ്യുന്നത്. അതിനേക്കാളുപരി, പ. മാർത്തോമ്മാ ശ്ലീഹാ വന്നിറങ്ങിയ മുസിരിസ് തുറമുഖത്തിന്റെ ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്തിയ *പട്ടണം* എന്ന സ്ഥലത്തുനിന്നും ഒരു കിലോമീറ്ററിനുള്ളിലാണ് വടക്കൻ പറവൂർ പള്ളി സ്ഥിതിചെയ്യുന്നത്.

മാർത്തോമ്മാ പൈതൃകമുള്ള കോട്ടയ്ക്കാവ് പള്ളിയുടെ സമീപമാണ് വടക്കൻ പറവൂർ പള്ളി. നസ്രാണികളെ മൊത്തത്തിൽ *കോട്ടയ്ക്കാവി പരിഷ* എന്നു സംബോധന ചെയ്യത്തക്കവിധം പ്രാധാന്യം പറവൂർ നസ്രാണികൾക്കുണ്ടായിരുന്നു. ആദ്യം വടക്കൻ പറവൂർ പള്ളിക്കാർ കോട്ടയ്ക്കാവ് പള്ളിക്കാരായിരുന്നു. എന്നാൽ അവിടെ ഏകാധിപതിയായി കൈകാര്യ കർതൃത്വം നടത്തിയിരുന്ന *കോട്ടയ്ക്കാവി* കുടുംബത്തിന്റെ *അഹമ്മതി*മൂലം പതിനാറാം നൂറ്റാണ്ടിൽ വലിയങ്ങാടി തരകന്മാർ പറവൂർ രാജാവിനോട് ഒരു പുതിയ പള്ളിവയ്ക്കുവാൻ അനുവാദം ചോദിച്ചു. അദ്ദേഹം കരമൊഴിവായി ദാനംചെയ്ത സ്ഥലത്ത് ഇന്നു കാണുന്ന വടക്കൻ പറവൂർ പള്ളി പണികഴിപ്പിച്ചു. 1566 വൃശ്ചികം 16–ന് പേർഷ്യൻ മെത്രാൻ മാർ യൗസേഫ് സൂലോക്കോയാണ് ഈ പള്ളിക്കു കല്ലിട്ട് കൂദാശ ചെയ്തത്. *മാറാനെശുമിശിഹാ പിറന്നിട്ട് 1566–ാം കാലം വൃശ്ചികഞായർ 16–നു പട്ടമന പറവൂർ മർത്തൊമ്മാൻപള്ളി വയ്പാൻ മാർ യൗസേപ്പു മെത്രാനും മറ്റു പല ദെശത്തു പട്ടക്കാററും എണങ്ങരുംകൂടി കരിശുനാട്ടി സമ്മതിച്ച കുർബാനയും ചെയ്തു അന്നുതന്നെ. കൊല്ലം 742–ാമത വൃശ്ചികഞായർ 16–നു എന്ന്* പള്ളിയിലെ ശിലാശാസനത്തിൽ കാണുന്നു.


ഏകാധിപത്യം ഒഴിവാക്കി പള്ളിയോഗത്താൽ ഭരണം നടത്തപ്പെട്ട വടക്കൻ പറവൂർ പള്ളിയുടെ സ്ഥാപനത്തോടെ കോട്ടയ്ക്കാവിൽ പള്ളി ക്ഷയിക്കുകയും തുടർന്ന് അവിടെയും ഭരണം പള്ളിയോഗത്തിനായിത്തീരുകയും ചെയ്തു. അതോടെ ഇരുപള്ളികളും ഒരു ട്രസ്റ്റാക്കി ഭരിച്ചുവന്നു. 1663–ൽ പറമ്പിൽ ചാണ്ടിയുടെ ചതിമൂലം നസ്രാണി സമൂഹം പിളർന്നതോടെ കോട്ടയ്ക്കാവുപള്ളി റോമൻ കത്തോലിക്കാ കൈവശത്തിലായി. വടക്കൻ പറവൂർ പള്ളി സത്യവിശ്വാസികൾക്കും ലഭിച്ചു.

മലങ്കരയിലെത്തിയ ആദ്യ അന്ത്യോഖ്യൻ മേല്പട്ടക്കാരൻ ക്രിസ്തുവർഷം 1665–ൽ കേരളത്തിലെത്തിയ യേറുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീദ് ആണ്. മഹാനായ മാർത്തോമ്മാ ഒന്നാമന്റെ മേല്പട്ടസ്ഥാനം ക്രമപ്പെടുത്തിയ അദ്ദേഹം ദീർഘകാലം ആസ്ഥാനമാക്കിയതും 1671 ഏപ്രിൽ 24 (മേടം 16)–നു കാലം ചെയ്തു കബറടങ്ങിയതും ഈ പള്ളിയിലാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മൈസൂർ ആക്രമണത്തിൽ ഈ പള്ളിക്കു തീവെച്ചു നശിപ്പിച്ചു. പിന്നീട് പഴയ ഭിത്തിയിൽ 1822–30 കാലഘട്ടത്തിൽ പുതുക്കി പണിതതാണ് ഇന്നുകാണുന്ന പള്ളി.

മലങ്കര സന്ദർശിച്ച ആദ്യ അന്ത്യോഖ്യാ പാത്രിയർക്കീസായ പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ 1876 ഡിസംബർ മൂന്നിന് പാമ്പാക്കുട കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്, ഈ ഇടവകാംഗമായ കടവിൽ പാലൂസ് മാർ അത്താനാസ്യോസ്, അതേ മാസം 10–നു അമ്പാട്ടു ഗീവർഗീസ് മാർ കൂറിലോസ്, ചാത്തുരുത്തി ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പ. പരുമല തിരുമേനി) എന്നിവരെ മേല്പട്ടക്കാരായി വാഴിച്ചത് വടക്കൻ പറവൂർ പള്ളിയിൽ വെച്ചാണ്.

പ. മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ കാൽകുത്തിയ സ്ഥലത്തിന് ഏറ്റവുമടുത്തുള്ള ദേവാലയം എന്ന നിലയിൽ വടക്കൻ പറവൂർ പള്ളിക്ക് സവിശേഷ പ്രാധാന്യമുണ്ട്.

കവിത



# മാവുവെട്ടുന്നു

ഷാജി കൂടൽ

മാവു വെട്ടാതെ മാളോരെ
മൂടറുക്കാതെ മാളോരെ
നേരിന്റെ നെഞ്ചം തകർന്നോ-
രീന്നാലുക്കെട്ടിന്നുള്ളടഞ്ഞോ
മാവിന്റെ പൊത്തിൽ മയങ്ങും
കിളികുഞ്ഞിനിടം ചുവട്ടിൽ
കണ്ണിമാങ്ങാ പെറുക്കുവാനായ്
കാക്കകൊത്തും കിളിപ്പാതി
മാങ്ങ തിന്നാൻ വരും നാളെ!
മാവുവെട്ടാതെ മാളോരെ
മൂടറുക്കാതെ മാളോരെ
എന്നെന്റെ ഉള്ളിൽ വളർന്നോ
ഈ മാവിന്റെ ഓരോ ഞരമ്പും
ഗർഭത്തിൽ അന്നേ കിടന്നു
സ്നേഹിച്ചു ഞാനീ മരത്തെ
എന്നെ നോക്കി ചിരിച്ചന്നേ
പുളിമാങ്ങയും ഈ മരക്കൊമ്പും
മാങ്ങ തിന്നാൻ കൊതിമൂത്ത്
ഞാനന്ന് ശാഠ്യം പിടിച്ചു
അമ്മയ്ക്കു യാക്കം ഉണ്ടായി
ഒരു പച്ചമാങ്ങാ തിന്നു തീർത്തു
ഇന്നുമെൻ നാവിലൂറുന്നു
അന്നത്തെ ആ പുളിനീര്
പിന്നെ മാങ്കൊമ്പിലിരുന്ന്
കിളി കുഞ്ഞിനു താരാട്ടുപാടി
ഓണത്തിനച്ഛനാകൊമ്പിൽ
ഊഞ്ഞാലുകെട്ടിയിട്ടാട്ടി
ആ കൊമ്പിൽ തന്നെയാണച്ഛൻ...
മാവിന്റെ നെഞ്ചിലിട്ടാഞ്ഞ്
തല്ലതല്ലി ഞാനെത്രയോ നേരം
ഊഞ്ഞാലിലാടിയിട്ടില്ല
പിന്നെ ഊഞ്ഞാലുകെട്ടിയിട്ടില്ല
പിന്നെയും ഞാനറിയാതെ
സ്നേഹിച്ചു പോയി മരത്തെ
എന്റെ പെണ്ണിൻ മണം പേറി
നിൽക്കുന്ന മാമ്പഴം മെല്ലേ
പെണ്ണിൻ കവിൾത്തടം പോലെ
നാണം തുടിയ്ക്കും പഴങ്ങൾ
കാറ്റുവന്ന് ഓടിക്കിതച്ച്
ആ മാമ്പഴം തല്ലികൊഴിച്ചു
പിന്നെയും ഞാനറിയാതെ
സ്നേഹിച്ചു പോയി മരത്തെ
ഇന്നെന്റെ മാവുവെട്ടുന്നോ
ഇന്നതിൻ മൂടറുക്കുന്നോ
കോടാലികൊത്തും മുഴക്കം
മാത്രമാണ് ഇപ്പോഴെൻ കാതിൽ
വീണ്ടുമെൻ നാവിലൂറുന്നു
അന്നത്തെ ആ പുളിനീര്
നീരുണങ്ങാനിനി നേരം
മാത്രമില്ലെന്നറിയുന്നു
കത്തുന്നു ചാമ്പലാകുന്നു
മാവുമെൻ മജ്ജയും മണ്ണിൽ
ഞങ്ങളിലിരുവരും മണ്ണിൽ
പുനർജന്മവും കാത്തിരിയ്ക്കുന്നു.

## ചുറ്റുവട്ടം

ജോയി കുളനട





കവിത

റൂബി ഇടമറുക്

# ആദം

ആദം ഏകനായിരുന്നു
അവന്റെ ഏകാന്തത
ദൈവമായിരുന്നു
ദൈവമേകനല്ലായിരുന്നു
ഏകത്വത്തിൽ ത്രിത്വമായിരുന്നു
ത്രിത്വത്തിലേകനായിരുന്നു
ആദമുറങ്ങിയപ്പോൾ
ഹവ്വാ മെനയപ്പെട്ടു
അവളെത്തെരഞ്ഞവനലഞ്ഞ നാളുകൾ
വേദമെന്തെ പറഞ്ഞില്ല?
ഹവ്വായ്ക്കും മുൻപെ
അവനാരിലെല്ലാം, എന്തിലെല്ലാം
തെരഞ്ഞു, ഒരു കൂട്ടിനായ്
തിരിച്ചറിവിന്റെ നാളുകളെ
പാപമെന്ന് വിളിയ്ക്കരുത്
തെരയുന്നവന്റെ അലച്ചിലുകൾ
ദൈവത്തിന് പ്രീതികരമാണ്
ഏറെത്തെരായാതെ
ഏറെയലയാതെ
തളർന്നൊന്നു മയങ്ങാതെ
ഉണർവെവിടെ?
ഉണർവിൻ ഭാഷയെവിടെ??
"എന്നസ്ഥിയിൽ നിന്നുള്ളസ്ഥിയും
മാംസത്തിലെ മാംസവും"
ഏറെത്തെരഞ്ഞ്
തളർന്നൊന്നു മയങ്ങുമ്പോൾ
ഞാൻ തെരഞ്ഞതിനെ
ദൈവം മെനയുന്നു
ഞാനുണരുമ്പോൾ
എന്റെ മുന്നിലതിനെ നിർത്തുന്നു.
'ഒന്നാമാദം അവളിൽ തൃപ്തനായി
രണ്ടാമാദമതിനപ്പുറം തെരഞ്ഞു'
തെരഞ്ഞു
വലഞ്ഞു
തകർന്നു
ഉറങ്ങി
ഉണർന്നു
കണ്ട പൂർണത സ്വർഗം-
കാണിച്ച് തന്നതും
'തനുവിൻ മഹത്വം
അസ്ഥി മാംസാതീതം
അത്ഭുതം
അത്യാഗതം
രഹസ്യം!'







ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

'വെൾഫ്ഗാങ് ബൊർഹെർട്' എന്ന ജർമ്മൻ സാഹിത്യകാരന്റെ ഒരു കഥ മനുഷ്യജീവിതത്തെ വ്യത്യസ്തമായാണ് വീക്ഷിക്കുന്നത്. കഥാംശം ഇങ്ങനെയാണ്. ഭൂമിയിലേക്ക് പിറന്നു വീണ രണ്ട് മനുഷ്യജീവികൾ അവർക്ക് രണ്ട് വയസ്സ് ആയപ്പോൾ അവർ കൈകൾ കൊണ്ട് തമ്മിലടിച്ചു. പന്ത്രണ്ട് വയസ്സായപ്പോൾ അവർ പരസ്പരം കമ്പ് കൊണ്ടടിച്ചു. പരസ്പരം കല്ലെറിഞ്ഞ് രസിച്ചു. അവർക്ക് ഇരുപത്തിരണ്ട് വയസ്സായപ്പോൾ തോക്കുകൾ കൊണ്ട് അന്യോന്യം വെടിവച്ച് കളിച്ചു.

നാൽപ്പത്തിരണ്ട് വയസ്സായപ്പോൾ അങ്ങോട്ടുമിങ്ങോട്ടും പ്രതികാരത്തോടെ ബോംബെറിഞ്ഞു. അറുപത്തിരണ്ട് വയസ്സായപ്പോൾ കുലം തന്നെ മുടിക്കേണ്ടതിന് അവർ പരസ്പരം രോഗാണുക്കൾ പ്രയോഗിച്ചു. പ്രതികാര പ്രവർത്തനങ്ങൾ പ്രതിരോധ പ്രവർത്തനങ്ങൾ എൺപത് വയസോടെ ഇല്ലാതെയായി എൺപത്തിരണ്ടിൽ രണ്ട് പേരും മരിച്ചു. അടുത്തടുത്താണ് രണ്ട് പേരെയും അടക്കിയത്.

നൂറ് വർഷം കഴിഞ്ഞ് ഒരുകൃമി അവരുടെ രണ്ട് ശവക്കുഴികളിലും അരിച്ച് ചെന്നപ്പോൾ വിഭിന്നരായ രണ്ട് മനുഷ്യരെ അവിടെ അടക്കിയിരുന്നതായി അറിഞ്ഞതേയില്ല. അതേ മണ്ണ് അതേ ഭൂമി എല്ലായിടത്തും ഒരേ പോലെ. നൂറ് വർഷം കഴിഞ്ഞിട്ടും മണ്ണിന് യാതൊരു മാറ്റവുമില്ല. മനുഷ്യന്റെ കാൽപ്പാടുകൾ മാറുന്നതല്ലാതെ. അയ്യായിരം വർഷങ്ങൾക്കുശേഷം ഒരു പ്രാണി ഭൂമിക്കടിയിൽ നിന്ന് ഉയർന്ന് വന്ന് ചുറ്റും നോക്കി. അതിന് ആശ്വാസമായി ഭൂമി പഴയത് തന്നെ. കാക്കകൾ കരയുന്നു. നായ്ക്കൾ ഓരിയിടുന്നു. മത്സ്യങ്ങൾ നീന്തിത്തുടിക്കുന്നു. നക്ഷത്രങ്ങൾ പ്രകാശം പൊഴിക്കുന്നു. കടലും കരയും എല്ലാം അന്നത്തേത് പോലെ തന്നെ ഇന്നും. ചിലപ്പോൾ ഒരു മനുഷ്യനെ കണ്ടെന്ന് വരാം. കവി സുന്ദരമായി ആഖ്യാനം നടത്തുകയാണ് "കബറ് തുറന്ന് നിരീക്ഷിക്കാം വീരൻമാരും സുന്ദരരും നിശ്ശേഷം നാശം പൂണ്ടു അവരയ്യോ മണ്ണായി..."

ചരിത്രത്തിന് കുറുകെ ഉരുണ്ട് കയറിയ രഥചക്രങ്ങൾ, അധിനിവേശങ്ങൾ, അക്രമണങ്ങൾ എല്ലാം മണ്ണായി, സാഹിത്യ ഭാവനകൾ നിർവ്വഹിച്ചവർ, ആരാധനാ ചർവ്വണം നടത്തിയവർ എല്ലാം മണ്ണായി, ലോകത്തെ കാൽകീഴാക്കി എന്നഹങ്കരിച്ച ശാസ്ത്ര ചിന്തകൾ, സാമ്രാജ്യങ്ങൾ നിർമ്മിച്ച് അതിന്മേൽ കൊടികുത്തിയവർ എല്ലാം മണ്ണായി.

ബലിവേദിയിൽ നിൽക്കുന്ന ഹാബേലും കായേനും അമ്മയുടെ ഉദരഗൃഹത്തിൽത്തന്നെ കുതികാൽ പിടിക്കുന്ന ഏശാവും യാക്കോബും. അധികാരമത്തിന്റെ ശൗലും അബ്ശലോമും പെൺകൺമുനത്തുമ്പിൽ വീണ് പോകുന്ന ദാവീദും ശിംശോനും പണമാണ് ഗുരുവെന്ന് വിചാരപ്പെട്ട് പോകുന്ന യൂദാസും. മീൻവല വീണ്ടുമെടുക്കണോ എന്ന് ശങ്കപ്പെടുന്ന പത്രോസും വലിയവൻ ആര് എന്നിപ്പോഴേ വ്യഗ്രതപ്പെടുന്ന സെബദി സുതൻമാരും. നാമൊരു ഇല പൊഴിയും കാലത്തെത്തുന്നതിന് മുമ്പ് ഏറ്റെടുക്കേണ്ടിവരുന്ന വിചാരപ്പെടലുകളാണ്. കാലമെത്ര കഴിഞ്ഞാലും ഞാൻ ഇങ്ങനെയൊക്കെയാണെന്ന പരിമിതപ്പെടലിനെയാണ് രണ്ട് മനുഷ്യരുടെ കഥ ഓർമ്മിപ്പിക്കുന്നത്.

"ഒരു പുതു നാമ്പ് പിറക്കാൻ ഞാൻ
ഇതിൽ ഏത് കൂട് പൊളിക്കണം ദൈവമേ."



E-mail: fr.thirumangalam@gmail.com



# LETTERS TO THE EDITOR

## അന്ത്യദർശനം ലഭിച്ചില്ല

പൗലോസ് മാർ പക്കോമിയോസ് തിരുമേനി കാലം ചെയ്തതറിഞ്ഞ് എറണാകുളം ലേക്ഷോർ ആശുപത്രിയിൽ തടിച്ചു കൂടിയ ഓർത്തഡോക്സ് വിശ്വാസികൾക്ക് അഭി. പിതാവിന് ചേരുന്ന വിധം അന്ത്യാഭിവാദനങ്ങൾ അർപ്പിക്കുവാൻ അവസരം ലഭിച്ചില്ല എന്നത് വളരെ വേദനാജനകമായിപ്പോയി. കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി ഏതുനിമിഷവും പ്രതീക്ഷിച്ചിരുന്ന ഒരു സംഭവം കൈകാര്യം ചെയ്ത വിധം ശരിയായില്ല. രാവിലെ മുതൽ തടിച്ചുകൂടിയ ജനത്തിനു മുന്നിലൂടെ 12 മണി കഴിഞ്ഞപ്പോൾ മൃതദേഹം കൊണ്ടുവന്ന് 10 മിനിട്ട് പോലും പൊതുദർശനത്തിനു വെയ്ക്കാതെ ആംബുലൻസിലേക്ക് എടുത്തു ഇടിക്കാൻ പ്രാപ്തിയുള്ളവനും, തലപൊക്കക്കാരനും ഒരുനോക്ക് കാണാനായി അത്രമാത്രം.

**ജീവൻ ഏബ്രഹാം, പടമുകൾ**

■

## ആ നാൾ വരാതിരിക്കട്ടെ..!

Col (Retd.) Alex P Philip Chethipurackal എഴുതിയ "ഒരുനാൾ വരും....!" എന്ന ലേഖനം മലങ്കര സഭയുടെ ജൂലൈ ലക്കത്തിൽ വായിക്കുകയുണ്ടായി. ഗ്രന്ഥ കർത്താവിന്റെ ഈ ലേഖനം, ഒരു പട്ടാള ക്യാമ്പിൽ നടക്കുന്ന 'Annual admin inspectin' (സർവ്വ ജനിക കാര്യങ്ങളിൽ സർക്കാർ മേലുദ്യോഗസ്ഥർ ആണ്ടു തോറും നടത്തിവരാറുള്ള സൂക്ഷ്മ നിരീക്ഷണം)ന്റെ ലാഘവത്തോടെ പള്ളികളെ വീക്ഷിച്ചതിന്റെ വിശകലനമായിട്ടാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചത്.

സ്ത്രീ-പുരുഷന്മാരും, യുവതീ-യുവാക്കളും ഒക്കെ ഒരുമിച്ചിരുന്നു ആരാധനയിൽ സംബന്ധിക്കാവുന്ന പല ദേവാലയങ്ങളും നമ്മുടെ രാജ്യത്ത് കണ്ടു വരുന്നു. അങ്ങനെയുള്ളവയിൽ ഒന്നാണ് ബാംഗ്ലൂരിൽ ശിവാജിനഗറിൽ ഉള്ള പുരാതനമായ ഒരു പള്ളി (ഓർത്തഡോക്സ് സഭയല്ല). അവിടെ വിശേഷ പെരുനാൾ ദിനങ്ങളിൽ അല്ല സാധാരണയായുള്ള ആരാധനാ സമയങ്ങളിൽ പോലും വലിയ തിക്കും തിരക്കും ആണ്. ഇവിടെ സ്പർശന സുഖം ആസ്വദിക്കാനെത്തുന്ന അക്രൈസ്തവരുടെ എണ്ണവും കുറവല്ല. അങ്ങനെയുള്ള ചില യുവതീ-യുവാക്കളെ ശ്രദ്ധയിൽ പെടുകയുണ്ടായി. ഈ അവസ്ഥ ഉണ്ടായാൽ ആത്മീയത നഷ്ടപ്പെടാതെ ഏകാഗ്രചിന്തയോടുകൂടി എങ്ങനെ ആരാധനയിൽ പൂർണ്ണമായി സംബന്ധിക്കാൻ സാധിക്കും.

വി. കുർബ്ബാന വീട്ടിലിരുന്നു കാണുകയോ കേൾക്കുകയോ ചെയ്താൽ മതി. എന്തിന് പള്ളിയിൽ പോകണം. യാത്ര വാഹനത്തിലാണെങ്കിൽ അതിനുള്ള പാഴ്ചിലവായ ഇന്ധന ചിലവും ഒഴിവാക്കാമല്ലോ എന്നുകൂടി നിഷ്കർഷിക്കാത്തതിൽ അതിശയോക്തിയില്ല.

"ഉതവി" പോലെയുള്ള ലളിതമായ വാക്കുകളുടെ അർത്ഥം മലയാള ഭാഷ 10-ാം ക്ലാസുവരെയെങ്കിലും പഠിച്ചിട്ടുള്ള എല്ലാ മലയാളികൾക്കും അറിയാം എന്നു തന്നെയാണ് വിശ്വാസം.

പഴയ പുതിയ പ്രസിദ്ധീകരണങ്ങളിലാകട്ടെ, സുറിയാനി പദങ്ങളുടെ അർത്ഥം കുറിക്കുന്ന ഒരു അനുബന്ധം തന്നെയുണ്ട്. എന്നുള്ളതും പ്രത്യേകം ശ്രദ്ധേയമാണ്. (അനുബന്ധം VII കാണുക). അതുകൊണ്ട് വെട്ടിചുരുക്കിയുള്ള ആരാധന ഒരു അപൂർണ്ണതക്കു വഴി തെളിക്കും എന്നാണ് എന്റെ അഭിപ്രായം. പള്ളിയിൽ പോക്ക് "ദേ-പോയി, ദാ-വന്നു" എന്നുള്ള അവസ്ഥയിലേക്കു ആണ്ടു പോകാതിരിക്കട്ടെ എന്നു കാംഷിക്കുന്നു.

മദ്ധ്യപ്രദേശിലുള്ള ജബൽപൂരിൽ വച്ച് 88 വയസ്സുള്ള വൃദ്ധനായ ഒരു റിട്ട. കേന്ദ്ര ഗവ. ഉദ്യോഗസ്ഥൻ ഒരു ശിവ ക്ഷേത്ര പരിസരം ചൂല് ഉപയോഗിച്ച് തൂത്തു വൃത്തിയാക്കുന്നത് ശ്രദ്ധയിൽ പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞ ചില വാക്കുകൾ വളരെ ശ്രദ്ധേയമാണ്.

ഭഗവാന്റെ വേല ചെയ്യുന്നത് നമ്മുടെ ധർമ്മമാണ്. ഞാൻ അതിനെ എന്റെ കർത്തവ്യമായി കാണുന്നു. ക്ഷേത്രം വൃത്തിയാക്കൽ എന്റെ ഹൃദയത്തെ വെടിപ്പാക്കുന്നതിന് തുല്യമായി ഞാൻ മനസ്സിലാക്കുന്നു"). ഈ മനോഭാവം നമ്മുടെ ഇടവകാംഗങ്ങൾക്കുണ്ടാവണം.

ഗായകസംഘം: "പള്ളിയിൽ ഗായകസംഘങ്ങളേ പാടുന്നുള്ളൂ" എന്ന ആരോപണം തെറ്റാണ്. ഗായകസംഘങ്ങളോടു ചേർന്നു ഗാനം പഠിക്കാൻ നാം തയ്യാറാകണം. ഗായകസംഘം ശബ്ദം കുറച്ച് ലളിതമായി പാടുമ്പോൾ നമുക്കും ചേർന്നു പാടാൻ സാധിക്കണം. അതിന് ഗാനം പഠിക്കണം. അതിന്റെ ടൂൺ പഠിക്കണം.

ആരാധനയുടെ പാരമ്പര്യത്തെ ചോദ്യം ചെയ്യുന്ന തലത്തിലേക്ക് - ഹൃദയങ്ങളെ വൃണപ്പെടുത്തുന്ന തരത്തിലേക്ക് വീണു പോകാതിരിക്കട്ടെ നമ്മുടെ ആരാധന എന്നാശിക്കുന്നു.

**എം.എ. കുരുവിള,**
**സാഗർ (മദ്ധ്യപ്രദേശ്)**

■

## നടത്തിപ്പ്

ധാരാളം ആളുകൾ പങ്കെടുക്കുന്ന അഭിവന്ദ്യ തിരുമേനിമാരുടെ കബറടക്ക ചടങ്ങുകളും, മറ്റ് ശുശ്രൂഷകളും കുറച്ചു കൂടി സംഘടിതമായി നടത്തുവാൻ സഭാ നേതൃത്വം ഇനിയെങ്കിലും ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

**വി.ജെ. പൗലോസ്,**
**മൂളത്താനത്ത്, മുളന്തുരുത്തി**

■

## നാല്പതാം ചരമദിനം

06-09-2012



**ജോബിൻ ജോൺ നൈനാൻ**
**(കിച്ചു)**

**കയ്യാലയ്ക്കകത്ത് വീട്,**
**വള്ളംകുളം**

**A/604 CORAL CREST, SECTOR 23**
**NERUL, NAVIMUMBAI – 400 706**

*പ്രാർത്ഥനകളോടെ,*
*മാതാപിതാക്കളും, ജിബുവും*

## മലങ്കരസഭ

ബാഹ്യകേരളത്തിലെ മലയാള ഭാഷാ പ്രാവീണ്യതയില്ലാത്ത പുതുതലമുറയിലെ വിശ്വാസികൾക്കും,വിദ്യാസമ്പന്നർക്കും, സഭയ്ക്കു പേരും പെരുമയും വളർത്താൻ ഉതകുന്ന പ്രഗത്ഭർക്കും കൂടി മനഃസ്സിലാകതക്കവണ്ണം സഭയുടെ പ്രധാന പ്രസിദ്ധീകരണങ്ങളും, സഭാ കൗദാശിക ചടങ്ങുകളും പ്രാർത്ഥനാ ക്രമങ്ങളും, ഇംഗ്ലീഷ് ഭാഷയിൽക്കൂടി ആക്കി, യുവതലമുറയെ മുഖ്യ ധാരയിൽ വരുത്തണം. അല്ലായെങ്കിൽ ഇംഗ്ലീഷു ഭാഷയിൽ പ്രാർത്ഥനയും ഞായറാഴ്ച സർവ്വീസും നടത്തപ്പെടുന്ന പ്രൊട്ടസ്റ്റന്റ് സഭയിൽ ഇക്കൂട്ടർ ക്രമേണ ചേക്കേറും.

**കെ.എം. പീറ്റർ, മട്ടയ്ക്കൽ**

■

## ഒരുദിവസം നഷ്ടപ്പെട്ടു

ഒരു ദിവസം മുഴുവനും സൂര്യൻ അസ്തമിക്കാതെ ആകാശമദ്ധ്യത്തിൽ നിന്നു. (യോശുവ 10:12-14, 2 രാജ. 20:10)

20-ാം നൂറ്റാണ്ടിൽ (നാസ) എൻ.എ.എസ്.എ. സ്പേസ് സ്റ്റേഷനിലെ വിദഗ്ധ ശാസ്ത്രജ്ഞന്മാർ മനുഷ്യനെ ചന്ദ്രനിൽ ഇറക്കുവാൻ ശ്രമം നടത്തി. നിശ്ചിത ഭ്രമണപഥത്തിൽ അനവരതം കറങ്ങുന്ന അനേകം ഗ്രഹങ്ങളും ഉപഗ്രഹങ്ങളും നക്ഷത്രങ്ങളും അടങ്ങുന്ന ആകാശമണ്ഡലത്തിൽ തട്ടും മുട്ടും എൽക്കാതെ മനുഷ്യപേടകത്തെ ചന്ദ്രനിൽ എത്തിക്കുവാനുള്ള കണക്കുകൾ, കമ്പ്യൂട്ടറുകളും മനുഷ്യമസ്തിഷ്കങ്ങളും ശ്രദ്ധയോടെ ചെയ്യുന്ന കാലം. ആയിരക്കണക്കിന് വർഷങ്ങൾ മുന്നോട്ടും പിന്നോട്ടും ആരായപ്പെട്ടു. ഗോളങ്ങളുടെ ഭൂതഭാവിപ്രമാണങ്ങൾ കൃത്യമായി നിർണ്ണയിക്കപ്പെട്ടു. പുറകോട്ടു നോക്കിയപ്പോൾ ചുവന്ന സിഗ്നൽ! കഴിഞ്ഞ കാലത്ത് ഒരു ദിവസം കാണാനില്ല! ലോകത്തിന് ഒരു ദിവസം നഷ്ടം! ഒരു ദിവസം ഇല്ല! കമ്പ്യൂട്ടർ വെളിപ്പെടുത്തി. സൂര്യൻ ആകാശമദ്ധ്യേ ഒരു ദിവസം.... എന്ന വാക്യം ഇങ്ങനെ ഒത്തുവന്നതായി കണ്ടപ്പോൾ വേദവും ശാസ്ത്രവും എത്ര കൃത്യമായിരിക്കുന്നുവെന്ന് ലോകം അത്ഭുതപ്പെട്ടു!.

നഷ്ടപ്പെട്ട സമയം കൃത്യമായി 23 മണിക്കൂർ 20 മിനിട്ട് എന്നു കമ്പ്യൂട്ടർ കണ്ടുപിടിച്ചു. അതേ, ഏതാണ്ട് ഒരു ദിവസം എന്നേ വേദപുസ്തകം പറയുന്നുള്ളൂ. 40 മിനിട്ട് എന്നിട്ടും കുറവ്! 2 രാജാ., വീണ്ടും വായിച്ചു. 20/10 ൽ ദൃഷ്ടി ചെന്നു. ആഹാസിന്റെ ഘടികാരം 10 പടി പിന്നോട്ടു നീങ്ങി എന്നു വായിച്ചു. സൂര്യൻ 10 പടി പുറകോട്ടു ചലിച്ചു എന്നർത്ഥം. 10 പടി എന്നത് 40 മിനിട്ടാണ്. അപ്പോൾ ഒരു ദിവസം തികഞ്ഞു. ശാസ്ത്രജ്ഞർ സമാധാനപ്പെട്ടു. ബൈബിൾ കെട്ടുകഥയല്ല; ശാസ്ത്രസത്യമാണ്, സംശയമില്ല. നാസയിലെ ഹാരോൾഡ് ഹിൽ എന്ന ശാസ്ത്രജ്ഞൻ തന്റെ ആത്മകഥയിൽ ഈ വിവരങ്ങൾ പ്രസ്താവിച്ചിട്ടുണ്ടത്രേ.

**എം.സി. വർഗീസ്, ആലുവ**

■



## ആയുർ ദർശനം

**ഡോ. കെ. എം. അനൂപ്**

# ഋതുചര്യ

ഋതുക്കൾ അഥവാ കാലത്തിന്റെ അവസ്ഥകൾ ശരീരത്തിലും മനസ്സിലും ഉണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് പൗരാണികർ ബോധവാന്മാരായിരുന്നു. വസന്തകാലത്തെ ശാരീരിക പ്രത്യേകതകളും മാനസിക വ്യാപാരങ്ങളുമല്ല വർഷകാലത്തിൽ അതിൽ നിന്നും തികച്ചും ഭിന്നമാണ് വേനൽക്കാലത്തിലും ശിശിരത്തിലും സൂക്ഷ്മമായ കാലാവസ്ഥാ വ്യതിയാനങ്ങൾ പോലും മനുഷ്യനിൽ ഉളവാക്കുന്ന മാറ്റങ്ങൾ വലുതാണ്. ഋതുക്കളിലുള്ള സ്വാഭാവിക കാലാവസ്ഥകൾ ത്രിദോഷങ്ങളായ വാത, പിത്ത, കഫങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നും അവയുടെ ഏറ്റക്കുറവുകൾ ഏതൊക്കെ രോഗാവസ്ഥകളാണ് മനുഷ്യനിൽ ഉണ്ടാക്കുന്നത് എന്നുമുള്ള ശ്രദ്ധേയമായ പഠനങ്ങളാണ് ഋതുചര്യയിലേക്ക് ആചാര്യന്മാരെ നയിച്ചത്. ശരിയായ ഋതുചര്യ പാലനത്തിലൂടെ പല രോഗങ്ങളേയും നമുക്ക് പ്രതിരോധിക്കാൻ സാധിക്കും. ഇന്ന് മനുഷ്യനെ അലട്ടുന്ന പല രോഗങ്ങളും ഇത്തരത്തിൽ ഋതുക്കളുമായി ബന്ധപ്പെട്ടിട്ടുള്ള. താണ്. ഋതുക്കളെക്കുറിച്ച് അവ ശരീരത്തിലുണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള അവബോധം മനുഷ്യനെ മൺസൂൺ രോഗങ്ങൾ , വേനൽക്കാല രോഗങ്ങൾ തുടങ്ങിയ രോഗാവസ്ഥകളിൽ നിന്നും രക്ഷിക്കുന്നു. അവബോധമാണ് ശരിയായ പ്രതിരോധം. വരാൻ സാധ്യതയുള്ള രോഗങ്ങളെക്കുറിച്ച് ബോധവാന്മാരാകുകയും അവയെ തടയാനുള്ള മുൻ കരുതലുകൾ (ഭക്ഷണത്തിലൂടെയും പ്രവർത്തികളിലൂടെയും ശുചീകരണത്തിലൂടെയും) പ്രാവർത്തികമാക്കാൻ കഴിയുകയും ചെയ്താൽ സ്വാഭാവിക രോഗങ്ങളിൽ നിന്നും നമുക്ക് രക്ഷനേടാൻ സധിക്കും.

............... ശിശിരോ ഥ വസന്തശ്ച, ഗ്രീഷ്മ വർഷാശരദ്ധിമാഃ

കാലത്തെ അനേക വിധത്തിൽ വിഭജിച്ചിട്ടുണ്ടെങ്കിലും, അതിൽ സർവ്വ പ്രധാനമായിട്ടുള്ള വിഭാഗം - ദിവസം, മാസം, വർഷം (വൽസരം) എന്നുള്ളതാണ്. ഇതിൽ ദിവസത്തെ പകലെന്നും രാത്രിയെന്നും പുനർ വിഭജിച്ചിരിക്കുന്നതുപോലെ മാസത്തിനെ ശുക്ലപക്ഷമെന്നും, കൃഷ്ണപക്ഷമെന്നും വർഷത്തെ ഉത്തരായനമെന്നും, ദക്ഷിണായനമെന്നും വിഭജിച്ചിരിക്കുന്നു. കറുത്തവാവിന്റെ അടുത്ത ദിവസം മുതൽ അടുത്ത വെളുത്തവാവു വരെ ശുക്ലപക്ഷവും അതിനു ശേഷം കറുത്തവാവുവരെ കൃഷ്ണപക്ഷവുമാണ്. സൂര്യൻ തെക്കെ അറ്റത്തു നിന്നും ക്രമേണ മാറി വടക്കേ അറ്റത്തെത്തുന്നതു വരെയുള്ള കാലത്തെ ഉത്തരായനമെന്നും, വടക്കേ അറ്റത്തു നിന്നും തെക്കെ അറ്റത്ത് എത്തുന്നതുവരെയുള്ള കാലത്തെ ദക്ഷിണായനമെന്നും പറയുന്നു. ഇതിനു പുറമെ വർഷത്തെ ആറായി വീണ്ടും വിഭജിച്ചിരിക്കുന്നു. ഇതിനെ ഋതുക്കളെന്നു പറയുന്നു.

1. ശിശിരം (Jan - Feb), 2. വസന്തം (Mar - April), 3. ഗ്രീഷ്മം (May - June), 4. വർഷം (July - Aug), 5. ശരത് (sep - Oct), 6. ഹേമന്തം (Nov - Dec)

ശിശിരം, വസന്തം, ഗ്രീഷ്മം എന്നീ 3 ഋതുക്കൾ ഉത്തരായനത്തിൽ വരുന്നു. ഉത്തരായനകാലത്ത് മനുഷ്യരുടെ ബലം വളരെകുറവുള്ള കാലമാണ്. വർഷം, ശരത് ഹേമന്തം എന്നിവ ദക്ഷിണായനത്തിൽ വരുന്നതും മനുഷ്യരിൽ പ്രകൃത്യാതന്നെ ബലം കൂടുതലുള്ള കാലവുമാണ്. സ്വാഭാവികമായി തന്നെ മനുഷ്യൻ ബലവാനായിരിക്കുന്ന ഋതുക്കളിൽ ഉണ്ടാകുന്ന അസുഖങ്ങൾ വളരെ പെട്ടന്ന് ചികിത്സിച്ച് മാറ്റാൻ സാധിക്കും. എന്നാൽ ഋതു വിപര്യത്തിൽ അബലനായിരിക്കുന്നവന് ചികിത്സയ്ക്കുള്ള ഔഷധത്തിന്റെ മാത്രയും (dos) ചികിത്സാ ദൈർഘ്യവും കൂടുതലായിരിക്കും. വാത പിത്ത കഫങ്ങൾ അന്തരീക്ഷത്തിന്റെ താപ വത്യാസത്തിനും, രൂക്ഷതയ്ക്കും അനുസരിച്ച് കൂടിയും കുറഞ്ഞുമിരിക്കും. ത്രിദോഷങ്ങളുടെ ഏറ്റക്കുറച്ചിലുകളാണ് രോഗങ്ങളായി ഭവിക്കുന്നത്. അങ്ങനെ സൂക്ഷ്മമായ കാലാവസ്ഥാ പഠനങ്ങളിലൂടെയും, നിരീക്ഷണങ്ങളിലൂടെയും വരാൻ പോകുന്ന രോഗത്തെ കുറിച്ച് നമുക്ക് മനസ്സിലാക്കാൻ സാധിക്കും അതിലൂടെ രോഗങ്ങളെ പ്രതിരോധിക്കുവാനും. മനഃ ശരീരാദികളെ ആഹാര ഔഷധസേവയിലൂടെ ശക്തിമത്താക്കിവെയ്ക്കാനും നമുക്ക് സാധിക്കും. ഋതുചര്യ എന്ന വിഷയത്തിലൂടെ നമുക്കുള്ള പ്രധാന നേട്ടമതാണ്.

ആരോഗ്യ സംരക്ഷണത്തിന് ആയുർവേദത്തിന്റെ വരദാനമാണ് ഋതുചര്യ. മൺസൂൺ രോഗങ്ങളും, വേനൽക്കാല രോഗങ്ങളും, തണുപ്പുകാല രോഗങ്ങളും ശരിയായ ഋതുചര്യ പാലനത്തിലൂടെ നമുക്ക് പടിക്ക് പുറത്ത് നിർത്താം.

സർവ്വേ ജനാഃ സുഖിനോഭവന്തുഃ
സർവ്വേ സന്തുഃ നിരാമയാഃ
ശാന്തി : ശാന്തി : ശാന്തി

സർവ്വ ജീവജാലങ്ങളും സുഖമായിരിക്കട്ടെ, സർവ്വതും ആരോഗ്യത്തോടെയിരിക്കട്ടെ, ആദിദൈവികവും, ആദ്ധ്യാത്മികവും, ആദി ഭൗമികവുമായ ശാന്തി നിറയട്ടെ.

(9946661101)

## മലങ്കര സഭാ സ്വത്തിൽ അവകാശമില്ല

സമൂഹത്തിൽ നീതി ന്യായ കോടതിയുടെ വിധികൾ കാറ്റിൽ പറത്തുകയും സുപ്രീംകോടതി ഉത്തരവുകൾ അനുസരിക്കാതിരിക്കുകയും ചെയ്യുന്ന പാത്രീയർക്കീസ് കക്ഷിക്ക് മലങ്കര സഭാ സ്വത്തുക്കളിൽ അവകാശമില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണൽ വിധി. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കണ്ടനാട് ഈസ്റ്റ് ഭദ്രാസന ആസ്ഥാനമായ മൂവാറ്റുപുഴ അരമനയോട് ചേർന്നുള്ള സെന്റ് തോമസ് കത്തീഡ്രൽ പുനർനിർമ്മിക്കുന്നതിന് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസിന് മൂവാറ്റുപുഴ മുൻസിപ്പാലിറ്റി നൽകിയ പെർമിറ്റ് റദ്ദാക്കുകയും നിർമാണം നിർത്തിവയ്ക്കാൻ ഉത്തരവിടുകയും ചെയ്ത മുൻസിപ്പാലിറ്റി സെക്രട്ടറിയുടെ നടപടികളെ ചോദ്യം ചെയ്ത് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ട്രിബ്യൂണലിൽ നൽകിയ ഹർജിയിൻമേൽ ജഡ്ജി കെ. എൻ. ബാലചന്ദ്രൻ വിധി പുറപ്പെടുവിച്ചത്.

## സാമൂഹിക തിന്മകൾക്കെതിരെ ജാഗ്രത വേണം

**– കാതോലിക്കാ ബാവാ**

കോട്ടയം: ലഹരി, മതതീവ്രവാദം പോലെയുള്ള സാമൂഹിക വിപത്തുകൾക്കെതിരെ യുവസമൂഹം ജാഗ്രത പുലർത്തണമെന്നും യുവത്വം ഈ ജീർണതകളിൽ പങ്കാളികളാവരുതെന്നും പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനംകേന്ദ്ര റീജന്റെ ആഭിമുഖ്യത്തിൽ സൗത്ത് പാമ്പാടി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ സംഘടിപ്പിച്ച സ്നേഹസാഹോദര്യ ജ്വാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര വൈസ് പ്രസിഡന്റ് ഫാ. ജേക്കബ് മാത്യു ചന്ദ്രത്തിൽ അദ്ധ്യക്ഷത വഹിച്ചു. സഭാ മാനേജിംഗ് കമ്മറ്റിയംഗം ഷാജി ഏബ്രഹാം, കേന്ദ്ര സെക്രട്ടറി അഡ്വ. ജയ്സി കരിങ്ങാട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. സാമൂഹ്യ തിന്മകൾക്കെതിരെ തിരിതെളിച്ച് പ്രതിജ്ഞ എടുത്തു.


50th Wedding Anniversary of

MR. V. C. CHACKO &
MRS ANNAMMA CHACKO



*Favoured by*

Lisy Roy & Family,
Mercy Thampi & Family
Sherly Thomas & Family
Shainy Chacko & Family
Mini Sajan & Family


## മാർ പക്കോമിയോസ് സ്നേഹത്തിന്റെ ഭാവം :

**ജസ്റ്റിസ് ബഞ്ചമിൻ കോശി**

മാവേലിക്കര: പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ജനങ്ങളെ ദൈവത്തിങ്കലേക്ക് നയിച്ച സ്നേഹത്തിന്റെ ഭാവമായിരുന്നു എന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ബെഞ്ചമിൻ കോശി പ്രസ്താവിച്ചു.

മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ 30-ാം അടിയന്തിരത്തോടനുബന്ധിച്ച് തെയോഭവനിൽ നടത്തിയ അനുസ്മരണ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

മാർ പക്കോമിയോസ് തിരുമേനിയുടേത് അധികാരത്തിന്റെ സ്വരമല്ലായിരുന്നു. വിനയത്തിന്റെയും സ്നേഹത്തിന്റെതുമായിരുന്നു. ജനങ്ങളെ ദൈവികസ്നേഹത്തിൽ കോർത്തിണക്കുന്നതിന് സാധിച്ചു. താപസജീവിതത്തിന്റെ വിശുദ്ധിയിൽ ഉയർന്നതിനാൽ മനുഷ്യസമൂഹത്തെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. പ്രശസ്തനായ ധ്യാനഗുരു എന്ന നിലയിൽ വിഷയങ്ങൾ ലളിതമായി പഠിപ്പിച്ചിരുന്നു. സഭയുടെ വിശ്വാസം ജനങ്ങളെ പ്രബോധിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ച മാർ പക്കോമിയോസ് തിരുമേനി സ്നേഹത്തിൽ നിറഞ്ഞ വിനയത്തിന്റെ ഭാവമായിരുന്നു. ജസ്റ്റീസ് ബഞ്ചമിൻ കോശി പറഞ്ഞു.

ഡോ. യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനം തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു. മാർ പക്കോമിയോസ് ചാരിറ്റബിൾ ഫണ്ട് സഹായ വിതരണം ഡോ. ജോസഫ് മാർ ദിവന്നാസിയോസ് നിർവ്വഹിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ്, ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, കൊടിക്കുന്നിൽ സുരേഷ് എം.പി., ആർ രാകേഷ് എം.എൽ.എ. വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ് ജോസഫ്, അഡ്വ. കെ. ആർ മുരളീധരൻ, ഫാ. മത്തായി വിളനിലം, ഭദ്രാസന സെക്രട്ടറി ഫാ. ജേക്കബ് ജോൺ കല്ലട, സഭാ മാനേജിംഗ് കമ്മറ്റി അംഗം ഫാ. ജോൺസ് ഈപ്പൻ എന്നിവർ പ്രസംഗിച്ചു.

മാത്യൂസ് മാർ തേവോദോസിയോസ് വി. കുർബ്ബാന അർപ്പിച്ചു. ഡോ. തോമസ് മാർ അത്താനാസിയോസ്, സഖറിയാ മാർ അന്തോനിയോസ് എന്നീ മെത്രാപ്പോലീത്താമാരും സംബന്ധിച്ചു.സമ്മേളനാനന്തരം അടിയന്തിര സദ്യയും നടത്തി.

## സന്നദ്ധ പ്രവർത്തകരെ ആവശ്യമുണ്ട്

ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ "വൃദ്ധജനസംരക്ഷണവും സാന്ത്വനശുശ്രൂഷയും" എന്ന വിഷയത്തിൽ എല്ലാ ഇടവകകളിലും നടത്തുന്ന ബോധവൽക്കരണത്തിന് നേതൃത്വം നൽകുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

ഡെപ്യൂട്ടി സെക്രട്ടറി, മാനവശാക്തീകരണവിഭാഗം, കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-686004, Ph: 0481-2572800, 2578500, Email: hrm@mosc.in

## " ക്വിറ്റ് ലിക്കർ കേരള" ദിനം ആചരിച്ചു

ആലുവ: അരി ആഹാരത്തിനായി മലയാളികൾ ഒരു വർഷം ചെലവഴിക്കുന്നത് മൂവായിരം കോടി എങ്കിൽ മദ്യത്തിനായി പ്രതിവർഷം ചെലവാക്കുന്നത് പതിനായിരത്തിൽപരം കോടി രൂപയാണെന്ന യാഥാർത്ഥ്യം നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണെന്ന് കേരള മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് റവ. ഡോ. ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്ക്കോപ്പ പ്രസ്താവിച്ചു.

"'ക്വിറ്റ് ലിക്കർ കേരള' ദിനമായി കേരള മദ്യനിരോധന സമിതി ആചരിച്ച ക്വിറ്റ് ഇന്ത്യാദിനത്തിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇയ്യച്ചേര്യ കുഞ്ഞികൃഷ്ണൻ മാസ്റ്റർ ഫാ. വർഗീസ് മുഴുത്തേറ്റ്, സി.സി. സാജൻ, സി. മാമ്മച്ചൻ, കെ.പി. ദുര്യോധനൻ എന്നിവർ പ്രസംഗിച്ചു.

## കരസ്ഥമാക്കി



കേരള സർവ്വകലാശാല ബി.കോം കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആഗി അലക്സാണ്ടർ, കീഴൂടൻസിൽ അലക്സാണ്ടറിന്റെയും അന്നമ്മയുടെയും മകളാണ് തിരുവനന്തപുരം ഭദ്രാസനത്തിൽ മലപ്പേരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗവുമാണ്.



കേരള സർവ്വകലാശാല ബി.എസ്.സി. മാത്സിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ സ്റ്റെഫി ജോൺസൺ ഉണ്ണി വിലാസത്തിൽ ജോൺസന്റെയും കുഞ്ഞുമോളുടെയും മകളാണ് തിരുവനന്തപുരം ഭദ്രാസനത്തിൽ ചെറുവക്കൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗം.



കേരളാ യൂണിവേഴ്സിറ്റി ബി.കോം പരീക്ഷയിൽ 3-ാം റാങ്ക് നേടിയ തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലെ മെൽസാ സി. തോമസ്. ചങ്ങന്നൂർ പിരളശ്ശേരി സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പ്പള്ളി മുളക്കുഴ ചാരുനിൽക്കുന്നതിൽ ജോർജ് തോമസിന്റെയും സുമ തോമസിന്റെയും മകൾ.



കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിലെ ഏറ്റവും മികച്ച സേവനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയ കുസുമം പി. തോമസ് തോട്ടയ്ക്കാട് സബ്ബ് സെന്ററിലെ ലൈവ് സ്റ്റോക് ഇൻസ്പെക്ടറും വാകത്താനം സെന്റ് ജോൺസ് വലിയ പള്ളി ഇടവകാംഗവും, പാത്താമുട്ടം സെന്റ് മേരീസ് സൺഡേസ്ക്കൂൾ അദ്ധ്യാപികയുമാണ്.

## ശതാബ്ദി സ്മരണിക

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി സ്മരണിക പ്രസിദ്ധീകരിക്കുന്നു. രണ്ട് ഭാഗങ്ങളായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. ഒന്നാം ഭാഗം ലേഖനങ്ങളും രണ്ടാം ഭാഗം ചിത്ര ചരിത്രവും. സാധാരണ സ്മരണികയ്ക്കപ്പുറം മലങ്കര നസ്രാണികളുടെ ഇതുവരെയുള്ള ചരിത്രവും സംഭാവനകളും ഭാവി ദർശനങ്ങളും ഉൾക്കൊള്ളിക്കുന്ന സംരംഭം. സ്മരണികയ്ക്ക് ഉചിതമായ പേര് നിർദ്ദേശിക്കുന്നതിലേക്കും കവർപേജ് ഡിസൈൻ ചെയ്യുന്നതിലേക്കും മത്സരങ്ങളും നടത്തുന്നു. കാതോലിക്കേറ്റ് പുനഃസ്ഥാപനത്തിന്റെ നൂറാം വാർഷികവും സഭയുടെ 1960-ാം വാർഷികവും ശതാബ്ദിയുടെ എംബ്ലങ്ങളും അടങ്ങിയിരിക്കണം. ഡോ. ഏബ്രഹാം മാർ സെറാഫിം (ചെയർമാൻ) പോൾ മണലിൽ (ചീഫ് എഡിറ്റർ) മാത്യു ചെറിയാൻ (കൺവീനർ) പ്രവർത്തിക്കുന്നു.

പുരാതന രേഖകൾ, ചിത്രങ്ങൾ, വാർത്തകൾ, കവർപേജ്, പേര് ഇവകൾ അയയ്ക്കേണ്ട വിലാസം. കൺവീനർ, കാതോലിക്കേറ്റ് ശതാബ്ദി സുവനീർ, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം, ഫോൺ: 9447354948.


## വാർഷിക സമ്മേളനം

സ്ലീബാദാസ സമൂഹത്തിന്റെ 88-ാം വാർഷിക സമ്മേളനവും കുടുംബ സംഗമവും സെപ്റ്റം. 14-ന് പരുമല സെമിനാരിയിൽ നടത്തി. അഭി. സഖറിയ മാർ അന്തോണിയോസ് അദ്ധ്യക്ഷത വഹിച്ചു. പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. ശെമവൂൻ റമ്പാൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഫാ. ഡോ. റെജി മാത്യു സെമിനാർ നയിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. ഗീവർഗീസ് മാർ കൂറിലോസ്, റവ. ഔഗേൻ റമ്പാൻ, ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഡോ. ജോർജ് ജോസഫ്, ഫാ. പി. എം. ജോൺ, ഫാ. ജിയോ ജോർജ് മട്ടമ്മേൽ, സാബുപോൾ എന്നിവർ പ്രസംഗിച്ചു.





അഖില മലങ്കര ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഫാ. മാത്യൂസ് റ്റി. ജോൺ (കൂടൽ) ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട പ്രിനു റ്റി. മാത്യു (മൈലപ്ര)



സുൽത്താൻ ബത്തേരി ഭദ്രാസന അരമന മാനേജരായി നിയമിതനായ കളീയ്ക്കൽ വന്ദ്യ സ്തേഫാനോസ് റമ്പാൻ.

## പ്രതിഭാ സംഗമം

കൊല്ലം ഭദ്രാസന യുവനജപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 5-ാം തീയതി നല്ലില ബഥേൽ സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടന പള്ളിയിൽ പ്രതിഭാസംഗമം 2012 നടന്നു.

ഭദ്രാസന സെക്രട്ടറി ഫാ. എം.എം. വൈദ്യൻ അദ്ധ്യക്ഷത വഹിച്ചു. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ബഞ്ചമിൻ കോശി മുഖ്യപ്രഭാഷണം നടത്തി.

ഫാ. ജോസ് എം. ദാനിയേൽ കല്ലട, ഫാ. ജോൺ ഗീവർഗ്ഗീസ്, ഫാ. വി.ജി. കോശി വൈദ്യൻ, ഫാ. വൈ. തോമസ്, ജോൺസൺ, റ്റി.വൈ. സ്റ്റീഫൻ, ഷിജു എസ്.പി., വിജി തോമസ്, മാത്യു ജോൺ, ജോസ്സി, ജിജോ ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

## ദിവ്യസന്ദേശം സ്റ്റുഡിയോ

**ചെങ്ങന്നൂർ:** മലങ്കര ഓർത്തഡോക്സ് സഭാ വിഷ്വൽ മീഡിയാ പ്രോജക്ട് (ദിവ്യസന്ദേശം) സ്റ്റുഡിയോ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

നിർമ്മാണ കമ്മിറ്റി ഭാരവാഹികൾ: തോമസ് മാർ അത്തനാസിയോസ് (പ്രസിഡന്റ്), ഡോ. ഗീവറുഗീസ് മാർ യൂലിയോസ് (വൈസ് പ്രസിഡന്റ്) ഫാ. ബിജു റ്റി. മാത്യു (കോ-ഓഡിനേറ്റർ), തോമസ് കുതിരവട്ടം എക്സ്. എം. പി. (കൺവീനർ), പ്രൊഫ. ജോൺ മാത്യു കൂടാരത്തിൽ, ഫാ. ടൈറ്റസ് ജോൺ, പി. എം. ജോൺ കോർ എപ്പിസ്കോപ്പാ, ഫാ. തോമസ് അമയിൽ, ശാമുവേൽ മാത്യു മുളക്കുഴ, പി. എം. വർഗീസ്, മാത്യു ചെറിയാൻ (കമ്മറ്റി അംഗങ്ങൾ)


വെങ്കലത്തിൽ (ബെൽ മെറ്റൽ)
നിർമ്മിക്കുന്ന പള്ളി മണികൾ,
പള്ളിയുടെ കൊടിമരം
(കോപ്പർ, ബ്രാസ്സ് No. 1 ക്വാളിറ്റിയിൽ)
വിളക്കുകൾ മുതലായവ...

PHILIP VARGHESE
K.G. METAL STORES
Koratty, Ambalam Jn. Mannar-689622,
Alappuzha Dist.
Ph: 0479-2312192, 2312392,
Mob. 9447463698

# പിൻമൊഴി

# നീരൊഴുക്കും ഉരുൾപൊട്ടലും

കേരളത്തിന്റെ വടക്കൻ മലയോരങ്ങളിലുയർന്ന വിലാപത്തിന് സമൂഹം മുഴുവൻ ചെവികൊടുത്തു. ഉരുൾപൊട്ടലിന്റെ കുത്തൊഴുക്കിൽ ദീനരോദനം പോലുമില്ലാതെ അപ്രത്യക്ഷമായ പ്രിയപ്പെട്ട ജീവിതങ്ങൾ. മരണമേ നിന്റെ നിനവുകൾ... ജീവിതമേ നിന്റെ കിനാവുകൾ...

വരൾച്ചയ്ക്കിടയിൽ പെയ്തിറങ്ങിയ മഴയെ ഉൾക്കൊള്ളാൻ ഭൂമിയ്ക്കായില്ല എന്നതു നേര്. പക്ഷേ പറഞ്ഞും, പറയാതെയും പ്രകൃതി ചില പാഠങ്ങൾ പഠിപ്പിക്കുകയാണ്, ഒരല്പം അധികാരത്തോടെ തന്നെ. നീരൊഴുക്കും, ഉരുൾപൊട്ടലും ഒരേ പാറയിൽ നിന്നും...

മണ്ണിനും പാറയ്ക്കും വേണ്ടിയുള്ള കൊതിയാണ് മനുഷ്യനെ തിരിച്ചു കൊത്താൻ പ്രകൃതിയെ പ്രേരിപ്പിക്കുന്നതെന്നു തീർച്ച. മാറിലെപ്പാലു നുകർന്ന് വളർന്ന വൻ മാറുകീറി ചങ്കു തിന്നു- വരെയെത്തുന്ന ലാഭക്കൊതി.

രാഷ്ട്രീയ വാദികളുടെ കീശ വീർപ്പിക്കുന്ന അവിശുദ്ധ കൂട്ടുകെട്ടുകളിലൂടെ, കൊല്ലും കൊലയും, കൊലവിളിയും അധിക്ഷേപങ്ങളും കൈമുതലാക്കി നാലാംകിട ഗുണ്ടകളിലൂടെ അപകടകാരികളായഒരു ന്യൂനപക്ഷം കേരളത്തിൽ പച്ച പിടിക്കുന്നു.

പാറ ഭൂമിയുടെ അസ്ഥിയാണ് മണ്ണ് ചർമ്മമാണ്, ജലം രക്തമാണ്, മണ്ണ്-പാറ-ക്രഷർ വമ്പന്മാർ തുലയ്ക്കുന്നത് പ്രപഞ്ചത്തിന്റെ ജീവചൈതന്യത്തെയാണ്. പടിയും, കാഴ്ചകളും പടിക്കത്തെുമ്പോൾ നിയമത്തിന്റെ സ്ഥാനം പിന്നാമ്പുറത്തു തന്നെ. കൊടികളും അണ്ണാക്കും കൊണ്ട് തെരുവുകൾ കൂടി കയ്യടക്കുന്ന ചിലർ കൂട്ടിനെത്തുമ്പോൾ വിവരമുള്ളവർ പിന്നെ മിണ്ടില്ലെന്നാണ്.

ഒരു ക്രഷർ മണൽ യൂണിറ്റ് 7 കിമീ ചുറ്റളവിലുള്ള ജലം വലിച്ചെടുക്കുന്നു 10 കി.മീ പൊടി പറത്തുന്നു. അത്രയും കി.മീ വീടുകൾക്ക് പ്രകമ്പനം സൃഷ്ടിക്കുന്നു.

ഗാഡ്ഗിൽ കമ്മീഷൻ പാറ പൊട്ടിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് സ്വാഗതാർഹം തന്നെ. വീട്ടു പുരയിടങ്ങളിലെ ചെറുപാറകൾ ആവശ്യക്കാർക്ക് ഉപയോഗം നിറവേറത്തക്കവിധം അനുവദിക്കുകയും വേണം. കൊതിമൂത്ത ഖനനം നിയന്ത്രിക്കണം.

വയലുകൾ നികത്തി ഫ്ളാറ്റ്-റിയൽ എസ്റ്റേറ്റു ബിനാമികൾ കേരളത്തിൽ പകർച്ചവ്യാധിപോലെ പടരുന്നതിനു പിന്നിൽ ഈ ലഭ്യത തന്നെയാണ്, ഇവിടെ ആവശ്യത്തിന് എന്തും കിട്ടും. അത്യാവശ്യത്തിനു നിർമ്മാണ ദ്രവ്യങ്ങൾ വേണം, പക്ഷേ ലാഭക്കൊതിയന്മാർക്ക് നിക്ഷേപം വർദ്ധിപ്പിക്കാൻ ഈ ഹരിത ഭൂമിയെ ഞെക്കിപ്പിഴിയുന്നതിന് നാം കൂട്ടു നിൽക്കേണമോ?

* * * *

*ഗുണിതം: പുഴയിലെ അവസാനത്തെ മത്സ്യവും ചൂണ്ടലിട്ട് പിടിച്ച് വിറ്റ് പണം വാങ്ങിയ ശേഷം ഒരു ഞെട്ടലോടെ നാം തിരിച്ചറിയും പണം തിന്ന് വിശപ്പടക്കാനാവില്ലെന്ന്...*
*(പഴഞ്ചൊല്ല്)*

*ഖനന വിരുദ്ധ പ്രതികരണത്തിൽ പങ്കാളികളാകുവിൻ.*

*- ഫാ. മുകളിൽ*




ചേപ്പാട് പള്ളി
പെരുന്നാൾ
2012 ഒക്ടോ. 7–12 വരെ
ST. GEORGE'S
ORTHODOX SYRIAN CHURCH, CHEPPAD
ചേപ്പാട് മാർ ദീവന്നാസ്യോസ്
കബറടങ്ങിയിരിക്കുന്ന
മലങ്കരസഭയുടെ
പ്രഖ്യാപിത തീർത്ഥാടന കേന്ദ്രം
പരിശുദ്ധ ബാവാ തിരുമേനിയും അഭിവന്ദ്യ ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ജോഷ്വാ മാർ നിക്കോദിമോസ്,
സഖറിയാസ് മാർ അപ്രേം എന്നീ പിതാക്കന്മാരും നേതൃത്വം നൽകുന്നു.
സുവിശേഷ യോഗങ്ങൾ
സെമിനാറുകൾ
മാർ ദിവന്നാസ്യോസ് ചാരിറ്റബിൾ
സൊസൈറ്റിയുടെ 25–ാം വാർഷികം


India's Largest
Gold Loan Company
muthootfinance.com
Principal Partner
Muthoot Group
Muthoot Finance has touched the lives of millions of people across the country. Be it a teacher, trader, businessman, student, factory owner, defence personnel, architect, doctor, lawyer or even perhaps you. Muthoot Finance brings smiles to the faces of more than 70,000 customers everyday in over 3500 branches across the country.
Muthoot Finance
Call: 98470 91119
A Muthoot M George Enterprise | Since 1887